**എഡിറ്റോറിയൽ**

# പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ



'പരിശുദ്ധാത്മാവു വരുമ്പോൾ ശക്തി ലഭിക്കും' (അപ്പോ. പ്രവൃ. 1:8)

'പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ' എന്നു നാമകരണം ചെയ്യാവുന്ന അപ്പോസ്തലപ്രവൃത്തികളുടെ ആദ്യ അധ്യായത്തിൽ നിന്നുള്ള ശ്രദ്ധേയമായ ഒരു വാക്യം. യേശുക്രിസ്തു തന്നെ പറഞ്ഞതാണീ വചനം.

ആട്ടെ, എന്തിനു വേണ്ടിയാണ് ഈ ശക്തി? ആ വാക്യത്തിൽ യേശു അതു വിശദീകരിക്കുന്നുണ്ട്:'എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്.....ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും'.

'ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും' എന്നതിലെ ഏറ്റവും പ്രധാന പദത്തിന്റെ അടിയിൽ വരയിടുവാൻ വിശ്വാസികളോടു പറയുകയാണെന്നിരിക്കട്ടെ. അവരവരുടെ താൽപര്യമനുസരിച്ച് വ്യത്യസ്ത പദങ്ങൾക്കായിരിക്കും അടിവരയിടുക. പലരും 'ഭൂമിയുടെ അറ്റത്തോളം' (ആഹാ! അതെത്ര രസകരമാണ്!) എന്ന പദസമുച്ചയത്തിന് അടിവരയിടും. 'സാക്ഷികൾ ആകുക' എന്നതിന് അടിവരയിടുന്നവരാകും മറ്റുള്ളവർ. ('സാക്ഷികൾ' എന്നു പറയുമ്പോൾ കേവലം വാക്കുകൾ കൊണ്ടുള്ള സാക്ഷ്യത്തിനപ്പുറത്ത് ജീവിതംകൊണ്ടുള്ള സാക്ഷ്യം എന്നാണ് ഈ പദം അർത്ഥമാക്കുന്നതെന്ന് പലരും കാണുന്നില്ല. സാക്ഷികൾ എന്നാൽ രക്തസാക്ഷികൾ (martyrs) എന്നാണ് മൂല ഭാഷയിൽ). എന്നാൽ ഇതിലെ ഏറ്റവും പ്രധാനപ്പെട്ട വാക്ക് 'എന്റെ' എന്നതാണ്. 'എന്റെ' എന്നാൽ യേശുവിന്റെ. മറ്റാരെയുമല്ല, യേശുവിനെയാണ് നാം ജീവിതം കൊണ്ട് യരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷ്യപ്പെടുത്തേണ്ടത്. യേശുവിന്റെ ജീവിച്ചിരിക്കുന്ന രക്തസാക്ഷികളാകാനാണ് ശക്തിവേണ്ടത്. ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ പ്രസക്തി.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ക്രിസ്തീയലോകത്ത് വ്യത്യസ്തമായ ഒട്ടേറെ ചിന്തകളുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വിശ്വാസികളുടെ ഫലങ്ങൾ, വരങ്ങൾ എന്നീ രണ്ടു കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ വിശ്വാസിയുടെ സ്വഭാവം, ജീവിതം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ വരങ്ങൾ അവന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. യേശുവിന്റെ ജീവിതത്തിൽ അവിടുത്തേയ്ക്ക് ഫലങ്ങളും വരങ്ങളും ഉണ്ടായിരുന്നു. നമുക്കും ഇത് രണ്ടും ആവശ്യമാണ്.

എന്നാൽ ശക്തി ലഭിക്കുക എന്നു പറയുമ്പോൾ പലരും വരങ്ങളെക്കുറിച്ചു മാത്രമാണ് ചിന്തിക്കുന്നത്. പ്രവർത്തനത്തിനുള്ള ശക്തിയായാൽ എല്ലാമായി എന്നു കരുതുന്ന ഒരു കാലഘട്ടമാണിത്. ക്രിസ്തീയലോകത്തെ ഇന്നത്തെ 'പവർകോൺഫറൻസു'കൾ ശ്രദ്ധിക്കുക. അവയൊക്കെ പ്രവർത്തനങ്ങൾക്കും പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കും മാത്രമാണ് ഊന്നൽ നൽകുന്നത്. എന്നാൽ ഗലാത്യ ലേഖനത്തിൽ ജഡത്തിന്റെ 'പ്രവൃത്തികൾ'ക്കെതിരെ പറഞ്ഞിരിക്കുന്നത് ആത്മാവിന്റെ 'ഫല'മാണെന്ന് അവർ ശ്രദ്ധിക്കുന്നില്ല (5:19, 22).

ഫലം കായ്ക്കുന്നതിനും ശക്തി ആവശ്യമല്ലേ.?ഉണ്ട്.സ്ഥലപരിമിതിമൂലം ഇവിടെ നമുക്ക് ഫലം കായ്ക്കുന്നതിന്, ജീവിതംകൊണ്ട് സാക്ഷികൾ ആകുന്നതിന്, ആവശ്യമായ ശക്തിയെക്കുറിച്ചും അതിന് പരിശുദ്ധാത്മാവ് എങ്ങനെ സഹായിക്കുന്നു എന്നതിനെക്കുറിച്ചും മാത്രം ചിന്തിക്കാം. പരിശുദ്ധാത്മാവ്, നമ്മുടെ ജീവിതത്തിലൂടെ (through our life) ചെയ്യുന്ന പ്രവൃത്തികൾക്കപ്പുറത്ത് നമ്മുടെ ജീവിതത്തിൽ (in our life) ചെയ്യുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തെ, സ്വഭാവത്തെ, രൂപാന്തരപ്പെടുത്തുന്നതിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് പ്രാഥമികമായും ചെയ്യുന്നത് യേശുവിനെ നമ്മെ കാണിച്ചു തരികയാണ്. "അവൻ (സത്യത്തിന്റെ ആത്മാവ്) എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തുന്നു" (യോഹ. 16:14). യേശുവിന്റെ ജീവിതത്തിൽ നിന്ന് എടുത്ത് പരിശുദ്ധാത്മാവ് നമുക്ക് ആവശ്യമുള്ളത് നമ്മെ അറിയിച്ചു തരും.

ഇന്നത്തെ ലോകത്ത് ജീവിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളെല്ലാം ബൈബിളിലുണ്ടെന്ന് നാം പറയുമ്പോൾതന്നെ ഇന്ന് പ്രായോഗികമായി നേരിടുന്ന ചില സാഹചര്യങ്ങളുടെ മുമ്പിൽ എന്തു ചെയ്യണം, എങ്ങനെ പെരുമാറണം എന്നറിയാതെ നാം അമ്പരന്നു നിന്നുപോകാം. ആ സമയത്ത് നാം പരിശുദ്ധാത്മാവിനോട് സ്പർശ്യതയുള്ളവരാണെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ യേശുവിന്റെ ജീവിതസാഹചര്യങ്ങളിൽ നിന്നുള്ള സമാനമായ രംഗങ്ങൾ എടുത്തു കാണിക്കും. അപ്പോൾ നമുക്ക് എന്തു ചെയ്യണം, എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് വെളിച്ചം ലഭിക്കും.

യേശുവും ഇങ്ങനെതന്നെയാണ് ജീവിച്ചത്.പിതാവിനു പ്രസാദകരമായ വാക്കും പ്രവൃത്തിയുമാണ് തന്റെ ജീവിതത്തിൽ ഓരോ നിമിഷവും ഉണ്ടാകേണ്ടത് എന്ന വലിയ വാഞ്ഛയാണ് യേശുവിനെ ഏതു നിമിഷവും ഭരിച്ചിരുന്നത്. 'വിശന്നു ദാഹിക്കുക' എന്നൊരു പദപ്രയോഗം ഗിരിപ്രഭാഷണത്തിൽ (മത്തായി 5:6) നാം കാണുന്നു. വിശക്കുന്നതോ, ദാഹിക്കുന്നതോ നമുക്കു മനസ്സിലാക്കാം. എന്നാൽ ഒരേ നിമിഷം വിശക്കുകയും ദാഹിക്കുകയും ചെയ്താലോ? അത് ലഭിച്ചില്ലെങ്കിൽ മരിച്ചു പോകും എന്നതുപോലെയുള്ള അവസ്ഥയാണത്. അതിതീവ്രമായ വാഞ്ഛയെയാണത് കാണിക്കുന്നത്. യേശുവിനു പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിന് ഈ നിലയിൽ 'വിശന്നു ദാഹിക്കുന്ന' അനുഭവമാണുണ്ടായിരുന്നത്. പിതാവിന് പ്രസാദകരമായത് ചെയ്യുവാനുള്ള അതിതീവ്രമായ വാഞ്ഛ. പിതാവിന്റെ ഇഷ്ടം ചെയ്യുവാനുള്ള വഴിയിൽ 'എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു' എന്ന് യേശു ഒരിക്കൽ പറഞ്ഞത് ഓർക്കുക (മത്തായി 26:38). ഈ തീവ്രമായ വാഞ്ഛ ഉള്ളപ്പോൾതന്നെ അടുത്ത ചുവട് എങ്ങനെയാണ് വയ്ക്കേണ്ടതെന്ന് തന്റെ മനുഷ്യത്വത്തിൽ തനിക്ക് അറിയാൻ വയ്യാത്ത അവസ്ഥ. അടുത്ത ചുവട് ഇപ്പോൾ വയ്ക്കണം, എന്നാൽ അത് എങ്ങനെയായിരിക്കണം എന്നറിയില്ല. അതേസമയം തന്നെ അത് പൂർണ്ണമായും ദൈവഹിതത്തിലായിരിക്കണം.

വയ്ക്കുന്ന ചുവട് ദൈവഹിതത്തിനു പുറ



*ശേഷം പേജ് 26 ൽ*

സന്ദേശം

# ശക്തിയില്ലാത്ത ക്രിസ്തീയജീവിതത്തെ സൂക്ഷിക്കുക

**സാക് പുന്നൻ**

ഒട്ടധികം വിശ്വാസികളും പരിശുദ്ധാത്മ സ്നാനത്തിനായി കാംക്ഷിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്ന ത്.ഇതൊരു നല്ല ലക്ഷണം തന്നെ. എന്തെന്നാൽ തങ്ങളുടെ ഇന്നത്തെ ക്രിസ്തീയാനുഭവത്തിൽ അവർ അസം തൃപ്തരാണെന്നതിന്റെ ഒരു തെളിവാ ണല്ലോ ഈ കാര്യം. മാത്രമല്ല, തങ്ങൾക്ക് ഇന്നുവരെ ലഭിച്ചിട്ടുള്ളതിനെക്കാൾ ഉന്ന തമായ ഒരു ക്രിസ്തീയാനുഭവം ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുണ്ടെന്ന വസ്തുത തിരുവെഴുത്തുകളിൽനിന്നോ മ റ്റുള്ളവരുടെ സാക്ഷ്യത്തിൽനിന്നോ അവർക്കു ബോധ്യപ്പെടുകയും ചെയ്തി രിക്കുന്നു.

എന്നാൽ ഈ സാഹചര്യത്തിൽത്തന്നെ



*തങ്ങളുടെ പ്രകൃതിസിദ്ധമായ കഴിവുകൾകൊണ്ട് ദൈവത്തെ സേവിക്കുവാനുള്ള പരിശ്രമം ഇന്ന് ക്രിസ്തീയലോകത്തു കാണാം.*

> കൊരിന്തിലെ ബൈബിൾ വിശ്വാസമുള്ള കരിസ്മാറ്റിക് സഭയിൽ പരിശുദ്ധാത്മാവല്ലാത്ത വേറൊരാത്മാവു ലഭിക്കുവാനും അതേസമയം തന്നെ അതിനെപ്പറ്റി അവർ ബോധവാന്മാരല്ലാതിരിക്കാനും സാധ്യതയുണ്ടായിരുന്നു. നാം പ്രാപിച്ചത് യഥാർത്ഥത്തിൽ പരിശുദ്ധാത്മസ്നാനമാണോ അതോ അതിന്റെ വിലകുറഞ്ഞ വല്ല അനുകരണവുമാണോ എന്നു നമുക്കെങ്ങനെ അറിയാൻ കഴിയും? ഇതിലേക്കുള്ള ഒന്നാമത്തെപടി നാം വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ടെന്നു മനസ്സിലാക്കുകയാണ്.സത്യത്തെ സ്നേഹിക്കാത്തവർ വഞ്ചിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നുവെന്ന് ദൈവവചനം പഠിപ്പിക്കുന്നു.

യാണ് സാത്താൻ ആളുകളെ വഴിതെറ്റിക്കുന്നതിനു തന്റെ കള്ളനാണയങ്ങളുമായി രംഗപ്രവേശം ചെയ്യുന്നത്.ലോകാന്ത്യത്തിന്റെ നാളുകൾ വൻതോതിലുള്ള വഞ്ചനയുടെ ദിനങ്ങൾ ആയിരിക്കുമെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽപ്പോലും ദൈവമക്കൾക്ക് ഇപ്രകാരമൊരു താക്കീത് അപ്പോസ്തലനായ യോഹന്നാൻ നൽകിയിട്ടുണ്ട് : "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതാത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ."(1 യോഹ.4: 1)വഞ്ചന വളരെയധികം വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ താക്കീത് ഏറ്റവുമധികം പ്രസക്തമാണ്.

ലോകാവസാനദിനങ്ങളുടെ ലക്ഷണം എന്തായിരിക്കുമെന്ന് ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചപ്പോൾ അവിടുന്ന് ആദ്യമായിപ്പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ആരും നിങ്ങളെ തെറ്റിദ്ധരിക്കാതിരിപ്പാൻ (ഇംഗ്ലീഷ് - വഞ്ചിക്കാതിരിപ്പാൻ) സൂക്ഷിച്ചുകൊൾവിൻ !!"(മത്തായി 24 :3, 4) അതേതുടർന്ന് മൂന്നു പ്രാവശ്യം കൂടി കർത്താവ് വഞ്ചനയെപ്പറ്റി അവർക്കു താക്കീതു നൽകുന്നതായി അവിടെ നാം കാണുന്നു. (മത്തായി 24 :5, 10, 11, 24, 25). അന്ത്യകാലത്ത് വ്യാജാത്മാക്കളുടെ വഞ്ചന മൂലം പലരും വിശ്വാസം ത്യജിക്കുമെന്ന് വ്യക്തമായ ഒരു മുന്നറിയിപ്പ് പരിശുദ്ധാത്മാവു നൽകുന്നതായി പൗലോസ് തന്റെ ലേഖനത്തിൽ പ്രസ്താവിക്കുന്നു. (1 തിമോഥി 4 :1)

വീണ്ടും, കൊരിന്ത്യലേഖനത്തിൽ പൗലോസ് ഇപ്രകാരം എഴുതുന്നു: "എന്നാൽ സർപ്പം ഹവ്വയെ ഉപായത്തിൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു........ നിങ്ങൾക്കു ലഭിക്കാത്ത വേറൊരാത്മാവ്....... ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം!" (2 കോരി 11 :3,4) കൊരിന്തിലെ ബൈബിൾ വിശ്വാസമുള്ള കരിസ്മാറ്റിക് സഭയിൽ പരിശുദ്ധാത്മാവല്ലാത്ത വേറൊരാത്മാവു ലഭിക്കുവാനും അതെസമയം തന്നെ അതിനെപ്പറ്റി അവർ ബോധവാന്മാരല്ലാതിരിക്കാനും സാധ്യതയുണ്ടായിരുന്നു. അത്രമാത്രം കൗശലം നിറഞ്ഞതാണ് സാത്താന്റെ വഞ്ചന!

നാം പ്രാപിച്ചത് യഥാർത്ഥത്തിൽ പരിശുദ്ധാത്മസ്നാനമാണോ അതോ അതിന്റെ വിലകുറഞ്ഞ വല്ല അനുകരണവുമാണോ എന്നു നമുക്കെങ്ങനെ അറിയാൻ കഴിയും?

ഇതിലേക്കുള്ള ഒന്നാമത്തെപടി നാം വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ടെന്നു മനസ്സിലാക്കുകയാണ്. സത്യത്തെ സ്നേഹിക്കാത്തവർ വഞ്ചിക്കപ്പെടുവാൻ





ദൈവം അനുവദിക്കുന്നുവെന്ന് ദൈവവചനം പഠിപ്പിക്കുന്നു. (2തെസ്സ. 2 : 10 — 12) അതിനാൽ നാം വഞ്ചനയിൽ അകപ്പെടാതിരിക്കണമെങ്കിൽ നാം നമ്മോടുതന്നെ നിർദ്ദയം സത്യസന്ധരായിരിക്കുകയും എല്ലാ കാപട്യത്തിൽനിന്നും ഒഴിഞ്ഞിരിക്കയും ചെയ്യണം. സത്യമാകുന്ന ബെൽറ്റ് എല്ലാ സമയത്തും നാം ധരിക്കണം(എഫേ. 6 : 14).

യേശുക്രിസ്തു പരിശുദ്ധാത്മസ്നാനത്തെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വരുമ്പോൾ അവർ **ശക്തി** ലഭിച്ചവരായിത്തീരുമെന്നു പറഞ്ഞു (അപ്പോ. പ്ര. 1:8). മറ്റൊരവസരത്തിൽ കർത്താവ് പറഞ്ഞത് അവർ ഉയരത്തിൽ നിന്ന് (വസ്ത്രം പോലെ) **ശക്തി** ധരിച്ചവരായിത്തീരുമെന്നാണ് (ലൂക്കോസ് 24:49). യേശുവിനുതന്നെ ലഭിച്ച അഭിഷേകത്തെപ്പറ്റി പത്രോസ് സംസാരിക്കുമ്പോൾ "പരിശുദ്ധാത്മാവിനാലും **ശക്തി**യാലും ദൈവം അവനെ അഭിഷേകം ചെയ്തു" എന്നാണ് പ്രസ്താവിക്കുന്നത് (അപ്പോ. പ്ര 10:38).ദൈവം നൽകുന്ന ആത്മാവ് "**ശക്തി**യുടെ ആത്മാ"വാണ് എന്നു പൗലോസ് എഴുതുന്നു(2 തിമോഥി 1:7).ഈ എല്ലാ ദൈവവചനങ്ങളിൽ നിന്നും പരിശുദ്ധാത്മാഭിഷേകത്തിന്റെ വ്യക്തമായ അടയാളം "ശക്തി ലഭിക്കുക" എന്നതാണെന്ന് നാം ശരിക്കും മനസ്സിലാക്കുന്നു.മറ്റെന്തുതന്നെ നമുക്കു ലഭിച്ചിരുന്നാലും ശക്തി ലഭിച്ചിട്ടില്ലെങ്കിൽ ദൈവികോദ്ദേശ്യത്തിൽ നിന്നു നാം താണുപോയി എന്നതു വ്യക്തമത്രേ.

എന്നാൽ ഇന്നത്തെ ദൗർഭാഗ്യകരമായ അവസ്ഥ ഇതാണ്: പലപ്പോഴും ശക്തിക്കല്ല,അന്യഭാഷാവരത്തിനാണ് ആളുകൾ പ്രാധാന്യം കൊടുക്കുന്നത്.ആളുകൾ പരിശുദ്ധാത്മാസ്നാനം പ്രാപിക്കുമ്പോൾ (അഥവാ അതിനുശേഷം) ദൈവം അവർക്ക് അന്യഭാഷാവരം നൽകുന്നു എന്നത് ഒരു

> എല്ലാ ദൈവവചനങ്ങളിൽ നിന്നും പരിശുദ്ധാത്മാഭിഷേകത്തിന്റെ വ്യക്തമായ അടയാളം "ശക്തി ലഭിക്കുക" എന്നതാണെന്ന് നാം ശരിക്കും മനസ്സിലാക്കുന്നു.മറ്റെന്തുതന്നെ നമുക്കു ലഭിച്ചിരുന്നാലും ശക്തി ലഭിച്ചിട്ടില്ലെങ്കിൽ ദൈവികോദ്ദേശ്യത്തിൽ നിന്നു നാം താണുപോയി എന്നതു വ്യക്തമത്രേ. എന്നാൽ ഇന്നത്തെ ദൗർഭാഗ്യകരമായ അവസ്ഥ ഇതാണ്: പലപ്പോഴും ശക്തിക്കല്ല,അന്യഭാഷാവരത്തിനാണ് ആളുകൾ പ്രാധാന്യം കൊടുക്കുന്നത്.

വാസ്തവമാണ്. ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മസ്നാനത്തോടൊപ്പം ഉടനടി തന്നെ ഈ വരവും നൽകപ്പെട്ടിരുന്നു എന്നത് മാറ്റമില്ലാത്തവിധം മിക്ക സന്ദർഭങ്ങളിലും നാം കാണുന്നു. (അപ്പോ. പ്ര. 10:45,46;19:6).

അന്യഭാഷാവരമെന്നത് ദൈവം നൽകുന്ന ഒരു വരമാകയാൽ അത് നല്ലതും തികവുള്ളതുമായ ഒരു ദാനം തന്നെ. (യാക്കോബ് 1:17) അപ്പോസ്തലനായ പൗലോസ് തന്റെ രഹസ്യപ്രാർത്ഥനയിൽ ഈ വരം പതിവായി ഉപയോഗിക്കുകയും ആത്മിക വർദ്ധനയ്ക്കുതകുന്ന ഒന്നെന്ന നിലയിൽ അതിനായി സ്തോത്രം ചെയ്കയും ചെയ്തിരുന്നു. (1 കോരി 14:4, 18) ഈ വരം മുഖാന്തരം അറിയപ്പെടുന്ന ഭാഷകളുടെ പരിമിതി കൂടാതെ നമ്മുടെ ആത്മാവിനു സ്തോത്രം ചെയ്‌വാനും പ്രാർത്ഥിപ്പാനും കഴിവു ലഭിക്കുന്നു.ഹൃദയത്തിന്റെ നിറവിൽനിന്ന് മനസ്സെന്ന മാധ്യമം കൂടാതെ വായ് നേരിട്ടു സംസാരിക്കുന്നു(1 കോരി 14:14). പല

> നമുക്ക് ഇന്നാവശ്യമായിരിക്കുന്നത് കേവലമായ വേഷമല്ല, പിന്നെയോ ദൈവ സ്വഭാവത്തിലേക്കു വളരുവാനാവശ്യമായ ശക്തിയാണ്. പരിശുദ്ധാത്മാവ് നമുക്ക് ഒന്നാമതായി നൽകുന്നത് ഈ ശക്തിയ ത്രേ. നമ്മുടെ ജഡത്തിൽ വസിക്കുന്ന പ്രബലമായ മോഹങ്ങളും രാഗങ്ങളും നിമിത്തമാണ് നാം വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും കൂടെ ക്കൂടെ പാപം ചെയ്യുന്നത്. ജഡത്തിന്റെ ഈ പ്രവൃത്തികളെ അടക്കുന്ന കാര്യ ത്തിൽ ഉറച്ച തീരുമാനങ്ങളും കർക്കശ മായ ശിക്ഷണവുമെല്ലാം നിഷ്പ്രയോജ നമാണ്. ജഡമോഹങ്ങളെ ജയിക്കുന്ന തിന് ദൈവശക്തി നമുക്കാവശ്യമായിരി ക്കുന്നു.

പ്പോഴും മാനസിക സംഘർഷത്തിൽ നിന്നു വിടുതൽ പ്രാപിക്കുവാനും സാത്താന്റെ ആക്രമണത്തെ ജയിക്കു വാനും ദൈവം വച്ചിട്ടുള്ള ഒരു മാർഗ്ഗമാ ണിത്. വിശ്വാസികൾ ഭീകരമായ സമ്മർദ്ദ ത്തിൻ കീഴിൽ ജീവിക്കേണ്ടിവരുന്ന സാഹ ചര്യങ്ങളിൽ ഇത് പ്രത്യേകം പ്രയോജന കരമത്രേ.

എങ്കിലും ഈ അന്യഭാഷാവരം തന്നെയും പലപ്പോഴും കപടാനുകരണ മായിത്തീരുന്നുണ്ട്. ആളുകൾ തങ്ങളെ ത്തന്നെ ഒരു ഉന്മത്താവസ്ഥയിലാക്കിയിട്ട് പുറപ്പെടുവിക്കുന്ന അർത്ഥശൂന്യമായമായ ജല്പനത്തെയാണ് ഇന്ന് പലരും അന്യ ഭാഷാവരമെന്നു വ്യവഹരിക്കുന്നത്. അതി രിക്കട്ടെ, യഥാർത്ഥ അന്യഭാഷാവരം ഒരു വനു ലഭിക്കുന്ന സന്ദർഭത്തിൽപ്പോലും അത് ശക്തിക്ക് പകരമുള്ള ഒന്നാകുന്നി ല്ല.കർത്താവു നമുക്കു വാഗ്ദാനം ചെയ്തതു ശക്തിയാണ്. അതാണ് നമു ക്കാവശ്യവും.

പൗലോസ് അന്ത്യകാലത്തെ ക്രിസ്ത്യാ നികളെപ്പറ്റി, "അവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരാ യിത്തീരും" എന്നു പറയുന്നു. (2 തിമോഥി 3 : 5) യഥാർത്ഥ പരിശുദ്ധാത്മസ്നാ നമില്ലാത്ത ക്രിസ്തീയത്വമല്ലാതെ മറ്റെന്താ ണിത്?കർത്താവ് ഇന്ന് പരിശുദ്ധാത്മാ വിൽ സ്നാനംകഴിപ്പിക്കുന്നു എന്ന കാര്യം പല ക്രിസ്ത്യാനികളും നിഷേധിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കു ന്നത്.സുവിശേഷവിഹിതക്രിസ്ത്യാനിത്വ ത്തിന്റെ ഉപദേശങ്ങൾ അവർ ഇപ്പോഴും മുറുകെപ്പിടിക്കുന്നു (കർത്താവിനെ സ്വീക രിക്കൽ എന്ന വേഷവും ധരിക്കുന്നു ണ്ട്.എങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തിയെ അവർ ത്യജിച്ചുകളയുന്നു.)

നമുക്ക് ഇന്നാവശ്യമായിരിക്കുന്നത് കേവലമായ വേഷമല്ല, പിന്നെയോ ദൈവ സ്വഭാവത്തിലേക്കു വളരുവാനാവശ്യമായ ശക്തിയാണ്.പരിശുദ്ധാത്മാവ് നമുക്ക് ഒന്നാമതായി നൽകുന്നത് ഈ ശക്തിയ ത്രേ.നമ്മുടെ ജഡത്തിൽ വസിക്കുന്ന പ്രബലമായ മോഹങ്ങളും രാഗങ്ങളും നിമിത്തമാണ് നാം വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും കൂടെക്കൂടെ പാപം ചെയ്യുന്നത്. ജഡത്തിന്റെ ഈ പ്രവൃത്തികളെ അടക്കുന്ന കാര്യത്തിൽ ഉറച്ച തീരുമാനങ്ങളും കർക്കശമായ ശിക്ഷ ണവുമെല്ലാം നിഷ്പ്രയോജനമാണ്. (കൊലോ 2 : 20 — 23) ജഡമോഹങ്ങളെ ജയിക്കുന്നതിന് ദൈവശക്തി നമുക്കാവ ശ്യമായിരിക്കുന്നു.പരിശുദ്ധാത്മാവ് ജഡ ത്തോടും ജഡം പരിശുദ്ധാത്മാവിനോടും പോരാടിക്കൊണ്ടിരിക്കുന്നു. (ഗലാ 5 : 17) ഈ കാരണത്താലാണ് പരിശുദ്ധാത്മാവി നെപ്പറ്റിയുള്ള ഉപദേശത്തെ ജഡം ശക്തി യായി എതിർക്കുന്നത്.സാത്താനും അതിനെ എതിർക്കുന്നു.കാരണം, നിങ്ങൾ പാപത്തിൽ തുടരണമെന്നാണ് അവന്റെ ആഗ്രഹം. എന്നാൽ പരിശുദ്ധാ ത്മാവു ലഭിക്കുവാൻ നിങ്ങൾ പിന്നെയും





തുടർന്ന് ആഗ്രഹിക്കുന്നപക്ഷം വിലകു റഞ്ഞ ഒരു അനുകരണംകൊണ്ട് അവൻ നിങ്ങളെ കബളിപ്പിക്കുവാൻ ശ്രമിക്കും. എങ്കിലും ജഡത്തിലെ മോഹങ്ങളെ ജയി ക്കുവാനാവശ്യമായ ശക്തി ലഭിക്കുന്നതു വരെയും നിങ്ങൾ തൃപ്തരാകാതെ അന്വേ ഷിക്കുന്ന പക്ഷം, ദൈവം യഥാർത്ഥമായ **ആത്മശക്തി** നിങ്ങളുടെമേൽ പകർന്ന് നിങ്ങളെ സംതൃപ്തരാക്കും.ദൈവസ്വഭാവ മുള്ള ഒരു ജീവിതം നയിക്കുവാനുള്ള ശക്തി നിങ്ങൾക്കു ലഭിക്കുന്നില്ലെങ്കിൽ അന്യഭാഷാവരംകൊണ്ടുമാത്രം ഒരിക്കലും തൃപ്തിപ്പെടരുത്. പരിശുദ്ധാത്മാവ് തിരു വചനത്തിലടങ്ങിയ യേശുവിന്റെ സൗന്ദര്യം നിങ്ങൾക്കും കാണിച്ചു തരി കയും അതേ രൂപമായി നിങ്ങളെ രൂപാ ന്തരപ്പെടുത്തുകയും ചെയ്യും. (2 കൊരി 3 : 18)യേശുക്രിസ്തു തനിക്കുതന്നെ മരിച്ചവനായിത്തീർന്ന് പരിശുദ്ധാത്മശ ക്തിയാൽ നമ്മുടേതുപോലെയുള്ള ജഡ ത്തിൽ ദൈവസ്വഭാവമുള്ള ഒരു ജീവിതം നയിച്ചതുപോലെ, പരിശുദ്ധാത്മാവ് നമ്മെയും സ്വയം മരിച്ചവരായിത്തീരുവാൻ വേണ്ടി (ഇതാണ് 2 കൊരി 4 : 10-ൽ പറ യുന്ന യേശുവിന്റെ മരണം) ശക്തിപ്പെടു ത്തുകയും നമ്മുടെ ഈ മർത്ത്യജഡ ത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടു ത്തുകയും ചെയ്യും.ഈ കാരണത്താൽ യോഹന്നാൻ ഇപ്രകാരം പറയുന്നു : "ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്." (1 യോഹ 4 : 2) നിങ്ങൾക്ക് കൃപാവരങ്ങൾ നൽകു കയും എന്നാൽ ദൈവസ്വഭാവമുള്ള ഒരു ജീവിതത്തിലേക്കു നിങ്ങളെ നയിക്കാതി രിക്കുകയും ചെയ്യുന്ന വഞ്ചനയുടെ ആത്മാവിനെപ്പറ്റി ജാഗ്രത പുലർത്തുക. പരിശുദ്ധാത്മാവിന്റെ പ്രാഥമികമായ സ്വഭാവം പരിശുദ്ധിയാണ്. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം — പാപ

> നിങ്ങൾ പാപത്തിൽ തുടരണമെ ന്നാണ് സാത്താന്റെ ആഗ്രഹം. എന്നാൽ പരിശുദ്ധാത്മാവു ലഭിക്കുവാൻ നിങ്ങൾ പിന്നെയും തുടർന്ന് ആഗ്രഹി ക്കുന്നപക്ഷം വിലകുറഞ്ഞ ഒരു അനു കരണംകൊണ്ട് അവൻനിങ്ങളെ കബ ളിപ്പിക്കുവാൻ ശ്രമിക്കും. എങ്കിലും ജഡത്തിലെ മോഹങ്ങളെ ജയിക്കുവാ നാവശ്യമായ ശക്തി ലഭിക്കുന്നതുവ രെയും നിങ്ങൾ തൃപ്തരാകാതെ അന്വേഷിക്കുന്ന പക്ഷം, ദൈവം യഥാർത്ഥമായ ആത്മശക്തി നിങ്ങളു ടെമേൽ പകർന്ന് നിങ്ങളെ സംതൃപ്ത രാക്കും.പരിശുദ്ധാത്മാവ് യേശു വിന്റെസൗന്ദര്യം നിങ്ങൾക്കും കാണി ച്ചു തരികയുംനിങ്ങളെ രൂപാന്തരപ്പെ ടുത്തുകയും ചെയ്യും.

ത്തിന്റെ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യം - ഉണ്ട്. (1 കോരി 3 : 17)

രണ്ടാമതായി, പരിശുദ്ധാത്മാവു നമുക്ക് സേവനത്തിനുള്ള ശക്തി നൽകുന്നു. അനേകം വിശ്വാസികൾ തങ്ങളുടെ പ്രകൃ തിസിദ്ധമായ കഴിവുകൾകൊണ്ട് ദൈവത്തെ സേവിക്കുവാൻ പരിശ്രമിക്കു ന്നു.തങ്ങൾ ചെയ്യേണ്ട ഏക കാര്യം ദൈവികശുശ്രൂഷയ്ക്കായി തങ്ങളുടെ സ്വാഭാവികമായ കഴിവുകളും മറ്റും സമർപ്പിക്കുക മാത്രമാണെന്ന് അവർ ചി ന്തിക്കുന്നു. എന്നാൽ പരിപൂർണ്ണവും പാപ രഹിതവുമായ ജീവിതം നയിച്ചിരുന്ന യേശു തന്നെയും ആദ്യം തന്നെ പരി ശുദ്ധാത്മാഭിഷേകം പ്രാപിക്കാതെ (ലൂ ക്കോസ് 3:22) സേവനരംഗത്തേക്കു കട ക്കുവാൻ ഒരിക്കലും ഉദ്യമിച്ചില്ല. ആ അഭി ഷേകം പ്രാപിച്ചശേഷം —"ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്" എന്നു പറ

കഴിവുള്ള തലച്ചോറിനെയോ ദൈവശാസ്ത്രബിരുദങ്ങളെയോ സംഗീത നൈപുണ്യത്തെയോ സാത്താൻ ഭയപ്പെടുന്നില്ല. ലൗകികവ്യാപാരങ്ങളിലല്ലാതെ ആത്മീയ പോരാട്ടത്തിൽ ഇവയൊന്നും വിലപ്പോകുകയില്ല. അഭിഷേകം കൊണ്ടുമാത്രമേ ശത്രുവിന്റെ നുകം തകർപ്പെടുകയുള്ളൂ. സഭാചരിത്രത്തിൽ കാണപ്പെടുന്ന എല്ലാ മഹാന്മാരായ ദൈവഭൃത്യന്മാരും കർത്താവിനെ സേവിക്കയും സാത്താന്റെ പിടിയിൽ നിന്ന് ജനത്തെ മോചിപ്പിക്കയും ചെയ്തത് അഭിഷേകത്തിലൂടെയാണ്.

യുവാൻ അവിടുത്തേക്കു കഴിഞ്ഞു. (ലൂക്കോസ് 4:18).

സുവിശേഷം പ്രസംഗിക്കുന്നതിന് നമ്മുടെ പ്രകൃതിസിദ്ധമായ കഴിവുകളുടെ സമർപ്പണം കൊണ്ടു മാത്രംഒരിക്കലും മതിയാവുകയില്ല. അതിലേക്ക് നാം പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചേ മതിയാവൂ. അപ്പോൾ മാത്രമേ സാത്താന്റെ അടിമത്തത്തിൽ നിന്ന് ആളുകളെ മോചിപ്പിക്കുവാൻ നമുക്ക് കഴിവുണ്ടാവുകയുള്ളൂ. (അപ്പോ. പ്ര. 10:38) കഴിവുള്ള തലച്ചോറിനെയോ ദൈവശാസ്ത്രബിരുദങ്ങളെയോ സംഗീത നൈപുണ്യത്തെയോ സാത്താൻ ഭയപ്പെടുന്നില്ല. ലൗകികവ്യാപാരങ്ങളിലല്ലാതെ ആത്മീയ പോരാട്ടത്തിൽ ഇവയൊന്നും വിലപ്പോകുകയില്ല. അഭിഷേകം കൊണ്ടുമാത്രമേ ശത്രുവിന്റെ നുകം തകർപ്പെടുകയുള്ളൂ. (യെശയ്യാ 10:27) സഭാചരിത്രത്തിൽ കാണപ്പെടുന്ന എല്ലാ മഹാന്മാരായ ദൈവഭൃത്യന്മാരും കർത്താവിനെ സേവിക്കയും സാത്താന്റെ പിടിയിൽ നിന്ന് ജനത്തെ മോചിപ്പിക്കയും ചെയ്തത് അഭിഷേകത്തിലൂടെയാണ്. ഇപ്രകാരം ജനങ്ങളെ വിടുവിക്കാനും അനുഗ്രഹിക്കുവാനും നിങ്ങൾക്ക് കഴിവു നൽകാതെ അന്യഭാഷമാത്രം നൽകുന്ന വഞ്ചനയുടെ ആത്മാവിനെപ്പറ്റി കരുതലോടെയിരിക്കുക. കർത്താവിന്റെ ഒരു ധീര സാക്ഷിയായിത്തീർന്ന് മറ്റുള്ളവർക്ക് അനുഗ്രഹം പകരുവാനുള്ള ശക്തി ലഭിക്കുന്നതുവരെയും നിങ്ങൾ അടങ്ങിയിരിക്കരുത്. (അപ്പോ. പ്ര. 1:8)

ഹാ! കഷ്ടം! ഒട്ടേറെ ആളുകൾ ഇന്നു വഞ്ചനയിൽക്കുടുങ്ങിക്കിടക്കുന്നു! അവർക്ക് മാനസികമോ പ്രകൃത്യതീതമോ ആയ ഒരനുഭവം ഉണ്ടായിട്ടുണ്ട്. അതിനെ അവർ പരിശുദ്ധാത്മാഭിഷേകം എന്നു പേരിട്ടു വിളിക്കുന്നു. എന്നാൽ പരാജിതരായും ശക്തിയില്ലാത്തവരായും അവർ ജീവിതം നയിക്കുന്നു.

നിങ്ങൾ സത്യത്തെ സ്നേഹിക്കുന്നുവോ? അങ്ങനെയെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ വിജയവും ശക്തിയും ഉണ്ടായിട്ടില്ല എന്ന വസ്തുത അംഗീകരിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടോ? നിങ്ങൾ സത്യത്തെ സ്നേഹിച്ച് നിങ്ങളുടെ തോൽവിയടഞ്ഞ ജീവിതത്തിന് ഒരു പരിഹാരം തേടുന്നപക്ഷം ദൈവം തന്റെ പരിശുദ്ധാത്മശക്തിയെ നിങ്ങൾക്കു പകർന്നു തരും. നിങ്ങൾ വഞ്ചിതനാകുവാൻ അവിടുന്ന് അനുവദിക്കയില്ല. "ദോഷികളായ പിതാക്കന്മാർ തങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ നൽകുവാൻ മനസ്സുള്ളവനെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് – മടുത്തു പോകാതെ വീണ്ടും ചോദിച്ചുകൊണ്ടിരിക്കുന്നവർക്ക് – പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും?" (ലൂക്കോസ് 11:13Amplified).

❖





**പുതിയ പംക്തി ആരംഭിക്കുന്നു**

# കാതറിനും മാർട്ടിൻ ലൂഥറും

*"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നേയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും." (യോഹ 14:2, 3)*

*പിതാവിന്റെ ഭവനത്തിലെ അന്തേവാസികൾ ആരൊക്കെയായിരിക്കും? സ്വർഗ്ഗത്തിൽ മൂന്നു അത്ഭുതങ്ങളുണ്ടാകുമെന്ന് മാർട്ടിൻ ലൂഥർ ഒരിക്കൽ പറഞ്ഞു. ഒന്ന്: അവിടെ തീർച്ചയായും കാണും എന്നു നമ്മൾ കരുതിയ ചിലർ അവിടെ കാണുകയില്ല. രണ്ട്: അവിടെയെത്താൻ യോഗ്യതയില്ലെന്ന് നമുക്കു തോന്നിയ കുറേപ്പേരെ നമ്മൾ കാണും. മൂന്നാമത്തേത് ഏറ്റവും വലിയ അത്ഭുതം – നമ്മൾ തന്നെ അവിടെയെത്തിച്ചേരുന്നു!*

*ദൈവകൃപയാൽ മൂന്നാമത്തെ അത്ഭുതം സംഭവിച്ച് അവിടെയെത്തുമ്പോൾ നമ്മുടെ സഹവാസികൾ ആരെല്ലാമായിരിക്കും? തൊട്ടടുത്ത മുറിയിലെ താമസക്കാരൻ ആര്? തീർച്ചയായും നമുക്കു കണ്ടുമുട്ടാൻ സാധിക്കുന്ന, നമുക്കു മുമ്പ് വിടെയെത്തിച്ചേർന്ന ചിലരെ ഈ പംക്തിയിൽ നമുക്കു പരിചയപ്പെടാം. കാരണം വരോടൊപ്പമായിരിക്കാം അനന്തകാലം നമുക്ക് പാർക്കേണ്ടിവരുക.*

*ഈ ലക്കത്തിൽ വായിച്ചു തുടങ്ങുക: 'ദൈവം യോജിപ്പിച്ചത്'*

മാർട്ടിൻ ലൂഥറിനെ എല്ലാവരും അറിയും. 1517-ൽ ജർമ്മനിയിലെ വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിലിൽ തന്റെ തൊണ്ണൂറ്റി അഞ്ച് തർക്ക വിഷയങ്ങൾ പതിപ്പിച്ച് പ്രൊട്ടസ്റ്റന്റ് നവീകരണത്തിനു തുടക്കം കുറിച്ച സെമിനാരി പ്രൊഫസർ. അദ്ദേഹത്തിന്റെ ഭാര്യ കാതറിനെപ്പറ്റി പക്ഷേ കേട്ടുകാണുകയില്ല. കന്യാസ്ത്രീമഠത്തിൽ നിന്നു 'രക്ഷപ്പെട്ടു'വന്ന കാതറിൻ.

മനുഷ്യരാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യം (ലൂക്കോ. 18, 27) എന്നതിന് ഉത്തമ ഉദാഹരണമായിരുന്നു ലൂഥറിന്റെ കുടുംബജീവിതം. ലോകപ്രകാരം ചിന്തിച്ചാൽ ഇവരുടെ വിവാഹം പരാജയപ്പെടാനുള്ള സാദ്ധ്യതകളേറെയായിരുന്നു. കാരണം രണ്ടുപേരും വളരെ വ്യത്യസ്തരായിരുന്നു.അവർ വളർന്നുവന്ന സാഹചര്യങ്ങളും അങ്ങനെതന്നെ. ഒരാൾ അതിപ്രശസ്തൻ, വേദപണ്ഡിതൻ, പ്രസംഗകൻ, എഴുത്തുകാരൻ, സർവ്വോപരി പോപ്പിനെ ഒറ്റയ്ക്ക് എതിരിട്ട ധൈര്യശാലി.മറ്റെയാളോ? ജീവിതത്തിന്റെ ഭൂരിഭാഗവും കന്യാസ്ത്രീമഠത്തിൽ ചെലവിട്ട ഒരു സാധാരണക്കാരി. എടുത്തുചാടി സംസാരിക്കുന്ന ഒരു പ്രകൃതം കാതറിനു

ണ്ടായിരുന്നു. ഇഷ്ടമല്ലാത്തതു കണ്ടാൽ പെട്ടെന്ന് ദേഷ്യവും വരും.ലൂഥറാണെങ്കിൽ സൗമ്യൻ.പ്രായത്തിന്റെ പക്വതയുമുണ്ട്. പൊടിപ്പും തൊങ്ങലും ഒക്കെചേർത്ത് സാവകാശമേ സംസാരിക്കൂ. എന്തെങ്കിലും തീരുമാനിച്ചുറച്ചാൽപ്പിന്നെ ആരുപറഞ്ഞാലും മാറാത്ത കർക്കശ സ്വഭാവവുമുണ്ട്.

ബലഹീനതകളുള്ളവരായിരുന്നു അവരെന്നു ചുരുക്കം.അവരെ ഒരുമിപ്പിച്ച ദൈവത്തിനു പക്ഷേ ചില ലക്ഷ്യങ്ങളുണ്ടായിരുന്നു.അന്നു പാതിരിമാർക്ക് വിവാഹം അനുവദിച്ചിരുന്നില്ല.ബൈബിളിനു വിരുദ്ധമായി നീങ്ങിയ ജനത്തെ നേർവഴിക്കു കൊണ്ടുവരുക എന്നതായിരുന്നു ലൂഥറിന്റെ ചരിത്രദൗത്യം. വിവാഹം ബൈബിൾ വിലക്കിയിട്ടില്ല എന്നു ലൂഥറിന്റെ നവീകരണ പ്രസ്ഥാനത്തിലൂടെ തിരിച്ചറിഞ്ഞ വൈദികർ പലരും പിന്നീടു വിവാഹിതരായി. അങ്ങനെ നൂറ്റാണ്ടുകൾക്കൊടുവിൽ 'പാതിരി കുടുംബ'ങ്ങളുണ്ടായി. അത്തരം ഒരു കുടുംബം ഉത്തമ ക്രിസ്തീയ ജീവിതം നയിച്ച് വരും തലമുറയ്ക്ക് മാതൃകയാകണമെന്ന് ദൈവം ആഗ്രഹിച്ചു. പരിശുദ്ധാത്മാവിന്റെ ശബ്ദം കേട്ടു ജീവിച്ച മാർട്ടിനും കാതറിനും ദൈവേഷ്ടം പ്രാവർത്തികമാക്കാനും സാധിച്ചു.

സാത്താനും വെറുതെയിരുന്നില്ല.ആ കുടുംബത്തിനെതിരെ ഇടയ്ക്കിടയ്ക്ക് അവൻ ആഞ്ഞടിച്ചു.രോഗവും, കഷ്ടപ്പാടും മരണവും ഒക്കെയുണ്ടായി.എന്നാലതെല്ലാം അവരെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുകയാണ് ചെയ്തത്. 'ശത്രുവിന്റെ ഏതാക്രമണവും നേരിടാൻ കരുത്തുള്ള വൻകോട്ടയാണ് നമ്മുടെ ദൈവം' എന്ന ഗാനം 46-ാം സങ്കീർത്തനത്തെ ആസ്പദമാക്കി മാർട്ടിൻ ലൂഥർ എഴുതിയത് സ്വന്തം അനുഭവത്തിൽ നിന്നുമാണ്. ആശയറ്റവരെ ഇന്നും ഉത്സാഹിപ്പിക്കുന്ന ഗാനം.

അനുരാഗബദ്ധരായതുകൊണ്ട്, വിവാഹം കഴിച്ചേക്കാം എന്നു വിചാരിച്ചവരായിരുന്നില്ല അവർ. മാർട്ടിൻ ലൂഥർക്ക് ഒരു കടമ നിർവ്വഹിക്കുന്നു എന്നേ തോന്നിയുള്ളു.കാതറീനാണെങ്കിൽ, സ്നേഹിച്ച പുരുഷൻ കൈവിട്ടതുകൊണ്ട് ഒടുവിൽ മാർട്ടിനെ സ്വീകരിക്കുകയായിരുന്നു.എന്നിരുന്നാലും വിവാഹശേഷം അഗാധമായൊരു സ്നേഹം അവർക്കിടയിൽ വളർന്നു വന്നു.മാർട്ടിനെ സംബന്ധിച്ച് കാതറിൻ എല്ലാമെല്ലാമായി മാറി. വീട്ടുകാര്യങ്ങൾ ഏറ്റെടുത്ത കാതറിൻ, മാർട്ടിന്റെ ജീവിതത്തിന് ഇത്രയും കാലം ഇല്ലാതിരുന്ന അടുക്കും ചിട്ടയും കൊണ്ടുവന്നു. ഭാര്യയെ അഭിനന്ദിച്ചുകൊണ്ട്, തമാശരൂപേണയെങ്കിലും ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പരിശുദ്ധാത്മാവ് മറിച്ചുപറയുന്നില്ലെങ്കിൽ വീട്ടുകാര്യങ്ങളിലെല്ലാം ഞാൻ കേറ്റ് പറയുന്നതേ കേൾക്കൂ."

അതിസുന്ദരി എന്ന് പറയാൻ പറ്റില്ലെങ്കിലും കാതറിൻ, തന്റെ ബുദ്ധികൂർമത തെളിയിക്കുന്ന മുഖവും സംസാരരീതിയും വ്യക്തിത്വവും കൊണ്ട് ആരുടേയും ശ്രദ്ധ പിടിച്ചു പറ്റുമായിരുന്നു. "ഫ്രാൻസോ വെനിസോ പകരം തരാമെന്നു പറഞ്ഞാലും ഞാൻ എന്റെ കേറ്റിനെ കൊടുക്കുകയില്ല" എന്നു മാർട്ടിൻ പറയുകയുണ്ടായി. അവർക്കിടയിൽ രൂപപ്പെട്ട സ്നേഹബന്ധത്തെ ഇതിനെക്കാൾ നന്നായി എങ്ങനെ പ്രകടിപ്പിക്കും? ഏതാനും വർഷം മുമ്പ്, ഇവരിലാരെങ്കിലും വിവാഹിതരാകുമെന്നു പറഞ്ഞാൽ, ആരെങ്കിലുമതു വിശ്വസിക്കുമായിരുന്നോ?അഥവാ അങ്ങനെ സംഭവിച്ചാൽത്തന്നെ അതിത്രയും അനുഗ്രഹകരമാകുമെന്ന് ആർക്കു തോന്നിക്കാണും? 'ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരു





ക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല' (1 കൊരി.2:9) എന്നത് എത്ര ശരി!

ജർമ്മനിയിലെ ഐസ്‌ലേബൻ എന്ന സ്ഥലത്ത് ഒരു ചെമ്പു ഖനിപ്പണിക്കാരനായ ഹാൻസ് ലൂഥറിന്റേയും മാർഗരറ്റിന്റേയും മകനായി 1483 നവംബർ 10-ാം തീയതി മാർട്ടിൻ ജനിച്ചു. വീട്ടിലും സ്കൂളിലും കുട്ടികളെ കഠിനമായി ശിക്ഷിക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. തന്റെ മാതാപിതാക്കളുടെ കാർക്കശ്യത്തെപ്പറ്റി 'അവരുടെ ഉദ്ദേശ്യം നല്ലതായിരുന്നു' എന്നാണ് ഒരിക്കൽ അദ്ദേഹം പറഞ്ഞത്. പിൽക്കാലത്ത് തന്റെ കുഞ്ഞുങ്ങളെ ശിക്ഷിച്ചു വളർത്തിയ മാർട്ടിൻ പക്ഷേ വടിയോടൊപ്പം ആപ്പിളും കരുതാൻ മറന്നില്ല.

അപ്പനെപ്പോലെ മനസ്സു കുളിർപ്പിക്കുന്ന തമാശ പറയാനുള്ള കഴിവും അമ്മയുടെ സംഗീതവാസനയും ജന്മസിദ്ധമായി മാർട്ടിനു ലഭിച്ചു. ഗാനങ്ങൾ രചിക്കുകയും ഈണം നൽകുകയും സംഗീത ഉപകരണങ്ങൾ വായിച്ചുകൊണ്ടു പാടുകയും ചെയ്തിരുന്ന മാർട്ടിനെ 'വിറ്റൻബർഗ്ഗിലെ വാനമ്പാടി'യെന്ന് ആളുകൾ വിളിക്കുമായിരുന്നു. വിവിധ സ്കൂളുകളിലെ പഠനത്തിനൊടുവിൽ എർഫുർട്ട് സർവ്വകലാശാലയിൽ നിന്നും 1502-ൽ ബി.എ.യും മൂന്നു വർഷത്തിനുശേഷം എം.എ ഡിഗ്രിയും കരസ്ഥമാക്കി.വിശ്രമമില്ലാതെ ജോലി ചെയ്യുന്ന പ്രകൃതം ചെറുപ്പം മുതലേ മാർട്ടിനിലുണ്ടായിരുന്നു. മറ്റൊന്നും നോക്കാതെയുള്ള ഈ ജോലിഭ്രമം മൂലം പിൽക്കാലത്ത് ആരോഗ്യംപോലും വഷളാകാനിടയായി. ഇതോടൊപ്പം വായിക്കാനും പഠിക്കാനുമുള്ള ആസക്തി, അതു വഴിയുണ്ടായ വേദപുസ്തക പരിജ്ഞാനം, ബഹുഭാഷാപാണ്ഡിത്യം, ഓർമ്മശക്തി, ആശയം വ്യക്തമാക്കാനുള്ള അതീവ സാമർത്ഥ്യം തുടങ്ങിയവയെല്ലാം ക്രമേണ രൂപപ്പെട്ടുവന്നു.തനിക്ക് ശരിയെന്നു തോന്നുന്നതിൽ ഉറച്ചു നിൽക്കാനും എല്ലാ അധികാരങ്ങൾക്കും അധീശത്വത്തിനും എതിരായി നിൽക്കാനുമുള്ള മനസ്സും ഉണ്ടായി.ഇത് ഒറ്റദിവസം കൊണ്ട് സംഭവിച്ചതല്ല. വർഷങ്ങളായുള്ള ദൈവത്തിന്റെ ഇടപെടലുകളിലും ശിക്ഷണത്തിലും കരുതലിലും കൂടി കടന്നപോയ മാർട്ടിൻ ലൂഥർ താനറിയാതെ തന്നെ ദൈവത്തിന്റെ 'ഹൃദയപ്രകാരമുള്ള മനുഷ്യ'നായി മാറുകയായിരുന്നു.

ജീവിതത്തിലെ ആദ്യ വഴിത്തിരിവ് ഇരുപത്തിരണ്ടാമത്തെ വയസ്സിലാണുണ്ടായത്. മാസ്റ്റേഴ്സ് ബിരുദം കിട്ടിയതേയുള്ളു. ഇനിയെന്ത് എന്നാലോചിച്ചപ്പോൾ അപ്പന്റെ ആഗ്രഹം പോലെ നിയമപഠനത്തിന് പോകാം എന്നു തോന്നി. അങ്ങനെ പിതാവിനെ സന്തോഷിപ്പിക്കാം. എന്നാൽ തനിക്ക് ഒരിക്കലും പ്രസാദിപ്പിക്കാൻ പറ്റാത്ത സ്വർഗ്ഗീയപിതാവിനെപ്പറ്റിയുള്ള ചിന്തയും അതോടൊപ്പമുണ്ടായി. കാരണം പാപിയായ തന്റെ പ്രവൃത്തികളും പാപമുള്ളവയാണ്.കൊടുംപാപിയായ താൻ പരിശുദ്ധനായ ദൈവത്തെ പ്രസാദിപ്പിക്കുന്നതെങ്ങനെ? -ഈ വക ചിന്തകൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്ന സമയം.

ഒരു ദിവസം ലോകോളജിലേക്ക് പോകുമ്പോൾ ഭയങ്കരമായ കാറ്റും മഴയം വന്നു. കൂടെ ഇടിവെട്ടും മിന്നലും.വിജനമായ സ്ഥലത്ത് ഒറ്റയ്ക്ക്.പോരാത്തതിന് രാത്രിയും.മിന്നലേറ്റു മരിച്ചുപോകും എന്നു തന്നെ മാർട്ടിൻ കരുതി. മരണഭയത്താൽ ദൈവത്തോടു തന്റെ ജീവൻ രക്ഷിക്കണമെന്ന് പ്രാർത്ഥിച്ചു.മനസ്സിന്റെ അസ്വസ്ഥതയുടെ പാരമ്യത്തിൽ ഇങ്ങനെയൊരു പ്രതിജ്ഞയും എടുത്തു: 'ഇവിടെനിന്നു രക്ഷിക്കുമെങ്കിൽ നിയമപഠനം ഉപേക്ഷിച്ച് ഞാൻ വൈദികവൃത്തി സ്വീക

രിക്കാം!' എങ്ങനെയും ദൈവത്തെ പ്രസാദിപ്പിക്കണം എന്ന ഉൾവിളിയിൽ നിന്നും വന്ന ഒരു തീരുമാനം.അപ്പന് ഇഷ്ടക്കേടുണ്ടായാലും സ്വർഗ്ഗീയ പിതാവിന്റെ ആഗ്രഹത്തിന് വിപരീതമായി താൻ നടക്കുകയില്ല എന്ന് ആ നിമിഷം മാർട്ടിൻ നിശ്ചയിച്ചു. പിൽക്കാല ജീവിതത്തിലുടനീളം തന്റെ ജീവിതപ്രമാണമായി മാറിയ ആ സത്യം,'മനുഷ്യരെയല്ല ദൈവത്തെത്തന്നെ അനുസരിക്കണ'മെന്നത് അങ്ങനെയാണ് മനസ്സിലുറച്ചത്. അത്ഭുതമെന്നേ പറയേണ്ടു. ഇടിവെട്ടും മഴയും മാറി. മാർട്ടിൻ സുരക്ഷിതനായി ലക്ഷ്യസ്ഥാനത്തെത്തുകയും ചെയ്തു.

രണ്ടാഴ്ച കഴിഞ്ഞില്ല, തന്റെ മാതാപിതാക്കളേയും സഹപാഠികളേയും സ്തബ്ധരാക്കിക്കൊണ്ട് ദൈവത്തോട് ചെയ്ത പ്രതിജ്ഞ മാർട്ടിൻ നിറവേറ്റി. എർഫുർട്ടിലെ തന്നെ അഗസ്റ്റിൻ സന്ന്യാസമഠത്തിൽ ചേർന്നു. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം ഈ മൂന്നു വ്രതങ്ങൾ എടുത്തുകൊണ്ട് വൈദിക പഠനം ആരംഭിച്ചു. ലോകത്തോടു വിട പറഞ്ഞു സന്ന്യാസാശ്രമത്തിന്റെ ഏകാന്തതയിൽ അദ്ദേഹം പ്രാർത്ഥനയ്ക്കായി മാത്രം തന്റെ സമയം ചെലവിട്ടു. ഉപവാസവും സ്വയം ഏൽപ്പിച്ച മറ്റു ശരീരപീഡനങ്ങളും മുറപോലെ നടന്നു. ഇതൊക്കെയാണെങ്കിലും തന്റെ മനസ്സിനെ അലട്ടിയ പ്രശ്നത്തിന് കാര്യമായൊരുത്തരം ലഭിച്ചില്ല. അതായത് പരിശുദ്ധനായ ദൈവത്തെ പ്രസാദിപ്പിക്കാൻ പാപിയായ തനിക്കു കഴിയുമോ? താൻ എത്ര മാത്രം നിർമ്മലനായി മാറിയാലാണ് അതു സാദ്ധ്യമാവുക?എന്തു ചെയ്താലാണ് തനിക്കങ്ങനെയാകാൻ കഴിയുന്നത്? തന്നിലേക്കു തന്നെ നോക്കുന്ന ഒരുവൻ 'അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ' എന്നു വിലപിച്ചു പോകും.സാത്താൻ നമ്മെ അങ്ങനെ ചിന്തിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ക്രിസ്തുവിലേക്ക് നോക്കാതെ തന്നിലേക്കു നോക്കുന്ന ഒരുവന് ഒരുനന്മയും കാണാനുണ്ടാവില്ലല്ലോ. അവൻ നിരാശയിലാണ്ടു ജീവിതം കഴിക്കും.ഈ മാനസികാവസ്ഥയാണ് അപ്പോൾ മാർട്ടിനുണ്ടായിരുന്നത്. 'കൃപയാലല്ലോ നിങ്ങൾവിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല' (എഫെ. 2: 7-9) എന്ന ദൈവവചനമൊന്നും ആ ചെറുപ്പക്കാരനറിയില്ലായിരുന്നു.

സമയം കടന്നുപോയിക്കൊണ്ടിരുന്നു. മാർട്ടിന് ഇരുപത്തിനാലാമത്തെ വയസ്സിൽ റോമൻ കത്തോലിക്കാസഭയിൽ പുരോഹിതപട്ടം ലഭിച്ചു. അതിനടുത്തവർഷം 'ബൈബിൾ ശാസ്ത്ര പണ്ഡിതൻ' എന്ന ബഹുമതി.പിന്നെ 1512-ൽ ഡോക്ടറേറ്റും. ഈ സമയത്താണ് വിറ്റൻബർഗ്ഗിൽ പുതുതായി തുടങ്ങിയ യൂണിവേഴ്സിറ്റിയിൽ ലക്ചററായി നിയമനം കിട്ടിയത്. ജീവിത്തിലെ ഏറ്റവും വലിയ വഴിത്തിരിവുണ്ടായത് ഇവിടെവച്ചാണ്. ദൈവവചനം — പ്രധാനമായും റോമാലേഖനവും ഗലാത്യലേഖനവും — പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന് ഒരു മർമ്മം വെളിവായി വന്നു. നീതി ലഭിക്കുന്നത് നമ്മുടെ പ്രവൃത്തികൊണ്ടല്ല. വിശ്വാസത്താൽ ദാനമായി ലഭിക്കുന്നതാണ് അത്.നമ്മൾ എന്തെങ്കിലും ചെയ്യുന്നതുകൊണ്ടല്ല, മറിച്ച് ക്രിസ്തു നമുക്കു വേണ്ടി ചെയ്തു വച്ചതു നമ്മൾ പ്രാപിച്ചാൽ മാത്രം മതി! അതേ, 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' (റോമ 1:17, ഗലാത്യ 3:11, എബ്രായ. 10:39) എന്ന വചനത്തിന്റെ പൊരുൾ മാർട്ടിൻലൂഥറിനു വെളിപ്പെട്ടു കിട്ടുകയായിരുന്നു.

(തുടരും)





**ചിന്തയ്ക്ക്**

### സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ-4

# ശുശ്രൂഷയുടെ ആത്മീയ രഹസ്യങ്ങൾ-II

(ഈ ഉപമയിൽ ഗുരു കർത്താവും ശിഷ്യൻ സാധുസുന്ദർസിങ്ങുമാണ്.)

5.ഗുരു- ദൈവത്തിന്റെ ദാനമായി നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ശക്തികൾ പിതാവിനെയും അവിടുത്തെ സൃഷ്ടികളെയും സേവിക്കുന്നതിനായി വിനിയോഗിക്കാഞ്ഞാൽ ഈ ശക്തികൾ നിങ്ങൾക്കു നഷ്ടപ്പെട്ടു പോകാനിടയുണ്ട്.അന്ധകാരമയങ്ങളായ ചില ഗുഹകളിലെ വെള്ളത്തിന്റെ അഗാധതയിൽ ജീവിക്കുന്ന ചില മീനുകൾക്കും ടിബറ്റിലുള്ള ചില ഗുഹാവാസികളായ സന്ന്യാസിമാർക്കും നിരുപയോഗത്താൽ കണ്ണിനു കാഴ്ചയില്ലാതായി മാറുന്നത് ഇങ്ങനെയാണ്.ഒട്ടകപ്പക്ഷികൾക്കു പറക്കുന്നതിനുള്ള ശക്തി നഷ്ടപ്പെട്ടതും ചിറകുകളുടെ നിരുപയോഗത്താൽതന്നെ.അതിനാൽ ദൈവത്തിൽ നിന്നു കിട്ടിയിട്ടുള്ള താലന്തുകളും ശക്തികളും അലക്ഷ്യമായി കരുതാതിരിക്കാൻ സൂക്ഷിക്കുക. നിങ്ങളുടെ യജമാനനും ഗുരുവുമായവന്റെ അനുഗ്രഹത്തിലും മഹത്വത്തിലും ഭാഗഭാക്കുകളായിത്തീരുവാൻ തക്കവണ്ണം അവയെക്കൊണ്ടു കൈകാര്യം ചെയ്ക (മത്താ. 25:14-30).

6. ഗുരു- പലർക്കും രക്ഷയും അനുഗ്രഹവും ലഭിക്കത്തക്കവണ്ണം ചില വൻകാര്യങ്ങൾ നിവൃത്തിക്കുന്നതിനുള്ള ആവശ്യം നേരിടുമ്പോൾ പ്രായേണ ലോകരുടെ കണ്ണുകളിൽ നിസ്സാരന്മാരെന്നു വിചാരിച്ചുപോരുന്ന ചിലരെയാണ് ഞാൻ എന്റെ ആയുധങ്ങളായി ഉപയോഗിക്കുന്നത്.കാരണം, സ്വന്തം ജ്ഞാനത്തിലോ ശക്തിയിലോ അവർ അഭിമാനിക്കുകയോ പുകഴുകയോ ചെയ്യുന്നില്ല.മറിച്ച് അവർ അല്പസ്വല്പമായിട്ടെങ്കിലുമുള്ള തങ്ങളുടെ പ്രാപ്തി വലിയ വിലയുള്ളതായി വിചാരിക്കാതെ എന്നിൽതന്നെ അവരുടെ പൂർണ ആശ്രയംവച്ചുകൊണ്ട് അവർക്കുള്ള സർവസ്വവും എന്റെ സേവയ്ക്കായി ഏല്പിച്ചുതരുന്നു (1 കൊരി. 1:26-30).ദൃഷ്ടാന്തമായി അഞ്ചപ്പം കൊണ്ടും രണ്ടു മീൻകൊണ്ടും അയ്യായിരംപേരെ ഞാൻ പോഷിപ്പിച്ച സംഗതി നീ ഓർക്കുന്നുണ്ടല്ലോ.ഞാൻ അതു സാധിച്ചത് എന്റെ പന്ത്രണ്ടു ശിഷ്യന്മാരെക്കൊണ്ടല്ലായിരുന്നു. അവർ സംശയംകൊണ്ട് എന്തു ചെയ്യേണ്ടുവെന്നറിയാതെ മനസ്സു കുഴഞ്ഞിരിക്കുകയായിരുന്നു.എന്നുതന്നെയുമല്ല, ആ വലിയ പുരുഷാരത്തെ വിശപ്പടക്കുന്നതിനായി എവിടെയെങ്കിലും പറഞ്ഞയയ്ക്കണമെന്ന് എന്നോട് ആവശ്യപ്പെടുകയും ചെയ്തു.ഒരു ചെറിയ ബാലനെയാണു ഞാൻ ആ സന്ദർഭത്തിൽ ഉപയോഗിച്ചത്(യോഹ. 6:9). എന്റെ ഉപദേശങ്ങൾ കേൾക്കണമെന്നുള്ള അത്യാശയാൽ എന്നെ പിന്തുടരുന്നതിന് അവൻ തീർച്ചപ്പെടുത്തിയിരുന്നു.സാധുവായ അമ്മ അവൻ യാത്ര തിരിക്കുന്നതിനു മുമ്പേ രണ്ടുമൂന്നു ദിവസത്തേക്ക് ഉപയോഗിക്കുന്നതിനായി ഏതാനും യവത്തപ്പവും മീനും പൊതിഞ്ഞുകെട്ടി കൊടുത്തിരു

> നിനക്കു ലഭിച്ചിരിക്കുന്ന ഓരോ ദിവസവും ഓരോ വിലയേറിയ വൈരക്കല്ലാണെന്നു ധരിച്ചുകൊള്ളണം. സാരമില്ലാത്തതും, ക്ഷണഭംഗുരങ്ങളുമായ ഉല്ലാസങ്ങൾക്കായി അനേകം വിലയേറിയ ദിവസങ്ങൾ മനുഷ്യർ ഉപയോഗിച്ചു പോയിട്ടുണ്ടെങ്കിലും കഴിഞ്ഞുപോയ സമയത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കാതെ ഇനിയും തങ്ങളുടെ മുമ്പാകെ ശേഷിച്ചിരിക്കുന്ന സമയം എത്ര മാത്രം വിലയേറിയതായിരിക്കുന്നുവെന്നോർത്ത് അതേറ്റവും പ്രയോജനകരമാംവണ്ണം വിനിയോഗിച്ച് ആത്മീയമായ ധനം നേടിക്കൊള്ളണം

ന്നു.പുരുഷാരത്തിനു ഭക്ഷണം കൊടുക്കേണ്ട ആവശ്യം നേരിട്ടപ്പോൾ അവനുണ്ടായിരുന്ന സകലവും ശിഷ്യന്മാരുടെ പാദത്തിൽവച്ചു.ഗോതമ്പുറൊട്ടിയും മറ്റും കൈവശമുണ്ടായിരുന്ന ചില ധനവാന്മാർ ആ കൂട്ടത്തിലുണ്ടായിരുന്നെങ്കിലും അവ മറ്റുള്ളവർക്കു കൊടുക്കുന്നതിന് അവർക്കു മനസ്സില്ലായിരുന്നു.ആ ബാലൻ കൊണ്ടുവന്നതായ യവത്തപ്പമാണു പുരുഷാരത്തിന് അതിവിശേഷമായ ഭക്ഷണമായിത്തീർന്നത്.

7. ഗുരു- യാതൊരു നന്ദിയുമില്ലാത്ത ആളുകൾ ധാരാളമുണ്ട്.എന്തെല്ലാം അനുഗ്രഹങ്ങൾ അവർക്കു നൽകിയാലും, അവരുടെ ഉപകാരത്തിനും പ്രയോജനത്തിനുമായി അത്ഭുതകരങ്ങളായ കാര്യങ്ങൾ അവർക്കു ചെയ്തുകൊടുത്താലും, അതൃപ്തരും ഉപകാരസ്മരണയില്ലാത്തവരുമായി അവർ കാണപ്പെടാറുണ്ട്.ഇങ്ങനെയുള്ളവർ അന്യരുടെ ശുശ്രൂഷയ്ക്കും അനുഗ്രഹത്തിനുമായി ഉപയോഗിക്കപ്പെടുന്നതു തീർത്തും അസംഭവ്യമാണ്. പൊറുക്കാത്തതായ ഒരു വ്യാധി പിടിപെട്ടു 38 സംവത്സരക്കാലം കഷ്ടപ്പെട്ട ശേഷം, ഞാൻ സൗഖ്യം കൊടുത്ത ആ മനുഷ്യനെപ്പോലെയാണ് ഈ കൂട്ടർ. രോഗശാന്തി പ്രാപിച്ചശേഷം എന്നോടു കൃതജ്ഞതയുള്ളവനായും എന്നിൽ വിശ്വാസമുള്ളവനായും ഇരിക്കുന്നതിനു പകരം എന്റെ നാമംപോലും അയാൾക്ക് ഓർമ്മയില്ലാതായിപ്പോയി (യോഹ. 5:12, 13).ഈ വിധമുള്ള ആളുകളിൽ നിന്നു ലോകത്തിനു യാതൊരു അനുഗ്രഹവും ഉണ്ടാകുമെന്ന് ആശിപ്പാൻ വഴിയില്ല. ആ പാവപ്പെട്ട വിധവ ചെയ്തതുപോലെ തങ്ങൾക്കുള്ള സർവവും എന്നല്ല, തങ്ങളുടെ ഉപജീവനം മുഴുവൻ തന്നെയും, വിട്ടുകൊടുപ്പാൻ സന്നദ്ധരായവരിൽ നിന്നു മാത്രമേ മേൽപറഞ്ഞ പ്രകാരമുള്ള അനുഗ്രഹം സിദ്ധിക്കയുള്ളു (ലൂക്കോ. 21:2-4).

8. ഗുരു- യഥാർഥമായ ശുശ്രൂഷ ചെയ്യുന്നതിനും കർത്തവ്യങ്ങൾ ശരിയായി അനുഷ്ഠിക്കുന്നതിനും എന്റെ ദാസന്മാർ ജീവൻപോലും ഉപേക്ഷിക്കാൻ സന്നദ്ധരായിരിക്കണം.ഒരിക്കൽ ഒരു യുദ്ധക്കളത്തിൽവച്ചു കഠിനമായ തണുപ്പുകൊണ്ട് ഒരു കാവൽപ്പടയാളി മരിച്ചുപോയി. കാവലിനായി നിയമിച്ചിരുന്ന മറ്റു പടയാളികളെല്ലാം ഹിമത്തിന്റെ കാഠിന്യം സഹിക്കവയ്യാതെ തീ കായുന്നതിനായി മാറിപ്പൊയ്ക്കളഞ്ഞുവെങ്കിലും വിശ്വസ്തനായ ഈ പടയാളി ഒട്ടും കൂസൽകൂടാതെ ഒരു പ്രതിമപോലെ തന്റെ ജോലിസ്ഥലത്തുതന്നെ നിന്നിരുന്നു.ആ നിലയിൽത്തന്നെ അയാൾ മരിച്ചുപോകുകയാണു ചെയ്തത്.കുറെ കഴിഞ്ഞു രാജാവു വന്നു നോക്കിയപ്പോൾ ഈ പടയാളി മരണപര്യന്തം വിശ്വസ്തനായി നിന്നിരുന്നതു കണ്ടിട്ടു തന്റെ കിരീടമെടുത്തു കുറെ





നേരത്തേക്ക് അവന്റെ ശിരസ്സിൽവച്ച് ഇപ്രകാരം പറഞ്ഞു: ‘ഇപ്രകാരം സ്വാമിഭക്തിയുള്ള ഒരു ഭൃത്യൻ എന്റെ കിരീടവും ബഹുമാനവും ലഭിക്കുന്നതിനു യോഗ്യനാകുന്നു. ഇയാൾ ജീവിച്ചിരുന്നുവെങ്കിൽ ഞാൻ ഇയാളെ എന്റെ രാജ്യത്തിന്റെ അധിപതിയായി നിയമിക്കുമായിരുന്നു.’ ഇപ്രകാരം തന്നെ ഞാൻ നിയമിച്ചിട്ടുള്ള ശുശ്രൂഷയിൽ വിശ്വസ്ത ഭൃത്യന്മാർ ധീരോദാത്തരായി പ്രവർത്തിക്കേണ്ടതുണ്ട്.അപ്രകാരം തങ്ങളുടെ ജോലി നിർവഹിക്കുന്നവർക്കു നിത്യമായ രാജത്വത്തിന്റെ അക്ഷയമായ കിരീടം ഞാൻ നൽകും (2 തിമൊ. 4:7,8).

9. ഗുരു- എന്റെ സേവയ്ക്കായി ഞാൻ കൊടുത്തിരിക്കുന്ന വിലയേറിയ സമയം വൃഥാ നഷ്ടപ്പെടുത്തി കളഞ്ഞിട്ടുള്ള അനേകരുണ്ട്.എങ്കിലും മടിയും അലസതയും എല്ലാം നീക്കിക്കളഞ്ഞു തങ്ങളുടെ മുമ്പാകെ ശേഷിച്ചിരിക്കുന്ന സമയം ഏറ്റവും പ്രയോജനകരമാംവണ്ണം വിനിയോഗിക്കുന്നതിനുള്ള തക്ക അവസരം ഇതുതന്നെയാണ്.കാട്ടിൽ അലഞ്ഞു നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു നദിയുടെ കരയ്ക്കു നിന്നു വളരെ ഭംഗിയുള്ള കുറെ കല്ലുകൾ പെറുക്കിയെടുത്ത ഒരു വേട്ടക്കാരനോട് അവരെ ഉപമിക്കാം. ആ കല്ലുകളുടെ മാഹാത്മ്യത്തെയും വിലയെയും കുറിച്ച് അറിയാതെ നദിക്കരയിലുള്ള വൃക്ഷത്തിലിരുന്നിരുന്ന പക്ഷികളെ എറിയുവാനായി ആ കല്ലുകളിൽ ഓരോന്നും തന്റെ കവിണയിൽ അയാൾ ഉപയോഗിച്ചു. ഓരോ കല്ലും വെള്ളത്തിൽ വീണു നഷ്ടപ്പെട്ടുപോയി. കൈയിൽ ശേഷിച്ചിരുന്ന ഒരു കല്ലുമായി അവൻ പട്ടണത്തിലേക്കു മടങ്ങിപ്പോയി. അവൻ ചന്തയിൽക്കൂടി പോകുമ്പോൾ ഒരു രത്നവ്യാപാരി ആ കല്ലു കാണുന്നതിനിടയായി. അനേകായിരം രൂപാ വിലവരുന്ന ഒരു അമൂല്യരത്നമാണതെന്ന് ആ മൂഢനായ മനുഷ്യനോടു വ്യാപാരി പറഞ്ഞപ്പോൾ അവനുണ്ടായ സങ്കടം എത്രയെന്നു വർണിക്കാൻ പാടില്ല. ‘ഹാ! കഷ്ടം! ഈ വിലയേറിയ വൈരകല്ലുകളുടെ വില മനസ്സിലാക്കാതെ പുഴവക്കത്തിരുന്ന പക്ഷികളെ എറിയുന്നതിനു ഞാൻ അവയെ ഉപയോഗിച്ചുപോയല്ലോ. ഹാ! അവയെല്ലാം ഇപ്പോൾ നദിയിൽ വീണു നഷ്ടമായിപ്പോയല്ലോ. അല്ലാഞ്ഞാൽ ഞാൻ ഒരു കുബേരനായിത്തീരുമായിരുന്നുവല്ലോ. ഏതായാലും ഈ ഒരു വൈരക്കല്ലെങ്കിലും എന്റെ പക്കൽ ശേഷിച്ചിരിക്കയാൽ ഞാൻ ഒരുവിധം കൃതാർഥനായിരിക്കുന്നു’. ഇപ്രകാരമെല്ലാം അയാൾ സങ്കടപ്പെട്ടു കരഞ്ഞു.

നിനക്കു ലഭിച്ചിരിക്കുന്ന ഓരോ ദിവസവും ഓരോ വിലയേറിയ വൈരക്കല്ലാണെന്നു ധരിച്ചുകൊള്ളണം.സാരമില്ലാത്തതും, ക്ഷണഭംഗുരങ്ങളുമായ ഉല്ലാസങ്ങൾക്കായി അനേകം വിലയേറിയ ദിവസങ്ങൾ മനുഷ്യർ ഉപയോഗിച്ചു പോയിട്ടുണ്ടെങ്കിലും കഴിഞ്ഞുപോയ സമയത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കാതെ ഇനിയും തങ്ങളുടെ മുമ്പാകെ ശേഷിച്ചിരിക്കുന്ന സമയം എത്രമാത്രം വിലയേറിയതായിരിക്കുന്നുവെന്നോർത്ത് അതേറ്റവും പ്രയോജനകരമാംവണ്ണം വിനിയോഗിച്ച് ആത്മീയമായ ധനം നേടിക്കൊള്ളണം. ജീവനും അതോടുചേർന്നുള്ള വിലയേറിയ അനുഗ്രഹങ്ങളും കൃപയാൽ നിനക്കു ദാനംചെയ്ത എന്റെ സേവയ്ക്കായി നിന്റെ ആയുസ്സു മുഴുവൻ നീ വിനിയോഗിക്കണം.

മറ്റുള്ളവരെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കുന്നതിനായി അവ ഉപയോഗിച്ചാൽ നിനക്കു നിത്യമായ, സ്വർഗീയമായ, പ്രതിഫലം ലഭിക്കും.സംശയമില്ല. (ശുശ്രൂഷയുടെ ആത്മീയ രഹസ്യങ്ങൾ- അവസാനിക്കുന്നു)

സാക്ഷ്യം

# എന്റെ ആത്മീയയാത്ര

**ബിനോയ് ജയിംസ്**

*പ്രിയ സുഹൃത്തുക്കളേ,*

എന്റെ ഹൃദയത്തിലുള്ള ചില കാര്യങ്ങൾ മാന്യവായനക്കാരായ നിങ്ങളുമായി പങ്കുവയ്ക്കാനാണു ഞാനിവിടെ ശ്രമിക്കുന്നത്.എന്റെ ചിന്തകൾ തുറന്ന് പറയുന്നത് നിങ്ങളെ അലോസരപ്പെടുത്തുകയില്ലെന്ന് കരുതട്ടെ.ഇതേപ്പറ്റി ഒരു അഭിപ്രായം രൂപീകരിക്കുന്നതിന് മുൻപ് മുൻവിധികൂടാതെ താങ്കൾ ഈ ലേഖനം മുഴുവനും വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഒരു വീടോ കാറോ വീട്ടുപകരണമോ വാങ്ങുമ്പോൾ അതെങ്ങനെ പ്രവർത്തിക്കുമെന്നറിയാൻ നാം ഏറെ ആഗ്രഹിക്കും.എന്നാൽ അത് കുറച്ചുകാലം ഉപയോഗിച്ച് കഴിയുമ്പോൾ അതിന്റെ പ്രവർത്തനത്തിൽ നിങ്ങൾ പൂർണ തൃപ്തനായാൽ അതിനെപ്പറ്റി നിങ്ങളുടെ സുഹൃത്തുക്കളോട് പറയുവാൻ നിങ്ങൾ ആഗ്രഹിക്കുകയില്ലേ? അതിൽ തെറ്റൊന്നുമില്ലല്ലോ? നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന നന്മകൾ നിങ്ങളുടെ സുഹൃത്തുക്കൾക്കും ലഭിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കാറില്ലേ ? ഇത് തികച്ചും സാധാരണമായ ഒരു കാര്യമായല്ലേ നിങ്ങൾ ചിന്തിക്കുന്നത് ?

ആത്മീയ വിഷയങ്ങളോടുള്ള ബന്ധത്തിലും ഇപ്രകാരം തന്നെ നാം ചിന്തിക്കണമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആത്മീയമോ മതപരമോ ആയ ഒരു കാര്യത്തെപ്പറ്റി ഒരുവനു ലഭിച്ച ബോധ്യങ്ങൾ നമ്മോട് പങ്കുവെയ്ക്കുന്നത് ഒഴിവാക്കുവാനാണ് നാം സാധാരണ ശ്രമിക്കുന്നത്. അവർ പുതുതായി കണ്ടെത്തിയ സത്യത്തിന്റെ ഗുണഫലങ്ങൾ അവരെപ്പോലെ നാമും അനുഭവിക്കണമെന്ന ആഗ്രഹത്തോടെയാണ് അവരത് ചെയ്യുന്നത്. എന്നാൽ അതിനു ചെവികൊടുക്കുകയോ ഗൗരവത്തോടെ എടുക്കുകയോ ചെയ്യുകയില്ലെന്നു നിർബന്ധമുള്ളവരാണു നാം പലപ്പോഴും.അവർ പറയുന്നതെന്തും അന്ധമായി വിശ്വസിക്കുവാനല്ല ഞാൻ പറയുന്നത്, മറിച്ച് അതിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്ന് ചിന്തിക്കുവാൻ എങ്കിലും നാം തയ്യാറാകേണ്ടേ ?

എന്റെ ജീവിതം തികച്ചും ആവേശഭരിതവും സന്തോഷപൂർണ്ണവുമാക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് നിങ്ങളോട് പറയുവാൻ ഞാനാഗ്രഹിക്കുന്നു.അവയെപ്പറ്റി നിങ്ങൾ ചിന്തിക്കുകയും ഞാൻ കണ്ടെത്തിയ ഈ സത്യങ്ങൾ നിങ്ങളും കണ്ടെത്തുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ഹൃദയാഭിലാഷം.അവ കേവലം മനസ്സിലാക്കുക എന്നതിനപ്പുറം അവ നിങ്ങൾക്ക് പിൻപറ്റുവാൻ യോഗ്യമായതാണോ എന്നു സ്വയം പരിശോധിച്ചറിയണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

കേരളമെന്ന കൊച്ചു സംസ്ഥാനത്തിലെ ഒരു നാമധേയ ക്രിസ്തീയ കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്.ഞങ്ങളുടെ ഗ്രാമത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീകളും സമാധാനത്തിൽ ഒത്തൊരുമയോടെ കഴിഞ്ഞിരുന്നു. ഞായറാഴ്ചകളിൽ പള്ളിയിൽ പോകുന്നത് എന്റെ കുടുംബത്തിന്റെ ആചാരനുഷ്ഠാനങ്ങളുടെ ഭാഗമായിരുന്നു.പള്ളിക്കൂട്ടായ്മകളിൽ ഞാൻ ഒരിക്കലും സന്തോഷവാനായിരുന്നില്ല.എന്നാൽ കുടുംബത്തിലെ സമ്പ്രദായം എന്നുള്ളതിനാൽ അവയെ ഒഴിവാക്കുവാൻ ഞാൻ ശ്രമിച്ചില്ല.പരിമിതമായ നിലയിലാണെങ്കിലും അവയുടെ ഭാഗമായി നിൽക്കുവാൻ ഞാൻ പരിശ്രമിച്ചിരുന്നു.ദൈവമുണ്ടോ ഇല്ലയോ എന്നു ഗൗരവമായി ഞാൻ ചിന്തിച്ചിരുന്നില്ല.മാന്യമായ ഒരു പെരുമാറ്റ നിയമം (പ്രകൃതിയുടെ നിയമമെന്നോ ധാർമ്മികനിയമമെന്നോ ഇതിനെ വിളിക്കാം) തീർച്ചയായും നിലനിൽക്കുന്നുവെന്ന് ഞാൻ വിശ്വസിച്ചിരുന്നു. ഈ ധാർമ്മികനിയമം നിലനിൽക്കുന്നുവെങ്കിൽ ഒരു നിയമദാതാവ് (ദൈവം) ഉണ്ടെന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.തെറ്റായ ഒരു പ്രവൃത്തി ഞാൻ ചെയ്യുമ്പോൾ, അതിനെക്കുറിച്ചുള്ള ഒരു ബോധ്യം എന്റെ ഉള്ളിൽ ഉടനടി ലഭിച്ചിരുന്നു. ഇതാണ് ഈ ധാർമ്മികനിയമത്തിൽ ഞാൻ വിശ്വസിക്കുവാനുള്ള ഒരു കാരണം.ആളുകൾ നമ്മോടു തെറ്റായി പെരുമാറുമ്പോൾ നമ്മുടെ പ്രതികരണത്തിലും ഈ ധാർമ്മിക നിയമത്തിന്റെ സ്വാധീനം പ്രതിഫലിക്കുന്നു.'ഇതു ശരിയല്ല !' എന്ന് നാം വേഗത്തിൽ തന്നെ പ്രതികരിക്കുന്നു. ഇപ്രകാരം നാം പറയുമ്പോൾ വസ്തുനിഷ്ഠമായ ഒരു അളവുകോൽ, ധാർമ്മികതയോടുള്ള ബന്ധത്തിൽ നിലനിൽക്കുന്നുവെന്ന് നാം സമ്മതിക്കുകയാണ്. ഈ അളവുകോൽ സ്വയം രൂപപ്പെട്ടതാണെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്.ഇത് നമ്മെക്കാൾ ഉന്നതനായ ഒരുവന്റെ (ദൈവത്തിന്റെ) സൃഷ്ടിയാണെന്നേ വിശ്വസിക്കുവാനാകൂ.

ദൈവമില്ല എന്ന് തീർച്ചപ്പെടുത്തുവാൻ എനിക്ക് കഴിയണമെങ്കിൽ അതിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് എനിക്കു ലഭിക്കേണ്ടതുണ്ട്.ഉദാഹരണത്തിന് ജാക്ക് എന്ന വ്യക്തി പറയുന്നുവെന്നിരിക്കട്ടെ – 'റൗണ്ട് റോക്ക് എന്ന സ്ഥലത്ത് ആനകളില്ല.'ഇതു പൂർണ്ണമായും സത്യമെന്ന് ഉറപ്പിക്കുവാനായി, ജാക്കിന് റൗണ്ട് റോക്കിൽ ഒരിടത്തും ഒരാനപോലും ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.ജാക്ക് ഇപ്രകാരം പ്രസ്താവിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് അയാൾ റൗണ്ട് റോക്ക് മുഴുവൻ ചുറ്റിക്കറങ്ങി നടന്ന് പരിശോധിച്ചുവെങ്കിലും ഒരാനയെപ്പോലും കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ്. ഇതുപോലെ ഒരു നിരീശ്വരൻ 'ദൈവമില്ല' എന്നു പ്രസ്താവിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് അയാൾ സർവ്വ പ്രപഞ്ചവും ചുറ്റി നടന്ന് പരിശോധിച്ചതിനുശേഷവും അയാൾക്ക് ഒരിടത്തും ദൈവത്തെ കണ്ടെത്തുവാനായില്ല എന്നാണ്.യുക്തിപരമായി എനിക്കതിനോട് യോജിക്കുവാൻ കഴിയാഞ്ഞതിനാൽ എനിക്കൊരു നിരീശ്വരനാകാൻ കഴിഞ്ഞില്ല.മറിച്ച് എല്ലായിടത്തും ക്രമീകൃതമായ ഒരു സംവിധാനം ഞാൻ കാണുവാനിടയായി. പ്രകൃതിയിൽ സങ്കീർണ്ണമായ സകലത്തിനും ഒരു ഡിസൈനർ അഥവാ ശില്പി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഒന്നു നോക്കിയാൽ ഒരു വീടോ, കാറോ, പേനയോ, വസ്ത്രമോ, ഫോണോ, കപ്യൂട്ടറോ അങ്ങനെ എന്തായാലും ഒരുവൻ അതു രൂപകല്പന ചെയ്തേ പറ്റൂ.ശൂന്യതയിൽ നിന്ന് അവ സ്വയം രൂപപ്പെട്ട് വരികയില്ല.ലോകത്തിലെ ഏറ്റവുമധികം കാര്യക്ഷമതയുള്ള ഒരു കപ്യൂട്ടറുമായി മനുഷ്യന്റെ മസ്തിഷ്കത്തെ താരതമ്യം ചെയ്താൽ അത് ആ കപ്യൂട്ടറിനേക്കാൾ അത്യധികം മികവുറ്റതാണെന്ന് മനസ്സിലാക്കുവാൻ കഴിയും.എന്താണിത് കാണിക്കുന്നത് ?ഏറ്റവും മികച്ച കപ്യൂട്ടറിന് ഒരു ഡിസൈനർ (നിർമ്മാതാവ്) വേണമെങ്കിൽ മനുഷ്യമസ്തിഷ്കത്തിനും അപ്രകാരം ഒരു സ്രഷ്ടാവിനെ ആവശ്യമാണ്. വളരെ ലളിതമായും യുക്തിപരമായും നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത് ആ പ്രധാന ശില്പി മനുഷ്യനെയും സർവ്വ പ്രപഞ്ചത്തിനെയും സൃഷ്ടിച്ചു ദൈവമാണെന്നുള്ള യാഥാർത്ഥ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യനെ സൃഷ്ടിച്ചു ഉന്നതമായ ശക്തി അല്ലെങ്കിൽ അത്തരം ഒരു ബുദ്ധി നിലനിൽക്കുന്നുവെന്നുള്ള വിശ്വാസത്തിന്റെ തെളിവായി രണ്ട് കാര്യങ്ങളാണ് ഞാൻ നിരത്തിയത്.ഒരു ധാർമ്മികനിയമം നിലവിലുണ്ട് എന്നുള്ളതാണ് ഒന്നാമത്തെ ന്യായം, ആയ

തിനാൽ ഒരു നിയമദാതാവിനെ ആവശ്യമാണ്. രണ്ടാമത്തെ ന്യായം, പ്രകൃതിയിൽ സങ്കീർണ്ണമായ ഏതൊന്നിനും ജ്ഞാനിയായ പ്രധാനശില്പിയെ ആവശ്യമാണ് എന്നുള്ളതാണ്.

എങ്കിൽ എന്ത് ?എന്ന് നിങ്ങൾ ചോദിച്ചേക്കാം. ദൈവമുണ്ട് എന്നുള്ളത് സത്യമാണ്.എങ്കിൽ തന്നെ നമുക്ക് അവിടുത്തെ അറിയുവാൻ കഴിയുമോ?ഏതുതരത്തിലുള്ള ദൈവമാണ് അത്?ക്രിസ്ത്യൻ ദൈവമോ?ഹിന്ദുദൈവമോ?അതോ ഇസ്ലാം ദൈവമോ?ഏതാണ് ?

കേരളത്തിൽ വളർത്തപ്പെടുകയെന്നത് അത്യന്തം രസകരമായ ഒരനുഭവമാണ്. ഏതാണ്ട് എല്ലാത്തരം മതവിശ്വാസികളെയും എനിക്ക് ചുറ്റിനും ഞാൻ കാണുവാനിടയായി.ക്രിസ്ത്യാനികൾ പറയുന്നത് ബൈബിൾ സത്യമാണെന്നാണ്.മുസ്ലീംകൾ പറയുന്നത് ഖുറാൻ സത്യമെന്നാണ്. വേദങ്ങളും, രാമായണവും, മഹാഭാരതവുമാണ് സത്യഗ്രന്ഥങ്ങൾ എന്നാണ് ഹിന്ദുക്കളുടെ വാദം. ഇവയൊക്കെ സത്യമാണോ എന്ന് പരിശോധിക്കുവാൻ ഞാൻ ശ്രമിച്ചില്ല.എന്റെ വീട്ടിൽ ഒരു ബൈബിൾ ഉണ്ടായിരുന്നുവെങ്കിലും ഞാനതു വായിക്കുവാൻ ശ്രമിച്ചിട്ടേയില്ല-ചില ചടങ്ങുകളുടെ ഭാഗമായി ഏതാനും ചില ഭാഗങ്ങൾ വായിച്ചിട്ടുള്ളതൊഴിച്ചാൽ. മഹാഭാരതവും രാമായണവും ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ അതിലെ കഥകൾ ആസ്വദിക്കുവാനായി വായിക്കുവാനിടയായി. കേരളത്തിൽ വച്ചു ഖുറാൻ നേരിൽകാണുവാൻ പോലും കഴിഞ്ഞിട്ടില്ല.ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ ധാരണ, അത് ക്രിസ്തുമതത്തോട് സമാനമായതാണെന്നു മാത്രമായിരുന്നു.എന്റെ ജീവിതം എങ്ങനെ നയിക്കണമെന്നതിനെക്കുറിച്ച് എനിക്ക് സ്വയമായി ചില തത്ത്വങ്ങൾ ഉണ്ടായിരുന്നു. മറ്റുള്ളവരിൽ മതിപ്പുളവാക്കുന്ന ഒരു ജീവിതം നയിക്കുവാൻ ഞാൻ പരിശ്രമിച്ചു. എന്നെക്കുറിച്ച് മറ്റുള്ളവരുടെ മനസ്സിൽ മനോഹരമായ ഒരു ചിത്രം രൂപപ്പെടുത്തുവാൻ എനിക്ക് സാധിച്ചു.എന്നാൽ എന്റെ ഹൃദയത്തിലെ തിന്മയെക്കുറിച്ച് എനിക്ക് വ്യക്തമായ ബോധ്യം ഉണ്ടായിരുന്നു. നമ്മുടെ ഹൃദയത്തിൽ എന്തു നടക്കുന്നുവെന്ന് മറ്റുള്ളവർക്ക് കാണുവാനോ കേൾക്കുവാനോ കഴിയുകയില്ല എന്നുള്ളതു മാത്രമായിരുന്നു എന്റെ ആശ്വാസം.നിങ്ങളും അതിൽ സന്തോഷിക്കുന്നില്ലേ ?നമ്മുടെ ഹൃദയവിചാരങ്ങൾപരസ്യപ്പെടുത്തുന്ന ഒരു ഉച്ചഭാഷിണി നമ്മുടെ ഹൃദയത്തോട് ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് ഒന്നു ചിന്തിക്കുക. തീർച്ചയായും നാമൊരിക്കലും അത് ഇഷ്ടപ്പെടുന്നില്ല.

എല്ലാവരും എന്നെയൊരു നല്ലകുട്ടിയായാണ് കണ്ടിരുന്നത്.അതിനാൽ, ഒരു സ്വർഗ്ഗമുണ്ടെങ്കിൽ ചുറ്റുമുള്ളവരുടെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവം അവിടെ എന്നെ പ്രവേശിപ്പിക്കുമെന്ന് ഞാൻ കരുതിയിരുന്നു. മറ്റുള്ളവർ എന്റെ ഹൃദയം കാണുന്നില്ല എന്നുള്ളത് എന്നെ ആശ്വസിപ്പിച്ചു.

1988 ൽ ഞാൻ രണ്ടാം വർഷ ഡിഗ്രി ഫിസിക്സ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് എന്റെ കുടുംബം അമേരിക്കയിലേക്ക് കുടിയേറിയത്.ബന്ധുക്കളിൽ നല്ലൊരു പങ്കും ന്യൂയോർക്കിൽ ആയിരുന്നതിനാൽ ഞങ്ങളും അവിടെ സ്ഥിരതാമസം തുടങ്ങി. എന്റെ പഠനം തുടരുവാൻ ന്യൂയോർക്കിലെ സിറ്റി യൂണിവേഴ്സിറ്റിയിൽ ചേർന്നു.ഈ സമയത്ത് എനിക്ക് എന്റെ മാതാപിതാക്കളും സഹോദരിമാരും അടങ്ങുന്ന കുടുംബത്തെ സഹായിക്കുവാൻ ചില പാർട്ട് -ടൈം ജോലികൾ ചെയ്യേണ്ടി വന്നു. തുടർന്ന് എനിക്ക് യു.എസ്. പോസ്റ്റൽ സർവ്വീസിൽ ക്ലർക്കായി സ്ഥിരം ജോലി ലഭിച്ചു.ഞങ്ങൾ ക്നാനായ കത്തോലിക്ക പശ്ചാത്തലത്തിൽപെട്ടവർ ആയിരുന്നതിനാൽ അതുമായി ബന്ധപ്പെട്ടുള്ള സാംസ്കാരിക പരിപാടികളിൽ ഞാൻ പങ്കെടുക്കാറുണ്ടായിരുന്നു. അധികം കഴിയുന്നതിനു മുമ്പ്, എന്നെ ഞങ്ങളുടെ യുവജനവിഭാഗത്തിന്റെ നേതാവായി തിരഞ്ഞെ





ടുത്തു.ഈ സമയത്തായിരുന്നു എന്റെ ജീവിതത്തിൽ കാതലായ രൂപാന്തരം സംഭവിച്ചത്.

പോസ്റ്റോഫീസിൽ ഞാൻ കണ്ടുമുട്ടിയ എന്റെ സുഹൃത്ത് എന്നോട് ഒരിക്കൽ യേശുവിനെക്കുറിച്ച് ചിലകാര്യങ്ങൾ പങ്കുവയ്ക്കുവാനിടയായി.യേശു മടങ്ങിവരുമെന്ന് അവൻ എന്നോടു പറഞ്ഞു.അതു കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. നീയിതെങ്ങനെ അറിയുന്നുവെന്ന് ഞാൻ അവനോട് ചോദിച്ചു. ക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള വിവരങ്ങൾ ബൈബിളിൽ വളരെ വ്യക്തമായി കാണുന്നതായി അവൻ എന്നോട് പറഞ്ഞു. എന്തായാലും അവന്റെ വാക്കുകൾ എന്നിൽ ഒരു ജിജ്ഞാസ ഉളവാക്കി. യേശുവിന്റെ മടങ്ങിവരവിനെക്കുറിച്ച് കൂടുതലായി അറിയുവാൻ ഞാൻ ആഗ്രഹിച്ചു.ഞാൻ ബൈബിൾ വായിക്കുവാനാരംഭിച്ചു.എന്തായാലും ഞാൻ വളർന്നുവന്ന മതവിശ്വാസങ്ങൾ അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഈ ഗ്രന്ഥത്തിലാണല്ലോ ! ഓർക്കുക, ഞാൻ ധരിച്ചിരുന്നത് ഞാൻ വളരെ നല്ലൊരു വ്യക്തിയാണെന്നും ഒരു സ്വർഗമുണ്ടെങ്കിൽ അവിടെ ഏറ്റവുമാദ്യം കടക്കുന്നത് ഞാനായിരിക്കുമെന്നുമൊക്കെ ആയിരുന്നു.ഞാൻ ബൈബിൾ വായിക്കുവാനാരംഭിച്ചപ്പോൾ, മനുഷ്യഹൃദയം ഒരു ശവപ്പറമ്പ് പോലെയാണെന്നാണ് ബൈബിൾ വിവരിക്കുന്നത് എന്ന് ഞാൻ കണ്ടു. മാത്രമല്ല പലപ്പോഴായി പറഞ്ഞിരിക്കുന്നത് മനുഷ്യരെല്ലാം പാപികളാണെന്നും പാപസ്വഭാവത്തോടെ അവർ ജനിക്കുന്നുവെന്നുമൊക്കെയാണ്.കൂടുതൽ വായിച്ചപ്പോൾ എന്റെ വിശ്വാസങ്ങളെല്ലാം -മറ്റുള്ളവരുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ ഞാൻ നല്ലവനാണെന്നുള്ള എന്റെ ബോധ്യം -തകർന്നു വീണു.എന്റെ ഹൃദയത്തിലുള്ളതെല്ലാം പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടി എന്റെ മുമ്പിൽ ഒരുവൻ പിടിച്ചിരിക്കുന്നതുപോലെയായിരുന്നു അത്.

കൂടുതൽ വായിച്ചപ്പോൾ, യേശു ഭൂമിയിലായിരുന്നപ്പോൾ ചില വലിയ അവകാശവാദങ്ങൾ നടത്തിയതായി ഞാൻ കണ്ടു.അദ്ദേഹം അവകാശപ്പെട്ടത് താനും ദൈവവും ഒന്നാണെന്നും, താൻ മാത്രമാണ് ദൈവത്തിങ്കലേക്കുള്ള ഏക മാർഗ്ഗമെന്നും, താൻ മരിക്കുമെന്നും എന്നാൽ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുമെന്നുമൊക്കെയാണ്.ഞാൻ വീണ്ടും മനസ്സിലാക്കിയത്, ബൈബിളിന്റെ അടിസ്ഥാനത്തിൽ ഒരു മനുഷ്യൻ ഏത് മതത്തിൽപ്പെട്ടവനായാലും അവൻ വീണ്ടും ജനിച്ചുവെങ്കിൽ മാത്രമേ ക്രിസ്ത്യാനിയായിത്തീരുകയുള്ളൂ.ലളിതമായിപ്പറഞ്ഞാൽ വീണ്ടും ജനനമെന്നുള്ളത് ആത്മീയമായുള്ള ഒരു പുതിയ തുടക്കമാണ്.നിങ്ങൾ ഒരു പാപിയാണെന്ന് സമ്മതിക്കുകയും നിങ്ങളുടെ സ്വയം പ്രവൃത്തികൾകൊണ്ട് ദൈവത്തോട് നിരക്കുവാൻ കഴിയാത്തതിനാൽ ക്രിസ്തു നിങ്ങൾക്കായി ചെയ്ത പ്രവൃത്തികളിൽ (അവിടുന്ന് ക്രൂശിൽ മരിക്കുകയും മൂന്നാം നാൾ ഉയിർക്കുകയും ചെയ്തു) നിങ്ങൾ ആശ്രയിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രമാക്കിയുള്ള ഒരു പുതിയ ജീവിതം ആരംഭിക്കുകയും ചെയ്യുന്നു.

എനിക്കുണ്ടായ ബോധ്യം വളരെ വലുതായിരുന്നതിനാൽ ഒരു തീരുമാനത്തിൽ എനിക്ക് എത്തേണ്ടതായി വന്നു. ഒന്നുകിൽ ഞാൻ വായിച്ചതെല്ലാം അവഗണിച്ച് മുമ്പോട്ട് പോകുക.അല്ലെങ്കിൽ എന്റെ ജീവിതം ക്രിസ്തുവിനായിക്കൊടുക്കുക. ഇപ്രകാരം ഒരു പുതിയ തുടക്കം ഉണ്ടാക്കുക.'ജീവിതം ക്രിസ്തുവിനായി സമർപ്പിക്കുക' എന്നുള്ളത് ജീവിത ശൈലിയിൽ ഉണ്ടാകേണ്ട സമൂലമായ മാറ്റത്തെയാണ് കാണിക്കുന്നതെന്ന് ഞാൻ അറിഞ്ഞു.

(തുടരും)

**മൊഴിമാറ്റം: ബോബി കുര്യൻ**

**തിരുവെഴുത്തുകളെ പരിശോധിക്കുക**



# ബൈബിളിലൂടെ...

## അപ്പോസ്തലപ്രവൃത്തികൾ

**അധ്യായം 21**

അപ്പോസ്തല പ്രവൃത്തി 21:3,4 ഭാഗത്ത് ജഡികവും ആത്മീയവുമായ പ്രവചനങ്ങൾ തമ്മിലുള്ള വ്യത്യാസം നാം കാണുന്നു. സോരിൽവച്ച് ചില ക്രിസ്ത്യാനികൾ പ്രവചിക്കുകയും പൗലൊസ് യെരുശലേമിലേക്കു പോകരുതെന്ന് അദ്ദേഹത്തിനു മുന്നറിയിപ്പ് നൽകുകയും ചെയ്തു. അവർ സദുദ്ദേശ്യമുള്ള നല്ല വിശ്വാസികളായിരുന്നു; പക്ഷേ പുതിയനിയമ പ്രവചനത്തിന്റെ പരിധി പാലിക്കുവാൻ അവർക്കറിഞ്ഞുകൂടായിരുന്നു. അവരുടെ മനസ്സിൽ വരുന്നതെന്തും "കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു —" എന്ന മുഖവുരയോടെ അവർ പറഞ്ഞുപോന്നു; അതാണ് പ്രവചനം എന്നവർ കരുതി. ഇന്നും ഒട്ടധികംപേർ അപ്രകാരം ചെയ്യുന്നു.

അല്പം കഴിഞ്ഞ് ഒരു യഥാർത്ഥ പ്രവാചകനായ അഗബൊസ് വന്നു പ്രവചിച്ചു. (21:11) പക്ഷേ എവിടെ നിർത്തണം എന്ന്അദ്ദേഹത്തിന് അറിയാമായിരുന്നു. പൗലൊസ് യരുശലേമിൽ വച്ചു ബന്ധിക്കപ്പെടും എന്നു മാത്രം അദ്ദേഹം പറഞ്ഞു. പക്ഷേ പൗലൊസ് യെരുശലേമിൽ പോകണമോ വേണ്ടയോ എന്ന് അദ്ദേഹം പറഞ്ഞില്ല. 11-ാം അധ്യായത്തിൽ നാം നേരത്തെ കണ്ടതുപോലെ പുതിയനിയമ പ്രവചനത്തിൽ ഭാവിയെപ്പറ്റി മുന്നറിയിപ്പുകൾ ചിലപ്പോഴുണ്ടാകാമെങ്കിലും വിശ്വാസി എന്തു ചെയ്യണം / ചെയ്യേണ്ടാ എന്ന കാര്യത്തെപ്പറ്റി ഒരു നിർദ്ദേശവും ഒരിക്കലും കാണുകയില്ല. പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് വന്നശേഷം എല്ലാവർക്കും പിതാവിന്റെ ഹിതം സ്വയം അറിയുവാൻ സാധിക്കും. (എബ്രാ. 8:11) ബൈബിളിൽ പെന്തക്കോസ്ത് നാളിനുശേഷം എന്തു ചെയ്യണം ചെയ്യേണ്ട എന്നു പറയുന്ന പ്രവചനത്തിന്റെ ഒറ്റ ഉദാഹരണം പോലുമില്ല. ഇപ്പോൾ ജഡികപ്രവചനവും ആത്മീയപ്രവചനവും തമ്മിലുള്ള അന്തരം മനസ്സിലായോ?



*ഇന്നതു ചെയ്യണം, ചെയ്യേണ്ട എന്ന പ്രവചനങ്ങൾ നടത്തുന്ന ആൾക്കാരെ നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ നിങ്ങൾ ദൈവഹിതത്തിന്റെ വഴിയിൽ നിന്ന് അകന്നുപോകുവാനിടയാകും.*





അതുകൊണ്ട് പൗലൊസ് യെരുശലേമിൽ പോയി. ദൈവേഷ്ടത്തിലാണോ പൗലൊസ് പോയത്? തീർച്ചയായും, അതേ. കർത്താവ് യെരുശലേമിൽ പൗലൊസിനു പ്രത്യക്ഷനായി ഇപ്രകാരം പറഞ്ഞു: "പൗലൊസേ, ധൈര്യമായിരിക്ക. നീ എന്നെക്കുറിച്ച് യെരുശലേമിൽ സാക്ഷീകരിച്ചതു പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു." (അപ്പൊ. 23:11) യെരുശലേമിൽ അദ്ദേഹം ദൈവഹിതത്തിലാണ് നില്ക്കുന്നതെന്ന് കർത്താവ് വ്യക്തമായി പൗലൊസിനോടു പറഞ്ഞു.

നല്ലവരും എന്നാൽ പക്വതയില്ലാത്തവരുമായ ക്രിസ്ത്യാനികളെ ശ്രദ്ധിച്ചിരുന്നുവെങ്കിൽ പൗലൊസ് യെരുശലേമിലും റോമയിലും പോകുകയില്ലായിരുന്നു. ദൈവഹിതത്തിന്റെ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കുവാൻ അദ്ദേഹത്തിന് ഇടവരുമായിരുന്നു. റോമിലെ കാരാഗൃഹത്തിൽ വച്ചാണ് അദ്ദേഹം എഫെസ്യർക്കും ഫിലിപ്പ്യർക്കും കൊലൊസ്യർക്കും ഉള്ള ലേഖനങ്ങൾ എഴുതിയത്.തങ്ങളിലൂടെ കർത്താവാണ് സംസാരിച്ചതെന്ന് തെറ്റായി സ്വയം സങ്കല്പിച്ച സോരിലെ പോലെയുള്ള പ്രവാചകന്മാരെ പൗലൊസ് ശ്രദ്ധിച്ചിരുന്നുവെങ്കിൽ നമുക്കീ ലേഖനങ്ങൾ ലഭിക്കയില്ലായിരുന്നു. ഇന്നതു ചെയ്യണം, ചെയ്യേണ്ട എന്ന പ്രവചനങ്ങൾ നടത്തുന്ന ആൾക്കാരെ നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ നിങ്ങൾ ഇന്നും ദൈവഹിതത്തിന്റെ വഴിയിൽ നിന്ന് അകന്നുപോകുവാനിടയാകും.

> പൗലൊസിന്റെ ജീവിതത്തിലെ മറ്റൊരു രഹസ്യം നാം കാണുന്നു. താൻ "സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിച്ചില്ല" എന്നതായിരുന്നു അത്. കർത്താവ് പൗലൊസിനെ ദമസ്കോസിലേക്കുള്ള യാത്രയിൽ കണ്ടുമുട്ടിയപ്പോൾ തന്റെ മുഴുജീവിതത്തിന്റെയും ഒരു രൂപരേഖ അദ്ദേഹത്തിനു നൽകിയില്ല.ഒരു സമയം ഒരു ചുവടു മാത്രമേ കർത്താവ് കാണിച്ചുള്ളു. പൗലൊസ് അതനുസരിക്കയും ചെയ്തു. ഒരു സമയം ഒരു ചുവടു മാത്രം. ഈ വിധത്തിൽ ജീവിക്കുവാനാണ് നമ്മെയും ദൈവം വിളിച്ചിട്ടുള്ളത്.

പക്ഷേ മനുഷ്യരെ വിട്ട് പരിശുദ്ധാത്മാവിനെ ശ്രദ്ധിച്ച പൗലൊസിനെപ്പറ്റി 21-ാം അധ്യായത്തിൽ നാം വായിക്കുമ്പോൾ തന്നെ, ആത്മാവിന്റെ ഉപദേശമല്ല, മനുഷ്യരുടെ ഉപദേശവും കേട്ട് തന്റെ ക്രിസ്തീയജീവിതത്തിൽ ഏറ്റവും വലിയ ഒരു തെറ്റ് പൗലൊസ് ചെയ്തതായി നാം വായിക്കുന്നു. 21:18-26 വാക്യങ്ങളിൽ യെരുശലേം സഭയുടെ നേതാവായിരുന്ന യാക്കോബിൽ നിന്നുള്ള സമ്മർദ്ദത്തിനു വഴങ്ങി പൗലൊസ് ചില ദേവാലയാചാരങ്ങൾ ചെയ്യുന്നതായും തല ക്ഷൗരം ചെയ്യിക്കുന്നതായും നാം വായിക്കുന്നു. തങ്ങളുടെ ഹൃദയത്തിലെ പരിശുദ്ധാത്മാവിന്റെ ആന്തരികസാക്ഷ്യം ശ്രദ്ധിക്കുന്നതു

നിർത്തുമ്പോൾ ഏറ്റവും വലിയ ദൈവഭൃത്യന്മാർ പോലും എങ്ങനെ പരാജയമടയുന്നുവെന്ന് ഈ ഭാഗം നമുക്കു കാണിച്ചുതരുന്നു.

### അധ്യായം 24

24:16ലെ പൗലൊസിന്റെ സാക്ഷ്യത്തിൽ തന്റെ ജീവിതത്തിന്റെ ഒരു വലിയ രഹസ്യം നാം കാണുന്നു. അതിതാണ്: ''ദൈവത്തോടും മനുഷ്യരോടും എപ്പോഴും കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി പാലിക്കുവാൻ ഞാൻ ശ്രമിക്കുന്നു.''ഒരു നിമിഷം പോലും അദ്ദേഹം തന്റെ മനസ്സാക്ഷിയിൽ പാപത്താലുള്ള കളങ്കം ബാധിക്കുവാൻ അനുവദിച്ചില്ല. അത് ദൈവത്തോടും മനുഷ്യനോടും ഏറ്റുപറഞ്ഞ് ഉടൻ തന്നെ കാര്യങ്ങൾ ക്രമീകരിക്കുവാൻ പൗലൊസ് ശ്രദ്ധിച്ചിരുന്നു.

### അധ്യായം 26

26:19-ൽ പൗലൊസിന്റെ ജീവിതത്തിലെ മറ്റൊരു രഹസ്യം നാം കാണുന്നു. താൻ "സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിച്ചില്ല" എന്നതായിരുന്നു അത്. കർത്താവ് പൗലൊസിനെ ദമസ്കോസിലേക്കുള്ള യാത്രയിൽ കണ്ടുമുട്ടിയപ്പോൾ തന്റെ മുഴുജീവിതത്തിന്റെയും ഒരു രൂപരേഖ അദ്ദേഹത്തിനു നൽകിയില്ല.ഒരു സമയം ഒരു ചുവടു മാത്രമേ കർത്താവ് കാണിച്ചുള്ളു. പൗലൊസ് അതനുസരിക്കയും ചെയ്തു. ഒരു സമയം ഒരു ചുവടു മാത്രം. ഈ വിധത്തിൽ ജീവിക്കുവാനാണ് നമ്മെയും ദൈവം വിളിച്ചിട്ടുള്ളത്.

### അധ്യായം 27

27-ാം അധ്യായത്തിൽ പൗലൊസ് റോമിലേക്കു തടവുകാരനായി യാത്ര ചെയ്ത കപ്പൽ തകർന്നുപോയ കഥ നാം വായിക്കുന്നു. എന്നിട്ടും ഒരാളും മരിച്ചില്ല. പൗലൊസ് കപ്പലിലുണ്ടായിരുന്നതിനാൽ ദൈവം അതിലുണ്ടായിരുന്ന എല്ലാവരേയും രക്ഷിച്ചു.വിമാനമോ ഒരു വീടോ ഒരു പട്ടണമോ എന്തായിരുന്നാലും - ഒരു ദൈവപുരുഷൻ അതിലുണ്ടെങ്കിൽ അതിലുള്ളവരെല്ലാം അനുഗ്രഹിക്കപ്പെടും.

### അധ്യായം 28

28:29,30 -ൽ പൗലൊസ് റോമിലെ തന്റെ വാടകയ്ക്കെടുത്ത ഭവനത്തിൽ രണ്ടു വർഷം താമസിക്കുന്നതായി വായിക്കുന്നു.റോമിലെ സഭ സന്തോഷത്തോടെ ചെയ്യുമായിരുന്നെങ്കിലും പൗലൊസ് തന്റെ വാടക കൊടുക്കാൻ അവരോട് ആവശ്യപ്പെട്ടില്ല. ഇത്തരം കാര്യങ്ങളിൽ ആർക്കും കടപ്പെടുന്നവനായിരുന്നില്ല പൗലൊസ്. റോമിൽ വച്ച് കൂടാരപ്പണി ചെയ്ത് ധനം സമ്പാദിപ്പാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അപ്പോൾ രണ്ടു വർഷത്തേക്ക് അവിടെ ഒരു വീട് വാടകയ്ക്കെടുക്കാൻ പൗലൊസിന് എങ്ങനെ പ്രാപ്തിയുണ്ടായി?

പൗലൊസിന്റെ പിതാവ് വളരെ ധനികനായ ഒരു വ്യാപാരിയായിരുന്നിരിക്കണം.കാരണം അങ്ങനെയുള്ള യെഹൂദന്മാർക്കു മാത്രമേ തർസൊസ് പോലെയുള്ള വിദേശസ്ഥലത്തു താമസിക്കാനാകൂ.പൗലൊസ് ഒരു ക്രിസ്ത്യാനി ആയപ്പോൾ കുടുംബസ്വത്തിനുള്ള അവകാശം കുടുംബം അദ്ദേഹത്തിനു നിഷേധിച്ചിരിക്കും. എന്നാലും പിന്നീട് അവർ മനസ്സു മാറി കുടുംബസ്വത്തിന്റെ ഒരു ഭാഗം പൗലൊസിനു കൊടുക്കുവാൻ തീരുമാനിച്ചു കാണും. യെരുശലേമിൽ വച്ച് അറസ്റ്റു ചെയ്തപ്പോൾ പൗലൊസിന്റെ പെങ്ങളുടെ മകൻ പൗലൊസിനെ കാണുവാൻ വന്നതായി നാം വായിക്കുന്നു. (23:16) തന്റെ കുടുംബസ്വത്ത് അദ്ദേഹത്തിന്റെ ഉപയോഗത്തിനായി വീട്ടുകാർ തിരികെ നൽകിയെന്ന വാർത്ത ആ ചെറുപ്പക്കാരൻ പൗലൊസിനെ അറിയിച്ചിരിക്കും. ഇതു ഏറെ സംഭവ്യമാണ് — കാരണം, ഇതു കഴിഞ്ഞയുടനെ ദേശാധിപതിയായ ഫെലിക്സ് പൗലൊസിൽ നിന്നു കൈക്കൂലി കിട്ടും എന്നു പ്രതീക്ഷിച്ചതായി നാം വായിക്കുന്നു. (24:26) ഫെലിക്സിനെപ്പോലെയുള്ള ഒരു ദേശാ





ധിപതി കൈക്കൂലിയായി ഒരു വലിയ സംഖ്യ പ്രതീക്ഷിച്ചുകാണും. ഒരു പാവപ്പെട്ട സുവിശേഷപ്രസംഗകനായ പൗലൊസ് ഇത്ര വലിയ കൈക്കൂലി കൊടുക്കും എന്ന് ഫെലിക്സ് എന്തുകൊണ്ട് സങ്കല്പിച്ചു? പൗലൊസിനു കുടുംബസ്വത്തായി ഒരു വലിയ തുക ലഭിച്ച വിവരം റോമൻ സൈന്യാധിപനിലൂടെ ഫെലിക്സ് അറിഞ്ഞു കാണും.

ഈ ധനമാണ് ലോകത്തിലെ ഏറ്റവും ചെലവു കൂടിയ പട്ടണത്തിൽ രണ്ടു വർഷം ഒരു വീട് വാടകയ്ക്കെടുക്കുവാൻ പൗലൊസിനെ സഹായിച്ചത്. തന്റെ ദാസന്മാർ വൃദ്ധരും ക്ഷീണിതരും ആകുമ്പോൾ അവർ ലജ്ജിച്ചുപോകാതിരിക്കേണ്ടതിന് ദൈവം അവരെ എങ്ങനെ കരുതുന്നുവെന്ന് ഇതിലൂടെ നാം മനസ്സിലാക്കുന്നു. അത് അത്ഭുതാവഹം തന്നെ. "തന്റെ സ്നേഹത്തിൽ ദൈവം നിശ്ശബ്ദമായി നമുക്കുവേണ്ടി പ്ലാൻ ചെയ്യുന്നു." (സെഫ. 3:17 പരാവർത്തനം) കർത്താവിനെ സേവിക്കുന്ന നമുക്കെല്ലാവർക്കും ഇതൊരു പ്രചോദനമായിരിക്കട്ടെ. കർത്താവ് നമ്മെ ഒരിക്കലും ഉപേക്ഷിക്കയില്ല.

ആ ഭവനത്തിൽ തന്റെ കാവൽക്കാരനായിരുന്ന പട്ടാളക്കാരന്റെ കൂടെ പൗലൊസ് തടവുകാരനായിരുന്നപ്പോൾ തന്റെ അടുക്കൽ വന്ന എല്ലാവരോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു.പൗലൊസിനെ കാവൽ ചെയ്ത എല്ലാ പട്ടാളക്കാരും സുവിശേഷം കേട്ടു; ചിലർ മാനസാന്തരപ്പെടുകയും ചെയ്തു. (ഫിലി 1:13; 4:22)

ഭാവിതലമുറകൾക്ക് പകർന്നു കൊടുക്കുവാൻ തക്കവണ്ണം ആത്മീയസമ്പത്ത് പൗലൊസിന്റെ പക്കലുണ്ടെന്ന് ദൈവം കണ്ടു. പക്ഷേ പൗലൊസ് എപ്പോഴും യാത്ര ചെയ്തുകൊണ്ടിരുന്ന മനുഷ്യനായിരുന്നു.താൻ ദൈവത്തിൽ നിന്നു പഠിച്ച കാര്യങ്ങൾ എഴുതുവാനുള്ള സൗകര്യവും സാവകാശവും പൗലൊസിനു നൽകുവാൻ ദൈവത്തിന് എങ്ങനെയാണ് കഴിഞ്ഞത്? പൗലൊസിനെ റോമിലെ കാരാഗൃഹത്തിൽ ബന്ധിക്കുവാൻ സാത്താനെ അനുവദിച്ചതിലൂടെയാണ് ദൈവം ഈ കാര്യം സാധിച്ചത്. അന്യഥാ എഴുതുവാൻ സാധ്യമല്ലാതിരുന്ന അത്യുത്തമമായ ചില ലേഖനങ്ങൾ പൗലൊസ് എഴുതി. തടവിലല്ലായിരുന്നുവെങ്കിൽ അവ ഒരിക്കലും എഴുതപ്പെടുകയില്ലായിരുന്നു — ഇരുപതു നൂറ്റാണ്ടുകളായി ജനങ്ങൾക്ക് അനുഗ്രഹമായിരിക്കുന്ന ലേഖനങ്ങളാണിവ. ദൈവത്തിന്റെ പദ്ധതികൾ എപ്പോഴും നമ്മുടെ അത്യുന്നതനന്മയ്ക്കു വേണ്ടിയുള്ളതാണ്.സാത്താൻ ചെയ്യുന്ന തിന്മയെ തന്റെ മഹത്വത്തിനായി ദൈവം രൂപാന്തരപ്പെടുന്നു.

അപ്പോസ്തലപ്രവൃത്തികളിലെ അവസാനവാക്ക് "നിർവിഘ്നം" എന്നതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും കർത്താവായ യേശുവിന് ഉള്ളതാണ്;അതിനാൽ ഇപ്പോൾ 20 നൂറ്റാണ്ടുകളായി ഈ സുവിശേഷം തടസ്സം കൂടാതെ പ്രസംഗിക്കപ്പെടുന്നു — ക്രിസ്തു മടങ്ങിവരുന്നതുവരെ അതു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

"അപ്പോസ്തലപ്രവൃത്തികളിൽ" നമ്മെ വെല്ലുവിളിക്കുവാൻ ദൈവം പൗലൊസിന്റെ ജീവിതദൃഷ്ടാന്തം നമുക്ക് നൽകിയിരിക്കുന്നു. തന്റെ ജീവിതകാലം മുഴുവൻ പൗലൊസ് ആർക്കും ഒരു ഭാരമായിത്തീരാതെ സ്വയം ജീവിതസന്ധാരണം ചെയ്തുകൊണ്ട് കർത്താവിനെ സേവിച്ചു. മറ്റനേകം മേഖലകളിലും പൗലൊസിനെ ഒരു നിസ്തുല്യമാതൃകയായി നാം കാണുന്നു. ഈ നല്ല മാതൃക പിന്തുടർന്നുകൊണ്ട് നമ്മുടെ ജീവിതകാലത്ത് നമുക്കു കർത്താവിനെ സേവിക്കാം.

(അപ്പോസ്തല പ്രവൃത്തികൾ അവസാനിക്കുന്നു)

**മൊഴിമാറ്റം : സാലി ജോസ്**

## എഡിറ്റോറിയൽ (തുടർച്ച)

ത്തായിപോകരുതെന്നു നിർബന്ധമുണ്ട്. ഈ കാര്യങ്ങളെല്ലാം ചേർന്നു യേശുവിന് ഉള്ളിൽ തീവ്രമായ വ്യഥ നൽകി. ആത്മാവിലെ ഈ വ്യഥയിലാണ് (anguish of the soul) അവിടുന്ന് പിതാവിന്റെ ഹിതത്തിൽ തന്നെ അടുത്ത ചുവടുവയ്ക്കാനാവശ്യമായ വെളിച്ചം കണ്ടെത്തിയത്. 'തന്റെ ആത്മാവിൽ സഹിച്ച വ്യഥയ്ക്കു പ്രതിഫലമായി അവൻ അതു കാണും' എന്നാണു യെശയ്യാവ് ഇതേപ്പറ്റി പറഞ്ഞിരിക്കുന്നത് (53: 11 NASB)

യേശു പോയ ഇതേ പാതതന്നെയാണ് ഇന്നു നമുക്കും ഉള്ളത്. പ്രായോഗികജീവിതസാഹചര്യങ്ങളുടെ മുൻപാകെ അടുത്ത ചുവട് എങ്ങനെ വയ്ക്കണം എന്നറിയാതെ നാം നിന്നു പോകുന്ന അവസ്ഥ.എന്നാൽ വയ്ക്കുന്ന അടുത്ത ചുവട് യേശുവിന്റെ കാൽച്ചുവടുകളിൽ തന്നെ ആയിരിക്കണം എന്ന വലിയ നിർബന്ധവും നമുക്കുണ്ട്. ഇതു രണ്ടും ചേർന്നു നമ്മുടെ ആത്മാവിൽ നമുക്ക് ഒരു നിലവിളി നൽകും. ഈ വ്യഥയിൽ, യേശു ഇങ്ങനെയുള്ള സാഹചര്യത്തിൽ നടന്നുപോയ കാൽച്ചുവട് പരിശുദ്ധാത്മാവു നമ്മുടെ ആത്മാവിൽ പ്രകാശിപ്പിച്ചു തരും. അപ്പോൾ നമുക്കു വെളിച്ചമായി. നാം ധൈര്യത്തോടെ അവിടുത്തെ അതേ കാല്പ്പാടുകളിൽ നമ്മുടെ പാദങ്ങൾ വച്ച് നടന്നു പോകും.പരിശുദ്ധാത്മാവ് ഇങ്ങനെയാണ് യേശുവിനുള്ളതിൽ നിന്ന് എടുത്തു നമ്മെ അറിയിച്ചു തരുന്നത് (യോഹ. 16:14). ഈ വഴിയിൽ നാം യേശുവിനെ കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കും. യേശുവിനെക്കുറിച്ചുള്ള ഈ അറിവാണ് തന്നിൽ നമുക്കുള്ള വിശ്വാസവും ആശ്രയവും കൂടുതൽ വർദ്ധിപ്പിക്കുന്നത്. ഇതു വ്യക്തമാകുന്ന ഒരു വാക്യം കാണുക: 'നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും' (സങ്കീ. 9:10). അതേ, യേശുവിനെ അറിയുന്തോറും അവനിലുള്ള നമ്മുടെ ആശ്രയം (അതു തന്നെയാണല്ലോ വിശ്വാസം) വർധിച്ചു വരും.

പരിശുദ്ധാത്മാവ് യേശുവിന്റെ സൗന്ദര്യം നമ്മെ കാണിച്ചു തരിക മാത്രമല്ല അതേ പ്രതിമയായി നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യും (2 കൊരി. 3:18). ഇതു പ്രായോഗികമായി പരിശുദ്ധാത്മാവ് എങ്ങനെയാണു ചെയ്തെടുക്കുന്നത്? യേശുവിന്റെ മരണം എപ്പോഴും ശരീരത്തിൽ വഹിക്കുവാൻ നമ്മെ ശക്തിപ്പെടുത്തിക്കൊണ്ടാണ് പരിശുദ്ധാത്മാവ് അതു ചെയ്യുന്നത് (2 കൊരി. 4:10-12).യേശു സ്വന്ത ഇഷ്ടത്തിനു മരിച്ചു ദിനന്തോറും ശരീരത്തിൽ ഒരു മരണത്തെ അറിഞ്ഞിരുന്നു. ഇതാണ് 2 കൊരി. 4:10 ൽ പറയുന്ന 'യേശുവിന്റെ മരണം'. ഈ യേശുവിന്റെ മരണം നമ്മുടെ ശരീരത്തിൽ വഹിച്ച്, സ്വന്ത ഇഷ്ടത്തിനു ദിനന്തോറും മരിച്ച്, യേശുവിന്റെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടുത്തുവാൻ നമ്മെ ശക്തരാക്കിക്കൊണ്ടാണു പരിശുദ്ധാത്മാവു നമ്മെ തേജസ്സിൽ നിന്നു തേജസ്സിലേക്കു നടത്തി അതേ പ്രതിമയായി രൂപാന്തരപ്പെടുത്തുന്നത്.

നമ്മെ കർത്താവിന്റെ സ്വഭാവത്തോട് അനുരൂപരാക്കുന്ന പരിശുദ്ധാത്മാവിന്റെ ഈ ശക്തി ഈ അന്ത്യകാലത്തു(2 തിമൊഥെ. 3:1-5) നമുക്ക് എത്രമേൽ ആവശ്യമുണ്ട്! . ഭക്തിയുടെ വേഷം മാത്രമുള്ള ഈ അന്ത്യകാലക്രിസ്തീയലോകത്ത് നമുക്കു ശക്തിയെ ത്യജിക്കാതിരിക്കാം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജീവിതം കൊണ്ട് യേശുവിന്റെ യഥാർത്ഥ സാക്ഷികളാകാം-യെരുശലേമിൽ, യെഹൂദ്യയിൽ, ശമര്യയിൽ, ഭൂമിയുടെ അറ്റത്തോളം...

❖





സഹോദരിമാരോട്

### സ്ത്രീയേ, നീ കരയുന്നതെന്ത്?-VI

# ലൗകിക ദുഃഖത്തിൽ നിന്നു ദൈവം രക്ഷിക്കുന്നു

ആനി പുന്നൻ

*"ലൗകിക ദുഃഖം മരണത്തിലേക്കു നയിക്കുന്നു"* (2 കൊരിന്ത്യർ 7:10)

സ്ത്രീകൾ ദുഃഖിക്കുകയും വിലപിക്കുകയും ചെയ്യുന്നതിന്റെ പ്രാധനകാരണങ്ങൾ സ്വയസഹതാപമോ, മുറിപ്പെടുന്നതോ അവഗണിക്കപ്പെടുന്നതോ ആകാം. അല്ലെങ്കിൽ ആഗ്രഹിച്ച ഏതെങ്കിലും ഭൗതിക വസ്തു കിട്ടാതെ പോകുന്നതും അതിന്റെ കാരണമാകാം.

ചില സ്ത്രീകൾ വേഗത്തിൽ വ്രണപ്പെടുകയും പിണങ്ങുകയും ചെയ്യുന്നു.അവർ പെട്ടെന്ന് കോപാകുലരായിത്തീരുന്നു. യാക്കോബ് 1:19-ൽ പറയുന്നത്, നാം "കോപത്തിനു താമസം" ഉള്ളവരാകണം എന്നാണ്.കാരണം "മൂഢന്മാരുടെ മാർവ്വിലല്ലോ നീരസം വസിക്കുന്നത്." (സഭാപ്ര. 7:9). സാത്താൻ പലപ്പോഴും ആളുകളെ ക്ഷോഭിപ്പിക്കുകയും, അതിനുശേഷം കുറ്റബോധത്തിൽ അവരെ ഇട്ടുവലയ്ക്കുകയും ചെയ്യുന്നു.സാത്താന്റെ ഇത്തരം തന്ത്രങ്ങളെ സൂക്ഷിച്ചൊഴിയുക! കുറ്റബോധത്തിന്റെ ചെളിക്കുണ്ടിൽനിന്ന് പെട്ടെന്നു തന്നെ എഴുന്നേറ്റ് നിങ്ങളുടെ പാപത്തെക്കുറിച്ച് മാനസാന്തരപ്പെടുക; കർത്താവിങ്കലേക്കു തിരിയുക.

ചില സ്ത്രീകൾ എപ്പോഴും തങ്ങളെക്കാൾ മെച്ചപ്പെട്ട ആളുകളുമായി തങ്ങളെത്തന്നെ താരതമ്യം ചെയ്തുകൊണ്ടിരിക്കും. ഇത് അവരെ എല്ലായ്പ്പോഴും നിരാശരും ഖിന്നരും അരിഷ്ടരും ആക്കിത്തീർക്കുന്നു. മറ്റുള്ളവരുമായി നിങ്ങളെത്തന്നെ താരതമ്യം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളെക്കാൾ താഴ്ന്ന സാഹചര്യത്തിലുള്ള ആളുകളുമായി താരതമ്യം ചെയ്യുക. ഉദാഹരണത്തിന് ചേരിപ്രദേശത്തു ജീവിക്കുന്ന ആളുകളുമായി നിങ്ങളെ തട്ടിച്ചുനോക്കുക.

ചില സ്ത്രീകൾ സ്വാഭാവികമായി ഏകാകികളാണ്.അവർ മറ്റുള്ളവരുടെ മേൽ തങ്ങളെത്തന്നെ അടിച്ചേല്പിക്കുവാൻ ശ്രമിക്കും. എന്നാൽ തങ്ങൾക്കാവശ്യമായ ആശ്വാസം ഒരിടത്തുനിന്നും ആ സ്ത്രീകൾക്കു ലഭിക്കുന്നില്ല. അതിനു പകരം അവർക്കു കർത്താവുമായി ഒരു ആത്മബന്ധം വളർത്തിയെടുക്കാവുന്നതാണ്.

മധ്യവയസ്ക്കരായ ചില സ്ത്രീകൾ ശാരീരികമായി ബലഹീനരാണ്. അവർ ഹോർമോൺ വ്യതിയാനങ്ങൾ നിമിത്തം പെട്ടെന്നു കരയും.ഇത്തമൊരു അവസ്ഥയിൽ വൈദ്യശാസ്ത്രപരമായി അവർക്കു ചികിത്സ ലഭ്യമാക്കുവാൻ കഴിയുന്നതാണ്.അതുകൊണ്ട് ഇത്തരക്കാർ ഒരു ഡോക്ടറെ സമീപിക്കേണ്ടതാണ്. നമ്മുടെ സ്രഷ്ടാവ് ദൈവമാണ്. അവിടുന്നു നമ്മുടെ പ്രകൃതി അറിയുന്നു. ഇത്തരം

> ഭൗതികവസ്തുക്കളേയും, വസ്ത്രം, സംഗീതം, ആഭരണങ്ങൾ തുടങ്ങിയവയേയും നിങ്ങൾ വളരെയേറെ സ്നേഹിക്കുന്നുണ്ടോ? അവ കിട്ടിയില്ലെങ്കിൽ നിങ്ങൾ അസന്തുഷ്ടയായി കരയുവാൻ തുടങ്ങുമോ? അവ വാങ്ങിത്തരാത്തതു നിമിത്തം നിങ്ങൾ മാതാപിതാക്കളോടോ, ഭർത്താവിനോടോ കലഹിക്കുവാൻ തുടങ്ങുമോ? എങ്കിൽ നിങ്ങളുടെ ഈ ലൗകിക മനോഭാവം നിങ്ങൾ കർത്താവിനോട് ഏറ്റുപറയുക. അതിൽ നിന്ന് വിടുതൽ ലഭിക്കുവാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുക.

സന്ദർഭങ്ങളിൽ നാം ആവശ്യപ്പെട്ടാൽ നമ്മെ സഹായിക്കുവാൻ അവിടുന്ന് അതീവതൽപരനാണ്.

നിങ്ങളുടെ വിലാപം ലൗകികമായ ദുഃഖത്തിന്റെ ഫലമാണോ? എങ്കിൽ താഴെപ്പറയുന്ന പരിശോധനാലിസ്റ്റിൽ കൂടി കടന്നുപോകുക:

✳ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളുടെ ഇഷ്ടങ്ങളെല്ലാം സാധിച്ചുതന്നിരുന്നുവോ? അതുനിമിത്തം ഇപ്പോൾ പെട്ടെന്ന് അസ്വസ്ഥയാകുകയും, ചെറിയ അസൗകര്യങ്ങളോ, താമസമോ പോലും സഹിക്കുവാൻ കഴിയാതെയിരിക്കയും ചെയ്യുന്ന ഒരവസ്ഥയിലാണോ നിങ്ങൾ? ഇതുകൊണ്ടാണോ നിങ്ങൾ ഇപ്പോൾ കരയുന്നത്? അങ്ങനെയെങ്കിൽ ഇപ്പോൾ നിങ്ങളുടെ മാതാപിതാക്കളെ കുറ്റപ്പെടുത്തേണ്ട.ഈ അസ്വസ്ഥതയെ അതിന്റെ പ്രാരംഭദശയിൽതന്നെ നശിപ്പിച്ചുകളയുക. അതു വിരിഞ്ഞ് വിഷസർപ്പമായിത്തീർന്നാൽ അത് നിങ്ങൾക്കും മറ്റുള്ളവർക്കും ഹാനികരമായിത്തീരും. നിങ്ങളെ വളർത്തിയ രീതിമൂലമുള്ള വൈകാരികപ്രശ്നങ്ങളെ അതിജീവിക്കുവാൻ ദൈവത്തോട് സഹായം അഭ്യർത്ഥിക്കുക.

✳ ഭൗതികവസ്തുക്കളേയും, വസ്ത്രം, സംഗീതം, ആഭരണങ്ങൾ തുടങ്ങിയവയേയും നിങ്ങൾ വളരെയേറെ സ്നേഹിക്കുന്നുണ്ടോ? അവ കിട്ടിയില്ലെങ്കിൽ നിങ്ങൾ അസന്തുഷ്ടയായി കരയുവാൻ തുടങ്ങുമോ? അവ വാങ്ങിത്തരാത്തതു നിമിത്തം നിങ്ങൾ മാതാപിതാക്കളോടോ, ഭർത്താവിനോടോ കലഹിക്കുവാൻ തുടങ്ങുമോ? എങ്കിൽ നിങ്ങളുടെ ഈ ലൗകികമനോഭാവം നിങ്ങൾ കർത്താവിനോട് ഏറ്റുപറയുക.ഇതിൽ നിന്ന് വിടുതൽ ലഭിക്കുവാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുക.

✳ നിങ്ങൾക്കോ നിങ്ങളുടെ ഭർത്താവിനോ മകനോ ഒരു ജോലി ലഭിക്കാത്തതുകൊണ്ടാണോ നിങ്ങൾ കരയുന്നത്? അതോ ജോലിയിൽ സ്ഥാനക്കയറ്റമോ, മകന് കോളജിൽ പ്രവേശനമോ കിട്ടാത്തതുകൊണ്ടാണോ നിങ്ങൾ കരയുന്നത്? നിങ്ങളുടെ കുടുംബത്തിന് ഏറ്റവും ഉത്തമമായത് എന്താണെന്ന് ദൈവത്തിനറിയാം.നിങ്ങളുടെ സാഹചര്യങ്ങളെല്ലാം അവിടുത്തെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് എല്ലാ സാഹചര്യത്തിലും കർത്താവിനു നന്ദി കരേറ്റുക.

✳ ആരെങ്കിലും നിങ്ങളെ മനപ്പൂർവ്വമായി വേദനിപ്പിച്ചുവോ? അവരോടു ക്ഷമിക്കുവാൻ നിങ്ങൾക്കു ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവോ?കോപമോ, പകയോ ഉള്ളിൽ വച്ചുകൊണ്ട് നിങ്ങൾ കരയുകയാണോ? അവരെപ്പറ്റി മോശമായി സംസാരിക്കുവാൻ നിങ്ങൾക്കു തോന്നുന്നുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾക്ക് പ്രതികാരമനോഭാവമുണ്ട്.അത്തരം കാര്യങ്ങളെ കർത്താവിന്റെ അടുക്കലേക്കു കൊണ്ടുചെല്ലുക. നിങ്ങളെ വേദനിപ്പിച്ചവരോട് ക്ഷമിക്കുവാനായി അവിടുത്തെ





സഹായം തേടുക.നിങ്ങളുടെ മനസ്സിൽ നിന്ന് അവരെ മോചിതരാക്കുക; അവരോടു ക്ഷമിക്കുക. അങ്ങനെ ചെയ്താൽ അവരെ നേരിൽ കാണുമ്പോൾ നിങ്ങൾക്ക് ആത്മാർത്ഥമായ ഒരു പുഞ്ചിരിയോടുകൂടി അവരെ അഭിമുഖീകരിക്കുവാൻ കഴിയും.

✳ ആരെങ്കിലും നിങ്ങളോട് വഞ്ചന കാട്ടുകയോ, അന്യായമായി പെരുമാറുകയോ ചെയ്തുവോ? അതുമൂലം നിങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടമോർത്ത് നിങ്ങൾ വിലപിക്കുകയാണോ? നിങ്ങളെ പണസ്നേഹത്തിൽനിന്ന് വിമുക്തയാക്കുവാനായി ഈ സാഹചര്യത്തെ ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും. അതുമൂലം നിങ്ങൾക്ക് അല്പംകൂടി യേശുവിനെപ്പോലെ ആയിത്തീരുവാൻ കഴിയും. അതുകൊണ്ട് ആ സാമ്പത്തിക നഷ്ടത്തിനുവേണ്ടി കർത്താവിനെ സ്തുതിക്കുക. എല്ലാ നല്ല ദാനങ്ങളുടെയും ദാതാവായ കർത്താവിന് ഇത്തരം നഷ്ടങ്ങൾക്കു പകരമായി നമ്മെ അനുഗ്രഹിക്കുവാൻ കഴിയും.തിന്മ പ്രവർത്തിക്കുന്നവർക്കെല്ലാം കർത്താവ് ഒരുനാൾ പകരം കൊടുക്കും. അവിടുന്നു ന്യായാധിപനാണ്. അതുകൊണ്ട് ഇത്തരം സംഗതികൾ അവിടുത്തെ കയ്യിലേക്കു വിട്ടുകൊടുക്കുന്നതാണ് ഏറ്റവും ഉത്തമമായ കാര്യം. നിങ്ങളെ വഞ്ചിച്ചവരെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നാൽ നിങ്ങൾ ജീവിതം ദുരിതപൂർണ്ണമാക്കിത്തീർക്കും. ഇത്തരം സാഹചര്യങ്ങളിൽ സ്വയം ചോദിക്കാവുന്ന നല്ല ചോദ്യം ഇതാണ്: "ഒരൻപതു വർഷത്തിനുശേഷം ഇക്കാര്യത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടാകുമോ?"

✳ നിങ്ങളുടെ ഭർത്താവുമായുള്ള ചില പ്രശ്നങ്ങളെച്ചൊല്ലിയാണോ നിങ്ങൾ വിലപിക്കുന്നത്? ഒരു പക്ഷേ ആരോടും നിങ്ങൾക്ക് അക്കാര്യം തുറന്നുപറയുവാൻ സാധിക്കുകയില്ലായിരിക്കാം. പിശാച് വിവാഹബന്ധങ്ങളെ നശിപ്പിക്കുവാനായി കറങ്ങിനടക്കുകയാണ്. അസൂയയാൽ ഉണ്ടാകുന്ന ചിന്തകളെ നിങ്ങൾ നിരസിക്കുക. വിവാഹം മനോഹരമായിത്തീരണമെന്നതാണ് ദൈവികപദ്ധതി.ഒരു തോട്ടത്തെ പരിപാലിക്കുന്നതുപോലെ നിങ്ങളുടെ വിവാഹജീവിതത്തെ പരിപാലിക്കുക. ആ തോട്ടം തുടർച്ചയായി നനച്ചുകൊടുക്കുക. അവിടെ ശത്രു വിതയ്ക്കുന്നതായ അഭിപ്രായഭിന്നത, സംശയം എന്നീ കളകളെ പറിച്ചുമാറ്റുക. അതിനു പകരം സ്നേഹത്തിന്റെയും ക്ഷമയുടെയും ദൈവിക വിത്തുകൾ തോട്ടത്തിൽ വിതയ്ക്കുക.

✳ വീണ്ടും ഗർഭിണിയായിത്തീർന്നതുകൊണ്ടാണോ നിങ്ങൾ വിലപിക്കുന്നത്? ഒരു പക്ഷേ ഇനിയുമൊരു കുട്ടികൂടി വേണ്ട എന്നാകാം നിങ്ങളുടെ ചിന്ത.വീണ്ടും ഗർഭിണിയായല്ലോ എന്നോർത്ത് നിങ്ങൾക്കു നിരാശ തോന്നുന്നുണ്ടാവാം.ഈ ഘട്ടത്തിൽ ഓരോ പൈതലും ദൈവത്തിന്റെ ദാനമാണ് എന്നോർക്കുക. ഒരു കുഞ്ഞിനെ നിരസിക്കുന്ന ചിന്ത അതിനെ കൊല്ലുന്നതുപോലെതന്നെയാണ്. ദൈവം നിങ്ങൾക്കു തരുന്ന ഓരോ കുഞ്ഞിനേയും, യേശുവിന്റെ നാമത്തിൽ സ്വീകരിക്കുക. നിങ്ങൾക്കുവേണ്ട എന്നു തോന്നുന്ന കുഞ്ഞ് മറ്റെല്ലാ മക്കളേക്കാളും കൂടുതൽ സന്തോഷം നിങ്ങൾക്കു നല്കിയെന്നുവരാം. പിന്നീട് നിങ്ങൾക്കു കുടുംബസംവിധാനം ചെയ്യുകയുമാവാം.

✳ ഭർത്താവിന്റെയോ, മാതാപിതാക്കളുടെയോ ശ്രദ്ധപിടിച്ചുപറ്റാൻ വേണ്ടിയാണോ നിങ്ങൾ കരയുന്നത്? വേണ്ടത്ര കരഞ്ഞാൽ കാര്യം സാധിച്ചുകിട്ടുമെന്ന് നിങ്ങൾ മനസ്സിലാക്കിക്കാണും. ഇത്തരം സ്വാർത്ഥതയിൽനിന്നുള്ള വിടുതലിനായി നിങ്ങൾ കർത്താവിനോടു പ്രാർത്ഥിക്കുക. (തുടരും)

**മൊഴിമാറ്റം : സുജാ ഏബ്രഹാം**

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-18

**കഥ ഇതുവരെ**

*വെയില്‍സിലെ ക്രിസ്തീയകുടുംബത്തില്‍ ജനിച്ചുവളര്‍ന്ന റീസ് ഹൊവല്‍സ് പൂര്‍ണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നല്‍കി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയല്‍ഗ്രാമത്തിലും ഉള്ള പലര്‍ക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാല്‍ അയല്‍ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവില്‍ അവര്‍ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീര്‍വ്രതസ്ഥനെപ്പോലെ പ്രാര്‍ത്ഥിച്ചു.ഒടുവില്‍ മറുപടി കിട്ടി. റീസ് കല്‍ക്കരിഖനി വിട്ടു.*

## മധ്യസ്ഥതയുടെ പുതിയ ചുവട്

ജോ ഇവാന്‍സ് –

ചെറുപ്പക്കാരന്‍. റീസ് ഹൊവല്‍സിന്റെ അമ്മാവന്‍ ഡിക്കിന്റെ രോഗസൗഖ്യത്തോടനുബന്ധിച്ച് ഗ്രാമത്തില്‍ നടന്ന പ്രാര്‍ത്ഥയില്‍ രക്ഷകനെ കണ്ടുമുട്ടിയതാണ് ഈ ചെറുപ്പക്കാരന്‍. തുടര്‍ന്ന് അവന്‍ റീസിന്റെ പ്രവര്‍ത്തനങ്ങളില്‍ ഒരു വലിയ സഹായിയായി തുടര്‍ന്നു.

അങ്ങനെയിരിക്കെ പൊടുന്നനെ അവന്‍ രോഗിയായി. ശ്വാസകോശസംബന്ധമായ രോഗം. ഡോക്ടറെകണ്ടു. ക്ഷയരോഗികള്‍ക്കായുള്ള സാനിട്ടോറിയത്തില്‍ താമസിച്ചു ചികിത്സയ്ക്കു വിധേയനാകാന്‍ ഡോക്ടര്‍ ആവശ്യപ്പെട്ടു.

ജോ ഇവാന്‍സ് വിവരം റീസിനോടു പറഞ്ഞു. എന്തുവേണം, ഡോക്ടര്‍ പറഞ്ഞതുപോലെ സാനിട്ടോറിയത്തില്‍ പോകണോ വേണ്ടയോ?

ചില ദിവസങ്ങള്‍ ദൈവസന്നിധിയില്‍ കാത്തിരുന്നശേഷം റീസ് ഉപദേശിച്ചു - ഡോക്ടര്‍ പറഞ്ഞതുപോലെ തന്നെ ചെയ്യുക. "സാനിട്ടോറിയത്തില്‍ പോകുന്നതു നല്ലതായിരിക്കും. ഒരു പക്ഷേ മരുന്നിനു പ്രത്യേകിച്ച് ഒന്നും ചെയ്യാന്‍ കഴിയുകയില്ലെന്ന കാര്യം നിന്നെ ബോധ്യപ്പെടുത്താന്‍ ദൈവം ആഗ്രഹിക്കുന്നുണ്ടാകും." ജോ ഇവാന്‍സ് തലകുലുക്കി.

അവന്‍ പിറ്റേന്നു തന്നെ സാനിട്ടോറിയത്തിലേക്കു പോയി.പക്ഷേ അഞ്ചുമാസത്തെ ചികിത്സയ്ക്കുശേഷം അവന്‍ മടങ്ങി വന്നപ്പോള്‍ ശരീര ഊഷ്മാവ് വര്‍ധിച്ച അവസ്ഥയില്‍ തന്നെയായിരുന്നു. വരണ്ട ആ ചുമയും അതുപോലെ തന്നെ. ഡോക്ടറും കൈമലര്‍ത്തി. അദ്ദേഹത്തിന് ആകെ ഉപദേശിക്കാനുണ്ടായിരുന്നത് നല്ല കാലാവസ്ഥയും കാറ്റുമുള്ള ബ്ലാക് മൗണ്ടനില്‍ കയറി അവിടെ ഒരു കൂടാരം വാടകയ്ക്കെടുത്തു താമസിക്കുക എന്നതായിരുന്നു.

"ഡോക്ടര്‍ പറയുന്നതുപോലെ തന്നെ





ചെയ്യുക:" റീസിനു വീണ്ടും ഉപദേശിക്കാനുണ്ടായിരുന്നത് അതു മാത്രമായിരുന്നു: "ഇതും പരാജയപ്പെടുകയാണെങ്കില്‍ ദൈവത്തിന് ഇടപെടാന്‍ ഒരവസരം ലഭിക്കും, നിന്നെ സൗഖ്യമാക്കാനും."

കൂടെക്കൂടെ റീസ്, പര്‍വ്വതത്തില്‍ ജോ ഇവാന്‍സിനെ സന്ദര്‍ശിക്കാന്‍ പോകും. ജോ നല്ല തമാശക്കാരനാണ്. അവന്‍ തന്റെ അവസ്ഥയെക്കുറിച്ചു തന്നെ റീസിനോട് തമാശ പറയും: "ഞാന്‍ പൂര്‍ണജയത്തെക്കുറിച്ചു പ്രസംഗിച്ചു. താങ്കളാകട്ടെ മധ്യസ്ഥത സംബന്ധിച്ച് ദൈവമുന്‍പാകെ പ്രത്യേക സ്ഥാനം നേടി. ഇതിനെല്ലാം ശേഷവും ഞാന്‍ ഇതാ മലമുകളില്‍ നില്‍ക്കുന്ന കൊടിമരംപോല എല്ലാവര്‍ക്കും കാണത്തക്കവിധത്തില്‍ പര്‍വ്വതത്തിന്റെ നെറുകയില്‍ രോഗിയായി കഴിയുന്നു. രോഗസൗഖ്യത്തിനുള്ള വിശ്വാസം നമുക്കില്ലെന്നതിന്റെ ഒരു വിളംബരം പോലെ."

ഇതിനു റീസിനുള്ള മറുപടി ഇങ്ങനെയായിരുന്നു: "അവിടുന്നു തരുന്ന വിഷയങ്ങള്‍ക്കുവേണ്ടി മാത്രമേ മധ്യസ്ഥ പ്രാര്‍ത്ഥ നടത്താവൂ എന്നു പരിശുദ്ധാത്മാവ് എന്നെ നേരത്തെ പഠിപ്പിച്ചിരുന്നില്ലെങ്കില്‍ ഞാന്‍ എന്റെ സ്നേഹിതന്റെ വിഷയത്തിനായി പ്രാര്‍ത്ഥിക്കാന്‍ എപ്പോഴേ ആരംഭിച്ചേനേ. മധ്യസ്ഥത സംബന്ധിച്ച് ഒരു പ്രത്യേക സ്ഥാനത്തെത്തിയെങ്കിലും എനിക്കതു പരിശുദ്ധാത്മാവിന്റെ നടത്തിപ്പനുസരിച്ചു മാത്രമേ ഉപയോഗിക്കാനാവൂ എന്നതിന്റെ തെളിവാണിത്."

രണ്ടു മാസത്തിലേറെ ജോ ആ പര്‍വ്വതത്തിലായിരുന്നു. എന്നാല്‍ അവന്റെ നില മെച്ചപ്പെട്ടില്ല.ഒടുവില്‍, ഉഷ്ണമേഖലാകാലാവസ്ഥയുള്ള മെഡൈര്യയില്‍ പോയി താമസിച്ചാല്‍ മാത്രമേ വരാന്‍ പോകുന്നശൈത്യകാലം അവന്‍ അതിജീവിക്കുകയുള്ളുവെന്നാണ് ഡോക്ടര്‍ പറഞ്ഞത്. മറ്റൊരു വിദഗ്ദ്ധ ഡോക്ടറും അതു ശരിവച്ചു.

ഇതുകേട്ട് ജോയുടെ പിതാവ് പൊട്ടിത്തെറിച്ചു.താന്‍ ഒരു പണക്കാരനല്ല. പിന്നെങ്ങനെ മകനെ നല്ല കാലാവസ്ഥ ആസ്വദിച്ചു രോഗസൗഖ്യം നേടാനായി ദൂരെ സ്ഥലത്തേക്കയയ്ക്കും? ജോയുടെ പിതാവിനു ഡോക്ടറോടായി ദേഷ്യം.

ഈ സമയത്താണ് റീസിന് 320 പൗണ്ട് സംഭാവനയായി ലഭിച്ചത്. "ദിവസം രണ്ടു പെനിമാത്രം ചെലവുള്ള എനിക്കെന്തിനാണ് ഇത്രയും ഭീമമായ തുക?" - റീസ് അത്ഭുതം കൂറി. പൊടുന്നനെ റീസിനു മനസ്സിലായി, ദൈവമാണിതിനു പിന്നില്‍. തനിക്കു പണം ആവശ്യമില്ലെന്നതു ശരി. പക്ഷേ പണം ഇപ്പോള്‍ അത്യാവശ്യമായിരിക്കുന്ന ഒരു സ്നേഹിതന്‍ തനിക്കുണ്ടല്ലോ.

റീസ് നേരേ പോയി ജോയുടെ പിതാവ് ഇവാന്‍സിനെ കണ്ടു. അദ്ദേഹത്തോടു ചോദിച്ചു: "ആകട്ടെ, നിങ്ങളുടെ കയ്യില്‍ പണം ഉണ്ടായിരുന്നെങ്കില്‍ മകനെ മെഡൈര്യയില്‍ താമസിക്കാന്‍ വിടുമായിരുന്നോ?"

"പണം ഉണ്ടായിരുന്നെങ്കില്‍ വിടുമായിരുന്നു"

"എന്നാല്‍ എന്റെ കയ്യില്‍ പണം ഉണ്ട്. അവന് അവിടേക്കു പോകാം" : റീസ് ശാന്തമായി പറഞ്ഞു.

ആ മനുഷ്യന്‍ പൊട്ടിക്കരഞ്ഞുപോയി. അതുവരെ ദൈവകൃപയ്ക്ക് അയാള്‍ അന്യനായിരുന്നു. എന്നാല്‍ റീസ് ആ വാഗ്ദാനം മുന്നോട്ടു വച്ചു കഴിഞ്ഞപ്പോള്‍ ദൈവസ്നേഹം ഏതു ധനവാനും തുല്യനാക്കി തന്നെ മാറ്റുന്നുവെന്ന് അയാള്‍ കണ്ടെത്തി. "അദ്ദേഹത്തെ ദൈവത്തിലേക്കു നയിക്കുവാന്‍ സഹായിക്കുമെങ്കില്‍ ആ തുക ഒരിക്കലും നഷ്ടമല്ലെന്ന് എനിക്കറിയാമായിരുന്നു.": റീസ് പിന്നീടു തന്റെ നിലപാടു വിശദമാക്കിയത് ഇങ്ങനെയാണ്.

അടുത്ത പ്രശ്നം ജോയെ ആരുടെ കൂടെ മെഡൈര്യക്കുവിടും എന്നതായിരുന്നു. തനിയെ ജോയെ അങ്ങോട്ടുവിടാന്‍

കഴിയുകയില്ല. കാരണം അവന് അതിനുള്ള ആരോഗ്യമില്ല. ജോയെയും കൊണ്ടു താൻ തന്നെ അങ്ങോട്ടു പോകുന്നതിനെക്കുറിച്ചു റീസ് ഒരിക്കലും ചിന്തിച്ചിരുന്നില്ല.കാരണം റീസിന്റെ ഭാവിസംബന്ധിച്ചു ചില കാര്യങ്ങൾ ദൈവം ഇതിനകം അവനെ കാണിച്ചു തുടങ്ങിയിരിക്കുന്നു.

എന്നാൽ ഒരു രാത്രി റീസിന് ഉറങ്ങാൻ കഴിഞ്ഞില്ല. രാത്രി ദൈവം അവനോടു സംസാരിച്ചു. മെഡൈര്യയിൽ ആരാണ് ജോയെ പരിചരിക്കുക? "നിനക്ക് അവനോടൊപ്പം പോകാൻ കഴിവില്ലെങ്കിൽ അവനെ മറ്റാരോടും ഒപ്പം പോകാൻ അനുവദിക്കരുത്. നിനക്കു ചെയ്യാൻ കഴിയാത്തത് മറ്റൊരാളോടു ചെയ്യാൻ പറയരുത്."

അത് റീസിന് മറ്റൊരു പരീക്ഷയായിരുന്നു. ജോയെ ശുശ്രൂഷിക്കാനായി പോയാൽ എന്താണു സംഭവിക്കുകയെന്നു റീസിനു വളരെ വ്യക്തമായി അറിയാം. ക്ഷയരോഗിണിയായ സഹോദരിയുടെ കാര്യം വന്നപ്പോൾ റീസ് ഈ രോഗത്തിന്റെ ഭീകരതയെക്കുറിച്ചു പഠിച്ചിരുന്നു. കൂടാതെ ക്ഷയരോഗം അടുത്തബന്ധം കൊണ്ടുപകരുമെന്നും അതുകൊണ്ട് മുൻകരുതലുകൾ എടുക്കണമെന്നും ആയിടെ നടന്ന ഒരു ബോധവൽക്കരണ ക്ലാസ്സിൽ നിന്നു റീസ് മനസ്സിലാക്കിയിരുന്നു.

ഈ സാഹചര്യത്തിൽ എന്തുവേണം? മറ്റാരോടെങ്കിലും ഈ ഉൽക്കണ്ഠ പങ്കുവയ്ക്കുന്നതിനു മുൻപ് മിസ് ജോൺസിനോട് (പിന്നീട് റീസിന്റെ ഭാര്യയായി) റീസ് ഇക്കാര്യം പറഞ്ഞു. എന്താണ് ഇതിന്റെ ഫലമായി സംഭവിക്കുകയെന്നുള്ള കാര്യവും റീസ് മറച്ചു വച്ചില്ല. ഇതു മൂലം ഉണ്ടാകാവുന്ന അപകടം തുറന്നു പറഞ്ഞു. മൂന്നുമാസം ജോയെ ശുശ്രൂഷിച്ച ശേഷം തിരിച്ചു റീസു വരികസ്വയം ഒരു ക്ഷയരോഗിയായി മാറിക്കൊണ്ടായിരിക്കും. "ആട്ടെ, നീ ഇതിനെക്കുറിച്ച് എന്തു പറയുന്നു?" – റീസിന്റെ ചോദ്യം.

പ്രാർത്ഥിക്കാനും ചിന്തിക്കാനും രണ്ടു ദിവസത്തെ അവധി അവൾ ആവശ്യപ്പെട്ടു, റീസ് സമ്മതിച്ചു.

രണ്ടുദിവസം കഴിഞ്ഞ് അവൾ വന്നു പറഞ്ഞു – "സമ്മതിച്ചിരിക്കുന്നു. കർത്താവെന്നോട് ഇങ്ങനെ ചോദിച്ചു: 'റീസ് ക്ഷയരോഗിയാണെന്നും മറ്റൊരു സഹോദരൻ ശുശ്രൂഷിക്കാൻ കൂടെ പോകാമെന്നും പറഞ്ഞെന്നിരിക്കട്ടെ.എങ്കിൽ നീ തടയുമോ? ഇല്ലല്ലോ. അങ്ങനെയെങ്കിൽ നിങ്ങൾക്കു ചെയ്യുന്നതുപോലെ മറ്റുള്ളവർക്കും ചെയ്യുവിൻ എന്ന ദൈവവചനം അനുസരിച്ച് ജോയെ ശുശ്രൂഷിക്കാൻ റീസിനെ വിടുകയില്ലേ വേണ്ടത്?' കർത്താവ് ഇങ്ങനെ എന്നോടു ചോദിച്ചപ്പോൾ എനിക്കു സമ്മതിക്കാതിരിക്കാനാവുമോ?"

അങ്ങനെ കാര്യങ്ങൾ തീരുമാനമായി. 1910-ലെ വേനൽക്കാലത്ത് ജോയെ മെഡൈര്യാ ദ്വീപിലേക്കു റീസുകൊണ്ടു പോയി. അവിടെ 'ഫുൻചാൽ' എന്ന സ്ഥലത്ത് ഒരു മിഷനറി താമസിച്ചിരുന്നു. അദ്ദേഹം റീസിനെയും ജോയെയും കാണാനെത്തി. ജോയുടെ അസുഖം വളരെ ഗുരുതരമായ അവസ്ഥയിലാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലായ ആ മിഷനറി ചോദിച്ചത് ശരിക്കും ഇത്രയും ദൂരം യാത്രചെയ്ത് മെഡൈര്യയിലേക്കു വരാൻ ഒന്നിലേറെ ഡോക്ടർമാർ ഉപദേശിച്ചോ എന്നാണ്.

ഏതായാലും അപകടം കൂടാതെ മെഡൈര്യയിൽ എത്തി. ഇനി ഡോക്ടർ ഉപദേശിച്ച അത്രയും നാൾ ഇവിടെത്തന്നെ താമസിക്കാമെന്നു റീസുതീരുമാനിച്ചു.

അവിടെ രണ്ടുതരം ഹോട്ടലുകളാണുണ്ടായിരുന്നത്. ഇംഗ്ലീഷുകാരുടെ ഹോട്ടലിൽ ഭക്ഷണം ഉൾപ്പെടെ ഒരാളുടെ പ്രതിദിന വാടക ഏഴുഷില്ലിങ് ആറു പെൻസാണ്. പോർച്ചുഗീസ് ഹോട്ടലിൽ അല്പം





കൂടി മര്യാദയുണ്ട് – നാലു ഷില്ലിങ് രണ്ടു പെൻസ്.പണം ഉള്ളത് അത്യാവശ്യത്തിനു മാത്രമേ ഉപയോഗിക്കാനാവൂ എന്നു പരിശുദ്ധാത്മാവു നേരത്തെ പഠിപ്പിച്ചിട്ടുള്ളതുകൊണ്ട് സ്വാഭാവികമായും റീസ് താമസത്തിനു പോർച്ചുഗീസ് ഹോട്ടൽ തന്നെ തിരഞ്ഞെടുത്തു. രണ്ടു ദിവസം കൂടുമ്പോൾ ഒരു നേരം മാത്രം ഭക്ഷണം കഴിച്ചു ശീലിച്ച റീസിന് അവിടുത്തെ താമസം ഒന്നാംതരമായി തോന്നി. പക്ഷേ ജോയ്ക്ക് അങ്ങനെയായിരുന്നില്ല.

താമസമായിരുന്നില്ല, പോർച്ചുഗീസ് ഭക്ഷണമായിരുന്നു പ്രശ്നം. അതു ജോയ്ക്കു വയറിനു പിടിക്കുന്നതായിരുന്നില്ല. മൂന്നാം ദിവസായപ്പോഴേക്കും ജോയുടെ അവസ്ഥ ദയനീയമായി. എന്തു ചെയ്യും?ഹോട്ടൽ മുറിയിൽ തന്നെ പൂർണ വിശ്രമം എടുക്കാൻ ജോയോടു നിർദ്ദേശിച്ച ശേഷം റീസ് വിജനമായ സ്ഥലത്തേക്കു പോയി ദൈവഹിതം ആരാഞ്ഞു. എന്താണു ചെയ്യേണ്ടതെന്നു ദൈവം റീസിനു കാണിച്ചുകൊടുത്തു. ദിവസം രണ്ടുപേരുടെ ചെലവിന് പോർച്ചുഗീസ് ഹോട്ടലിൽ എട്ടു ഷില്ലിങ് നാലു പെൻസാണല്ലോ ഇപ്പോൾ ചെലവഴിക്കുന്നത്. തുടർന്നും അത്രയും തന്നെ ചെലഴിക്കാൻ അനുവാദമുണ്ട്. അങ്ങനെയെങ്കിൽ ജോയെ ഏഴു ഷില്ലിങ് ആറു പെൻസ് മുടക്കി ഇംഗ്ലീഷ് ഹോട്ടലിൽ താമസിപ്പിക്കുക. അവശേഷിക്കുന്ന 10 പെൻസുകൊണ്ട് (12 പെൻസാണ് ഒരു ഷില്ലിങ്) റീസ് എവിടെയെങ്കിലും എങ്ങനെയെങ്കിലും താമസിച്ചാൽ പ്രശ്നം തീർന്നല്ലോ.

മിഷനറി ഇക്കാര്യം കേട്ടപ്പോൾ 1 ഷില്ലിങിൽ താഴെയുള്ള തുകകൊണ്ട് മെഡൈര്യയിൽ എങ്ങും ആർക്കും താമസവും ഭക്ഷണവും കിട്ടുകയില്ലെന്നു തീർത്തു പറഞ്ഞു. പക്ഷേ അദ്ദേഹം ഒരു നിർദ്ദേശം മുന്നോട്ടുവച്ചു – റീസിന് തന്റെ മിഷൻ വീടിന്റെ നിലവറയിൽ സൗജന്യമായി താമസിക്കാം. വാസ്തവത്തിൽ മിഷൻ വീടിന്റെ ഒരു മുറിവേണമെങ്കിലും അദ്ദേഹത്തിനു റീസിനു കൊടുക്കാവുന്നതായിരുന്നു. എന്നാൽ അദ്ദേഹം അതിനു തയ്യാറായില്ല. 'നാവികന്റെ വിശ്രമസ്ഥലം' എന്നറിയപ്പെടുന്ന നിലവറയാണ് മിഷനറി റീസിന്റെ താമസത്തിനായി നൽകിയത്. പക്ഷേ അതിന് ദൈവത്തിന് ഒരു പ്രത്യേകലക്ഷ്യമുണ്ടായിരുന്നു.

'നാവികന്റെ വിശ്രമസ്ഥലം' വിശാലമായ ഒരു സ്ഥലമായിരുന്നു. ഒരു ഡസൻ ആളുകൾക്കുവേണമെങ്കിലും അവിടെ താമസിക്കാം. പക്ഷേ മാസങ്ങളായി അവിടെ ആരും താമസിച്ചിട്ടില്ലാത്തതിനാൽ അവിടം പാറ്റയും എലിയും പല്ലിയും എട്ടുകാലിയും തേളും പഴുതാരയും എന്നുവേണ്ട എല്ലാവിധ ക്ഷുദ്രജീവികളുടെയും ആവാസസ്ഥലമായിരുന്നു. "മൂന്നും നാലും ബാധകൾ ഫറവോനും ഭൃത്യന്മാരും അനുഭവിച്ചതിന്റെ ഒരു രുചി അവിടുത്തെ താമസം എനിക്കു തന്നു. ആദ്യരാത്രി ഒട്ടും ഉറങ്ങാൻ കഴിഞ്ഞില്ല. ക്ഷുദ്രജീവികളെയും കൂറകളെയും തുരത്തുന്നതായിരുന്നു പുറമേയുള്ള പരിപാടി. അകത്തുള്ളതു ഭയവും. വല്ലവിധേനയും നേരം വെളുപ്പിച്ചു. രാവിലെ പ്രാതലിന്റെ സമയത്തായിരുന്നു ശരിക്കുള്ള യുദ്ധം. ഓട്സും റൊട്ടിയും ചീസും പ്രാതലിന് എടുത്തു വച്ചപ്പോൾ അതിന്റെ പങ്കു പറ്റാൻ എന്നെ കൂടാതെ 'ഒട്ടേറെ പേരുണ്ടായിരുന്നു! 'ഇഴജാതി'യെക്കുറിച്ചു പത്രോസ് പരാതിപ്പെട്ടതുപോലെ പരാതി പറയാൻ എനിക്കും ന്യായമായ അവകാശമുണ്ടെന്ന് തോന്നിപ്പോയി.ഇതു ക്രമേണ ആ മിഷനറിയെക്കുറിച്ചുള്ള നിഷേധാത്മകമായ ചിന്തകളിലേക്ക് എന്നെ നയിച്ചു. ഒരു കാരണവശാലും ഞാൻ ഇങ്ങനെ മറ്റൊരാളെക്കുറിച്ചുള്ള വിദ്വേഷത്തിന്റെ ചിന്തകൾ മനസ്സിൽ താലോലിക്കാറില്ല. ഞാൻ സാധാരണ ഹൃദയത്തെ എന്റെ വരുതിയിൽ നിർത്താറുള്ളതാണ്.പക്ഷേ ഇക്കുറി ഈ ചിന്തകൾ തുടർച്ചയായി എന്റെ ഹൃദയത്തെ മഥിക്കാൻ തുടങ്ങി.

മിഷനറിയെ സ്നേഹിക്കുന്നതിൽ നിന്ന് എന്തോ എന്നെ തടയുന്നതുപോലെ.

"ഞാനാകെ തളർന്നു. ജീവിതം ജീവിക്കാൻ യോഗ്യമല്ലെന്നുപോലും തോന്നി. പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്ന ഒരുവനെപ്പോലെയല്ല, മറിച്ച് പെരുമാറ്റത്തിൽ വെറും ഒരു പച്ച മനുഷ്യനെപ്പോലെയായി ഞാൻ. സ്വയസഹതാപം മൂലം ഞാൻ കരയുന്ന മട്ടിലായി. അപ്പോൾ കർത്താവു പറഞ്ഞു: "നീ കരയാൻ തുടങ്ങുന്നതിനു മുൻപ് എനിക്കു നിന്നോടു സംസാരിക്കാനുണ്ട്. ദിവസവും രണ്ടു പെൻസുകൊണ്ടു ജീവിക്കുന്നകാര്യം മംഗോളിയയിലെ ജയിംസ് ഗിൽമറിൽ വച്ചു നീ പ്രസംഗിച്ചതോർക്കുന്നോ? യെഹസ്കേലിനെക്കുറിച്ചും അവന്റെ ജീവിത രീതിയെക്കുറിച്ചും നീ പ്രസംഗിച്ചതോർക്കുന്നോ?"

ഞാൻ ദൈവത്തോടു മാപ്പു പറഞ്ഞു.പക്ഷേ അവിടുന്നു പറഞ്ഞു: "ഇതു നിന്നിലുണ്ട്. ഞാൻ മെഡെര്യയിലേക്കു നിന്നെകൊണ്ടുവന്നതെന്തിനാണെന്നറിയാമോ? നിന്നെ ഇതുകാട്ടിത്തരുവാൻ വേണ്ടിയാണ്. നിന്റെ സ്നേഹവും എന്റെ സ്നേഹവും തമ്മിലുള്ള വ്യത്യാസം നിന്നെ കാണിച്ചു തരുന്നതിനു വേണ്ടിയാണ്, നിന്റെ സ്വഭാവത്തിലെ ചില കാര്യങ്ങൾ നീക്കിക്കളയുന്നതിനു വേണ്ടിയാണ് ഈ സ്ഥലത്തു നിന്നെ എത്തിച്ചിരിക്കുന്നത്. മിഷനറി നിന്നോടു പെരുമാറിയതിനും എത്രയോ മടങ്ങു മോശമായി നീ പെരുമാറിയിട്ടും രക്ഷകൻ നിന്നെ എത്രമേൽ സ്നേഹിച്ചു!അവിടുന്നു ഭൂമിയിലായിരുന്നപ്പോൾ തങ്ങൾക്കുള്ള ഏറ്റവും ഉത്തമമായതെന്ന മട്ടിൽ അവരുടെ രണ്ടാം തരവും മൂന്നാം തരവും ആളുകൾ നൽകിയപ്പോൾ അതു സ്വീകരിച്ച് അവിടുന്ന് അവരെ സ്നേഹിച്ചു. നിന്നേയും ഇതേ സ്ഥാനത്തേക്കുകൊണ്ടുവരുവാൻ നിന്റെ ഉള്ളിലേക്കു വരുവാൻ തക്കവണ്ണം നീ രക്ഷകനെ അനുവദിച്ചിട്ടില്ല.

ഇതുകേട്ടപ്പോൾ എന്റെ കുറവിനെ ചൂണ്ടിക്കാണിച്ചു തന്നതിനു ഞാൻ ദൈവത്തെ സ്തുതിച്ചു. അവൻ എന്തെനിക്കു തന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല ഞാൻ ആ മിഷനറിയെ സ്നേഹിക്കേണ്ടത്. മറിച്ച് എനിക്കവനെ സ്നേഹിക്കാതിരിക്കാനാവില്ല. രക്ഷകന്റെ സ്വഭാവത്തിന്റെ തായ്‌വേര് സ്നേഹമാണെന്നു ഞാൻ കണ്ടു. എന്റെ സ്വഭാവത്തിന്റെയും തായ്‌വേര് സ്നേഹമാണെങ്കിൽ മിഷനറി എന്തുചെയ്താലും അതെന്നെ ബാധിക്കേണ്ടതില്ലല്ലോ. ഒരു മിന്നൽ പോലെയാണ് ഇക്കാര്യം ഞാൻ കണ്ടത്. ഞാൻ ഉടനെ മുട്ടിൽമേൽ വീണു. എന്നിൽ ഇതു യാഥാർത്ഥ്യമാക്കുന്നതുവരെ പരിശുദ്ധാത്മാവ് എന്നെ വിട്ടു നീങ്ങരുതെന്നു ഞാൻ അപേക്ഷിച്ചു.

എന്റെ സ്വഭാവത്തിൽ ഇതുവരാതെ ഞാൻ എന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാതെ, ഒരു അന്ധനെപ്പോലെ, വിഡ്ഢിയെപ്പോലെ ഗിരിപ്രഭാഷണത്തിൽനിന്നു പ്രസംഗിച്ചുകൊണ്ടു തുടർന്നിരുന്നെങ്കിൽ അതെത്ര ദയനീയമാകുമായിരുന്നു!ഞാൻ എപ്പോഴെങ്കിലും എന്റെ രക്ഷകനെ സ്നേഹിച്ചെങ്കിൽ അതിപ്പോഴായിരുന്നു. തന്നെ മരണത്തിന് ഏല്പിച്ചവരെപ്പോലും അവിടുന്നു സ്നേഹിച്ചുവെന്നു ഞാൻ കണ്ടു — ആ സ്നേഹത്തിനു പരിധി ഉണ്ടായിരുന്നില്ല.

ഞാൻ അന്ന് മെഡെര്യയിലെ കുന്നുകളിലേക്കു നടക്കാൻ പോയി. അവിടെ ഏകാന്തതയിൽ അവിടുത്തെ സൗന്ദര്യം ദർശിച്ച്, തന്നെ ആരാധിച്ചുസമയം ചെലവഴിച്ചു. എന്റെ കൂട്ടുകാരന്റെ കാര്യം പോലും വിസ്മരിച്ചു പൂർണനും വിശുദ്ധനുമായ രക്ഷകനോടൊത്തു ഞാനവിടെ സമയം ചെലവഴിച്ചു. പരിശുദ്ധാത്മാവ് പൂർണസ്നേഹമായി, തികഞ്ഞ ക്ഷമയായി, സമ്പൂർണമായ കരുണയായി എന്നിൽ ആവസിക്കുക. ആ സ്ഥാനത്തു ഞാൻ എത്തുന്നത് എത്ര മഹത്തരമായിരിക്കു





മെന്നു ഞാൻ കണ്ടു. ഒരു മണിക്കൂറുകൊണ്ടു ഞാനതു നേടി എന്നാവും നിങ്ങൾ ചിന്തിക്കുന്നത്! 'ഓ നിങ്ങൾക്കതു ക്ഷമിക്കാവുന്നതായിരുന്നു' എന്നു നിങ്ങളിലാരെങ്കിലും പറഞ്ഞെന്നു വരാം. ഉവ്വ്, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരു വ്യാജ ക്ഷമ നമുക്കു കൊടുക്കാൻ കഴിയും. എന്നാൽ കുറച്ചു കഴിയുമ്പോൾ ക്ഷമിച്ചെന്നു കരുതിയതു വീണ്ടും മനസ്സിലേക്കു വരും. എന്നാൽ രക്ഷകനെപ്പോലെയായില്ലെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ ക്ഷമിക്കുകയില്ല. രക്ഷകൻ ക്ഷമിച്ചതുപോലെ ക്ഷമിക്കണമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ രക്ഷകനെപ്പോലെയാകണം. എത്രയോവട്ടം ഞാൻ ചിന്തിച്ചു 'ഒടുവിൽ യഥാർത്ഥമായും ക്ഷമിക്കുന്നതു ഞാൻ നേടി'! എന്നാൽ മിഷനറിയെ നേരിൽ കാണുന്നതുവരെ മാത്രമേ അതിന് ആയുസ്സുണ്ടായിരുന്നുള്ളു.അദ്ദേഹത്തെ വീണ്ടും കാണുമ്പോൾ പഴയ നിഷേധാത്മകമായ ചിന്തകൾ തള്ളിക്കയറി വരും!

പക്ഷേ ആറാഴ്ചകൊണ്ട് എനിക്കു പരിവർത്തനമുണ്ടായി. രക്ഷകൻ തനിക്കു വേണ്ടി എന്തു ചെയ്തു എന്നു കാണുമ്പോൾ ഒരു മദ്യപൻ മദ്യപാനത്തിൽ നിന്നു മാറുന്നതുപോലെ ഞാൻ മാറി. ഞാൻ പൂർണമായും മാറി. എന്തൊരു ജീവിതമാണ് അവിടുന്ന് എനിക്ക് തന്നത്! ഓ, സമ്പൂർണമായ സ്നേഹം!

ഇതു നിലനിൽക്കുന്നതാണോ എന്നതിന്റെ പരീക്ഷ തൊട്ടടുത്ത ദിവസം തന്നെ ഉണ്ടായി. ആ സ്ഥലത്ത് മിഷനറിയോട് അത്ര ഇഷ്ടമില്ലാത്ത ഒരു സുവിശേഷകനുണ്ടായിരുന്നു. സാധാരണ അദ്ദേഹം എന്നോടു കാര്യമായി ഒന്നും മിണ്ടാറില്ല. എന്നാൽ ഈ പ്രത്യേക ദിവസം രാവിലെ എന്നെ കണ്ടപ്പോൾ സുവിശേഷകൻ പതിവില്ലാതെ എന്നോടു കുശലം ചോദിച്ചു:

"ആട്ടെ, താങ്കൾ എവിടെയാണു താമസിക്കുന്നത്?"

"ഞാനോ? ഞാനിവിടെ മിഷൻ ഹൗസിൽ."

"മിഷൻ ഹൗസിൽ തന്നെ എവിടെയാണു നിങ്ങൾ തങ്ങുന്നത്?" വീണ്ടും ചോദ്യം.

അദ്ദേഹത്തിന്റെ പിന്നിൽ 'സാത്താന്റെ' സാന്നിധ്യം ഞാൻ മണത്തു.

ഞാൻ മിണ്ടാതെ നിന്നപ്പോൾ അദ്ദേഹം തന്നെ തുടർന്നു: "മിഷൻ ഹൗസിൽ നാവികന്റെ വിശ്രമമുറിയിലാണോ താങ്കളെ താമസിപ്പിച്ചിരിക്കുന്നത്?"

"അതേ"

"മിഷൻ ഹൗസിൽ വേറെ മുറികളുണ്ടായിട്ടും അത്തരം ഒരു സ്ഥലത്തു താങ്കളെ പാർപ്പിച്ചിരിക്കുന്നു! ആട്ടെ, ഇതിനെ നിങ്ങളുടെ രാജ്യത്ത് ക്രിസ്തീയത എന്നു നിങ്ങൾ വിളിക്കുമോ?"

ഈ ചോദ്യം ചില ദിവസം മുൻപ് ഇദ്ദേഹം എന്നോടു ചോദിച്ചിരുന്നെങ്കിൽ എന്റെ മറുപടി എന്താകുമായിരുന്നു!

പക്ഷേ ഇപ്പോൾ കാര്യങ്ങൾക്കൊരു വ്യക്തതയുണ്ട്. ഞാൻ സുവിശേഷകനോട് ഒരു മറുപടി പറയാതെ തിരിച്ച് ഇങ്ങനെ ചോദിച്ചു: "വൈദ്യുതിക്കും തുണി അലക്കുന്നതിനുമൊക്കെ താങ്കൾക്കു ചെലവില്ലേ?"

"ഉണ്ട്. അതിനു നല്ല ചെലവുണ്ട്."

"എന്നാൽ എനിക്ക് നാവികന്റെ വിശ്രമമുറിയിൽ അതു രണ്ടും തീർത്തും സൗജന്യമായാണു ലഭിക്കുന്നത്. അതാണു ക്രിസ്തീയത. മിഷനറി എനിക്കതാണു ചെയ്തുതരുന്നത്."

ഓ! എന്തൊരു സ്വാതന്ത്ര്യം! എന്തൊരു വിജയം!!

അതിനുശേഷം 'നാവികന്റെ വിശ്രമമുറിയിൽ' ഞാൻ അനുഭവിച്ച അത്രയും ദൈവസാന്നിദ്ധ്യം വേറൊരു സ്ഥലത്തും അനുഭവിച്ചിട്ടില്ല. ഹോട്ടൽമുറിയിൽ നല്ല ഭക്ഷണം കഴിച്ച് ഒരു ദിവസം മുഴുവൻ

ചെലഴിക്കുമ്പോൾ കിട്ടിയിരുന്ന ദൈവിക സാന്നിധ്യം 'നാവികന്റെ വിശ്രമമുറിയിൽ' ഒരു മണിക്കൂർകൊണ്ടു കിട്ടിത്തുടങ്ങി. നാവികന്റെ വിശ്രമമുറിയിൽ ഞാൻ താമസിക്കുന്നതും കർത്താവ് അവിടെ താമസിക്കുന്നതും തമ്മിലുള്ള വ്യത്യാസം എനിക്കു മനസ്സിലായി" – റീസിന്റെ വാക്കുകൾ.

ദിവസങ്ങൾ ഒന്നൊന്നായി കടന്നുപോയി. മെഡീര്യയിലെ താമസം രണ്ടുമാസം പിന്നിട്ടു. ജോയുടെ നിലയിൽ ഒരു പുരോഗതിയും കാണാനുണ്ടായിരുന്നില്ല.

ഒരു ദിവസം ജോയുടെ ആരോഗ്യസ്ഥിതി പൂർണമായും തകർന്നു. മരിക്കാൻപോകുകയാണെന്ന തോന്നൽ ജോയ്ക്കുണ്ടായി. വീടിനെക്കുറിച്ചും നാട്ടിൽപോയി അവിടെകിടന്നു മരിക്കുന്നതിനെക്കുറിച്ചുമൊക്കെയായി അവന്റെ സംസാരം. റീസ് ആകെ വിഷമിച്ചു. താനൊരു നിലപാട് എടുക്കേണ്ടതുണ്ടെന്നു റീസിനു മനസ്സിലായി.

"ദൈവം നമ്മെ ഇവിടെകൊണ്ടുവന്നു. തന്റെ ഹിതം നമുക്കു വെളിപ്പെടുത്തുന്നതിനു മുൻപേ നിന്നെ മരിക്കാൻ ദൈവം അനുവദിക്കുമെന്നു ജോ ചിന്തിക്കുന്നുണ്ടോ? ഇല്ല. ഈ ദീനം മരണത്തിനായിട്ടല്ല. പക്ഷേ തന്റെ മഹത്വം വെളിപ്പെടേണ്ടതിനായാണ്...." റീസ് തറപ്പിച്ചു പറഞ്ഞു.

ജോയ്ക്ക് ആശ്വാസമായി. എന്നാൽ റീസ് ജോയെ വിട്ട് തന്റെ താമസസ്ഥലത്തേക്കു പോകാനുള്ള കൊച്ചു ലോക്കൽ ട്രെയിനിൽ കയറാൻ തുടങ്ങിയപ്പോൾ ജോ പൊട്ടിക്കരഞ്ഞുപോയി. നിലവിളിക്കുന്ന ജോയെ ഒറ്റയ്ക്കാക്കി പോകുന്നതെങ്ങനെ? പോകാതിരിക്കുന്നതെങ്ങനെ? ജോയ്ക്ക് ആ രാത്രി തന്നെ വല്ലതും സംഭവിച്ചേക്കുമെന്നു തോന്നിപ്പോയി. അവന്റെ കണ്ണുനീർ റീസിന്റെയും ധൈര്യം കെടുത്തി.

"പക്ഷേ ഒടുവിൽ ജോയെ വല്ലവിധേനയും ആശ്വസിപ്പിച്ച് ഞാൻ ട്രെയിനിൽ കയറിയ നിമിഷം ആ സ്വരം ഞാൻ കേട്ടു. ഒരു കുഞ്ഞ് പിതാവിന്റെ സ്വരം തിരിച്ചറിയുന്നതുപോലെ ഞാനതു തിരിച്ചറിഞ്ഞു. ആ സ്വരം ഇങ്ങനെ പറഞ്ഞു: 'ഇന്നു മുതൽ ഒരുമാസം തികയുമ്പോൾ ജോയ്ക്കു സുഖമാകും.'

ട്രെയിനിൽ ദൈവതേജസ്സ് ഇറങ്ങിവന്ന അനുഭവം. സാധാരണ ആളുകൾ പോലും എന്തോ അസാധാരണ സാന്നിധ്യം തിരിച്ചറിഞ്ഞതുപോലെ തല തിരിച്ചു നോക്കുന്നതു കാണാമായിരുന്നു."

നാവികന്റെ വിശ്രമമുറിയിൽ മടങ്ങിയെത്തിയപ്പോൾ റീസ് ആദ്യം ചെയ്തത് മൂന്നു എഴുത്തുകൾ എഴുതുകയാണ്. ഒന്ന് ജോയുടെ പിതാവിന്. രണ്ട് റീസിന്റെ വീട്ടിലേക്ക്. മൂന്ന് മിസ് ജോൺസിന്. ഒരു മാസംകൂടി കഴിഞ്ഞ് തങ്ങൾ മടങ്ങിയെത്തുമെന്ന് മൂന്നുകത്തിലും വ്യക്തമാക്കി. 'പ്രകൃതിയും മരുന്നും എല്ലാം തീർത്തും പരാജയപ്പെടുമ്പോൾ ഉന്നതമായ ഒരു നിയമം പ്രവർത്തിക്കുമെന്നു കർത്താവു തന്നെ കാണിച്ചതായി' റീസ് എഴുതി.

സൗഖ്യത്തെക്കുറിച്ചുള്ള വാർത്ത ജോയെ അറിയിക്കാൻ പിറ്റേന്നു രാവിലെ തന്നെ റീസ് ഹോട്ടലിൽ മടങ്ങിയെത്തി. തന്റെ സഹജമായ കുസൃതിയോടെ റീസ് ജോയോടു ചോദിച്ചത് ഇങ്ങനെ :"ആട്ടെ ജോ എന്താണു നിന്റെ ഭാവിപരിപാടികൾ"?

ജോ കരയുംപോലെ പറഞ്ഞു :"ശവക്കുഴിയല്ലാതെ മറ്റെന്താ ഭാവി ?". ഹോട്ടലിലേക്കു താമസം മാറ്റിയപ്പോൾതന്നെ താൻ ഭാവിയിൽ ഒന്നിനെക്കുറിച്ചും പരാതിപ്പെടുകയില്ലെന്നു ജോ പ്രതിജ്ഞ എടുത്തിരുന്നതാണ്. അതോർത്ത് അവൻ കരച്ചിലടക്കി.

തുടർന്നു ദൈവം അവനെ സാനിട്ടോറിയത്തിലും ബ്ലാക്ക് മൗണ്ടനിലെ കൂടാരത്തിലും ഒടുവിൽ ഇവിടെ മെഡെര്യയിലും കരുതുകയും പരിപാലിക്കുകയും ചെയ്തതു റീസ് ഓർമ്മിപ്പിച്ചു. പിന്നെ സാവധാനം ഇങ്ങനെ പറഞ്ഞു :"പക്ഷേ ഏറ്റവും നല്ല വീഞ്ഞ് അവൻ ഇതുവരെയും സൂക്ഷിച്ചുവച്ചു. ദൈവം നിന്നെ ഒരു മാസം കഴിഞ്ഞു പൂർണസൗഖ്യമുള്ളവനാക്കുവാൻ പോകുന്നു."





അതുകേട്ടു ജോ പിന്നെയും കരഞ്ഞു. അവനു കണ്ണുനീർ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. "ഒരു ഉറവ തുറന്നുവിട്ടതുപോലെയായിരുന്നു അത്. രണ്ടു മൂന്നു ദിവസം അവൻ നിരന്തരം കരഞ്ഞുകൊണ്ടിരുന്നു. വീട്ടിൽ ആരോഗ്യത്തോടെ മടങ്ങിച്ചെന്ന് എല്ലാവരേയും വീണ്ടും കാണാൻ കഴിയും എന്നതു ജോയെ സംബന്ധിച്ചിടത്തോളം വിശ്വസിക്കാൻ പോലും കഴിയാത്തവിധം വളരെ നല്ലതായി തോന്നി. അമ്മാവൻ ഡിക്കിന്റെ കാര്യത്തിൽ വിശ്വസിക്കാൻ കഴിഞ്ഞെന്നു ജോ പറഞ്ഞു. പക്ഷെ സ്വന്തകാര്യം വിശ്വസിക്കുന്നത് മറ്റൊരു സംഗതിയായി അവനു തോന്നി. ഏതായാലും ഒന്നു രണ്ടുദിവസം കഴിഞ്ഞതോടെ അവനു പൂർണമായ വിശ്വാസമായി".

ആ രാത്രി റീസ്, മിഷനറിയുടെ ഭാര്യയെ കാണാനിടയായി. പതിവുപോലെ അവൾ റീസിനോടു സ്നേഹിതന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച അന്വേഷിച്ചു.

''അവനു തീർത്തും സുഖമില്ല. എന്നാൽ ഒരുമാസംകൊണ്ട് അവനെ പരിപൂർണമായി സൗഖ്യമാക്കുവാൻ പോകുകയാണെന്നു കർത്താവ് എന്നോടു പറഞ്ഞു" – ഇതായിരുന്നു റീസിന്റെ മറുപടി.

കേട്ടതു വിശ്വസിക്കാൻ മിഷനറിയുടെ ഭാര്യക്കു കഴിഞ്ഞില്ല. അവൾ തർക്കിച്ചു. "നിങ്ങൾക്ക് എങ്ങനെ അങ്ങനെ പറയാൻ കഴിയും ? അവന്റെ രണ്ടു ശ്വാസകോശവും പോയ സ്ഥിതിക്ക് അതു സംഭവിക്കാൻ പോകുന്നില്ലെന്നു നിങ്ങൾക്ക് അറിയാം. ഇതിനുമുൻപൊരിക്കലും ഇങ്ങനെ സൗഖ്യം ഉണ്ടായിട്ടില്ല".

"നേരത്തെ ഇങ്ങനെ സംഭവിക്കാത്തതിന് ഒരു കാരണമേയുള്ളൂ –അവിശ്വാസം. പക്ഷേ ജോയെ സൗഖ്യമാക്കാൻ പോകുകയാണെന്നു കർത്താവ് എന്നോടു പറഞ്ഞതാണ്. ഒരു മാസം കഴിയുമ്പോൾ ഞങ്ങൾ നാട്ടിലേക്കു മടങ്ങും".

പിറ്റേന്നു രാവിലെ മിഷനറി റീസിനെ കണ്ടു. ഭാര്യയിൽ നിന്നു വിവരങ്ങൾ അദ്ദേഹം അറിഞ്ഞിരുന്നു. "നിങ്ങൾ ഒരു മാസം കഴിഞ്ഞു മടങ്ങുമെന്നിങ്ങനെ കേട്ടു.ശൈത്യകാലം ചെലവഴിക്കാനാണു നിങ്ങൾ ഇവിടേക്കു വന്നത്. എന്നാൽ ഒരു മാസം കഴിഞ്ഞു നിങ്ങൾ ശൈത്യകാലത്തിന്റെ മധ്യത്തിലായിരിക്കും മടങ്ങുന്നത്. അതും ഒരു ക്ഷയരോഗിയുമൊത്ത്. ആട്ടെ, നിങ്ങൾ ഒരു വിദഗ്ധനായ ഡോക്ടറെക്കൂടി ഇവിടെ കാണുന്നോ"? മിഷനറി ചോദിച്ചു.

"ഓ, തീർച്ചയായും. എന്റെ കയ്യിൽ 200 പൗണ്ടുണ്ട്. ഔഷധത്തിനു ചെയ്യാൻ കഴിയുന്നതെല്ലാം പരീക്ഷിക്കാൻ ഞാൻ തയ്യാറാണ്. വിദഗ്ധൻ നിർദ്ദേശിക്കുന്നതെല്ലാം തന്നെ ചെയ്യാം" – റീസ് പറഞ്ഞു.

തനിക്ക് മരുന്നിനോട് ഒരു വിയോജിപ്പും ഇല്ല. മാത്രമല്ല, പ്രകൃതിയുടെ നിയമങ്ങളെല്ലാം പരാജയപ്പെട്ടുകഴിയുമ്പോഴാണ് ദൈവം തന്റെ പ്രകൃതീതമായ നിയമവുമായി ഇടപെടുന്നത് എന്നും റീസ് മിഷനറിയോടു വിശദീകരിച്ചശേഷം ഇങ്ങനെ ചോദിച്ചു.

"ആട്ടെ വിദഗ്ധനായ ഭിഷഗ്വരനും കൈയൊഴിഞ്ഞാൽ തുടർന്നു ജോ സൗഖ്യം പ്രാപിക്കുമ്പോൾ അതു ദൈവം തന്നെ ചെയ്തതാണെന്നു നിങ്ങൾ വിശ്വസിക്കാമോ"?

"തീർച്ചയായും" മിഷനറി കണ്ണീരോടെ സമ്മതിച്ചു. "ഇതിനെക്കാൾ യുക്തിസഹമായി മറ്റൊരു കാര്യം ഞാൻ കേട്ടിട്ടില്ല".

ഈ വാർത്ത മിഷനറി തന്നെ മെഡെര്യയിലെങ്ങും അറിയിച്ചു. 200 പൗണ്ട് വക്കുംമൂലയും പൊട്ടാതെ തന്റെ കൈവശം ഉണ്ടെന്നു റീസു പറഞ്ഞതിലും മിഷനറി അത്ഭുതപ്പെട്ടു. ഇത്രയും പണം കയ്യിലുണ്ടായിട്ട് ഇദ്ദേഹം എന്തിനാണു നാവികന്റെ വിശ്രമമുറിയിൽ താമസിച്ചു കഷ്ടപ്പെട്ടത്!

വിദഗ്ധനായ ഡോക്ടർ ജോയെ സൂക്ഷ്മമായ പരിശോധനയ്ക്കു വിധേയനാക്കി. അദ്ദേഹം അത്യാസന്ന നിലയിലാണെന്നാണ് ഒടുവിൽ ഡോക്ടർ പറഞ്ഞത്. ഏതു സമയത്തും എന്തും സംഭവിക്കാം. ജോയെ ഒരിക്കലും തനിയെ ആക്കരുത്. എപ്പോഴും ആരെങ്കിലും അടുത്തുണ്ടായിരിക്കണം. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് വീട്ടിലേക്കു പോയി രോഗി അന്ത്യകാലം അവിടെ സമാധാനമായി ചെലവഴിക്കുന്നതാകും ഉത്തമം - ഡോക്ടർ തുറന്നു പറഞ്ഞു.

''പ്രകൃതിയുടെ സൗഖ്യനിയമം അതിന്റെ നെല്ലിപ്പലകയിലെത്തിയതായി നമുക്കു രണ്ടുപേർക്കും ഇപ്പോൾ ബോധ്യമായല്ലോ". - റീസ് മിഷനറിയോടു പറഞ്ഞു.

ഒരു മാസത്തിനകം ജോയ്ക്കു സൗഖ്യമാകും എന്ന റീസിന്റെ കത്തുകൾ നാട്ടിലെത്തിയപ്പോൾ റീസിന്റെ അമ്മ അത് ജോയെ ക്ഷയരോഗ സാനിട്ടോറിയത്തിലാക്കാൻ ആദ്യം ഉപദേശിച്ച ഡോക്ടറെ കാണിച്ചു. കത്തു വായിച്ചു ഡോക്ടർ ചിരിച്ചു. ഇങ്ങനെ ഒരു രോഗ സൗഖ്യം സാധ്യമല്ലെന്നുതന്നെ അദ്ദേഹം തറപ്പിച്ചു പറഞ്ഞു. അഥവാ ഈ രോഗി സൗഖ്യമായാൽ അന്നു താൻ വിശ്വാസി ആയിക്കൊള്ളാമെന്നും ഡോക്ടർ പറഞ്ഞത്രേ.

മെഡെര്യയിലെ ഡോക്ടർ നിർദ്ദേശിച്ചതനുസരിച്ചു രോഗിയെ തനിയെ വിടാതെ താൻ എപ്പോഴും ജോയോടൊപ്പം ഉണ്ടായിരിക്കാമെന്നു റീസു സമ്മതിച്ചു. അതുകൊണ്ട് റീസും ഹോട്ടലിലേക്കു മാറി.

"നമുക്ക് ഒരു മാസത്തെ അവധിയാണു ലഭിച്ചിരിക്കുന്നത്. കാരണം ഈ വിഷയത്തിനുവേണ്ടി ഇനിപ്രാർത്ഥന ആവശ്യമില്ല.കർത്താവു സൗഖ്യമാക്കാമെന്നു പറഞ്ഞു. നാം അവിടുത്തെ വാക്കുകൾ വിശ്വസിക്കുന്നു. അതുകൊണ്ട് ഈ ഒരു മാസം നമുക്കു പക്ഷികളെപ്പോലെ ആടിപ്പാടി നടക്കാം. ഇവിടെയുള്ള പലർക്കും നമ്മുടെ കാര്യം ഇപ്പോൾ അറിയാം. ഇതിന്റെ അന്ത്യം എന്താകുമെന്ന് അവർ അത്യന്തം ശ്രദ്ധയോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്" റീസ് ജോയോടു പറഞ്ഞു.

സൗഖ്യമാകുന്ന തീയതിക്ക് ഒരാഴ്ച മുൻപ് അവർ നാട്ടിലേക്കു പിറ്റേ ആഴ്ച മടങ്ങാനുള്ള ടിക്കറ്റുകൾ മുൻകൂട്ടി ബുക്കു ചെയ്തു. വേണ്ട തയ്യാറെടുപ്പുകൾ പൂർത്തിയാക്കി.

ഒരുമാസം തികയുന്ന തീയതി അടുത്തു വന്നപ്പോൾ, ഡിക്ക് അമ്മാവൻ താൻ സൗഖ്യമാകുന്ന കൃത്യസമയത്തെക്കുറിച്ചു ദൈവത്തിൽ നിന്നു ബോധ്യം പ്രാപിച്ചതിനെക്കുറിച്ചു റീസ് ഓർത്തു. അതു ജോയോടു പറഞ്ഞു. ജോയും ആ ദിവസം - അതൊരു ശനിയാഴ്ചയായിരുന്നു- എത്രമണിക്കാണു സൗഖ്യമാകുന്നതെന്നു ദൈവത്തോടു ചോദിച്ചു ബോധ്യപ്പെടാൻ റീസ് ഉത്സാഹിപ്പിച്ചു. ജോ അങ്ങനെ ചെയ്തു. ജോ പ്രാർത്ഥനയിൽ ദൈവഹിതം ആരാഞ്ഞശേഷം തിരിച്ചുവന്നതു ചിരിച്ചുകൊണ്ടാണ്. പുലർച്ചെ മൂന്നു മണി, രാവിലെ ആറുമണി എന്നിങ്ങനെ രണ്ടു സമയങ്ങളെക്കുറിച്ചു തനിക്കു ബോധ്യം ലഭിച്ചുവെന്നും എന്നാൽ മൂന്നുമണി എന്നത് അസാധാരണ സമയമായതിനാൽ അതായിരിക്കുകയില്ല, രണ്ടാമത്തെ സമയമായ ആറു മണിയാണു താൻ എടുക്കുന്നതെന്നും ജോ പറഞ്ഞു. ഈ കൃത്യസമയം കാണിച്ചു ജോയുടെ പിതാവിന് ഒരു കമ്പി അടിക്കാനും അവർ തീരുമാനിച്ചു.





"വെള്ളിയാഴ്ച വളരെ ആവേശകരമായ ദിവസമായിരുന്നു. ശനിയാഴ്ച രാവിലെ ആറു മണിക്കു സൗഖ്യമാകുമ്പോൾ നേരെ എന്റെ മുറിയിലെത്തി എന്നെ ആ സന്തോഷവർത്തമാനം അറിയിക്കണമെന്നു ജോയെ ഞാൻ ശട്ടം കെട്ടി. രാത്രി ഞങ്ങൾ ഉറങ്ങാൻ പിരിയുമ്പോൾ അന്യോന്യം കരങ്ങൾ കൊടുത്തു ധൈര്യപ്പെടുത്തി.

ജോ പറഞ്ഞു :"ഈ രോഗവുമായി ഞാൻ ഉറങ്ങുന്ന അവസാന രാത്രിയാണല്ലോ ഇത്".

ആ രാത്രി എനിക്ക് സന്തോഷവും ആവേശവും കൊണ്ടു വേണ്ടവിധത്തിൽ ഉറങ്ങാൻ കഴിഞ്ഞില്ല. പ്രത്യേകിച്ചും അഞ്ചിനും ആറിനും ഇടയ്ക്കുള്ള സമയം. ആറു മണിക്കു വേണ്ടി ഞാൻ പ്രതീക്ഷയോടെ കാത്തു കിടന്നു.

പക്ഷേ -

ആറുമണിയായിട്ടും ജോ വന്നില്ല. ഒടുവിൽ കാണാഞ്ഞ് ഞാനവനെ വിളിച്ചു. ജോ വന്നു, തല കുനിച്ച്, മുഖം വാടി. എന്റെ കട്ടിലിന്റെ ചുവട്ടിൽ ഇരുന്നുകൊണ്ട് തളർന്ന സ്വരത്തിൽ അവൻ പറഞ്ഞു :"എന്നിൽ ഒരു മാറ്റവും ഇല്ല. ഞാൻ ഇന്നലെ ആയിരുന്നതുപോലെ ഇന്നും ".

പെട്ടെന്നു പരിശുദ്ധാത്മാവ് എന്നോടു ചോദിച്ചു :"നീ ആ കമ്പി അയച്ചോ '? ഞാൻ അതേക്കുറിച്ച് അപ്പോഴാണ് ആലോചിച്ചത്. 'തിരിച്ചുപോയി എനിക്കു വേണ്ടി പ്രാർത്ഥിക്കുക' - ഞാൻ ജോയോട് പെട്ടെന്ന് ആവശ്യപ്പെട്ടു. അവനതു മനസ്സിലായില്ല. എനിക്കല്ല തനിക്കാണ് ഇപ്പോൾ പ്രാർത്ഥന വേണ്ടതെന്നായിരുന്നു അവന്റെ ചിന്ത.

ഞാൻ തുടർന്നു ദൈവസന്നിധിയിൽ ഇരുന്നു - സൗഖ്യമാകാൻ താമസം എന്തുകൊണ്ടാണുണ്ടാകുന്നതെന്നു ഞാൻ കർത്താവിനോടു ചോദിച്ചു.

'അവൻ സൗഖ്യമാകുമെന്നു ഞാൻ പറഞ്ഞാൽ നീ കമ്പി അയയ്ക്കുമോ? കാണുന്ന കാര്യങ്ങൾക്ക് എതിരായി, സ്നേഹിതന്റെ വാക്കുകൾക്ക് അപ്പുറത്ത്, നീ സൗഖ്യം എന്നിൽ നിന്നു എടുക്കുമെങ്കിൽ അതു ഡിക്ക് അമ്മാവന്റെ സൗഖ്യത്തിന്റെ സമയത്തു നീ നേടിയതിനും ഉപരിയായ ഒരു പദവിയിൽ നിന്നെ എത്തിക്കും' - പരിശുദ്ധാത്മാവിന്റെ മറുപടി.

ഇവിടെ മറ്റൊരു കാര്യവും പ്രസക്തമായി എനിക്കു തോന്നി. ഡിക്ക് അമ്മാവന്റെ സൗഖ്യം നടന്ന നാട്ടിലേക്കു തന്നെയാണ് ജോയുടെ കാര്യത്തിലും വിജയം നേടി എന്നു ഞാൻ കമ്പി അയയ്ക്കുന്നത്. എന്തെങ്കിലും കാരണവശാൽ ജോയ്ക്കു സൗഖ്യമായില്ലെന്നിരിക്കട്ടെ. അങ്ങനെ വന്നാൽ ഡിക്ക് അമ്മാവന്റെ സൗഖ്യം യാദൃച്ഛികമായി സംഭവിച്ചതാണെന്ന് എല്ലാവരും ധരിക്കും. അങ്ങനെ നാട്ടിൽ പാട്ടാകും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ 'റിസ്ക്' എടുക്കേണ്ടതുണ്ട്. ദൈവം എന്റെ മനസ്സിലേക്കു ശതാധിപന്റെ ദാസന്റെ രോഗസൗഖ്യത്തിന്റെ കാര്യം കൊണ്ടുവന്നു. ഞാനിപ്പോൾ കാണുന്ന, എതിരായ കാര്യങ്ങൾക്ക് അപ്പുറത്ത്,ദൈവത്തിന്റെ വാക്കുകൾ ഞാൻ വിശ്വസിക്കുമോ ? ഒരു മണിക്കൂർ നേരത്തെ മാനസിക പോരാട്ടത്തിനുശേഷം ഞാൻ ഒടുവിൽ അതു തന്നെ തീരുമാനിച്ചു- യഥാർത്ഥത്തിൽ സൗഖ്യം സംഭവിക്കുന്നതിനു മുൻപു തന്നെ വിശ്വാസത്തിൽ ഒരു നിലപാടെടുക്കുക.

ചുരുക്കത്തിൽ രാവിലെ എട്ടുമണിക്കു മുൻപുതന്നെ ഞാൻ പോസ്റ്റോഫീസിൽ ചെന്ന് നാട്ടിലേക്കു കമ്പി അയച്ചു. ഒരേ ഒരു വാക്ക് - 'വിജയം.' കമ്പി അയച്ചു കഴിഞ്ഞപ്പോഴേക്കും എന്റെ കൈകൾ വിയർപ്പുകൊണ്ടു നനഞ്ഞുകഴിഞ്ഞിരു

ന്നു.

അടുത്ത ദിവസം ഞായറാഴ്ച. ഉച്ചയോടടുത്തു. ഞാനും ജോയും ഉച്ചഭക്ഷണസമയമാകാൻ ഹോട്ടലിനു മുമ്പിൽ കാത്തിരിക്കുകയാണ്. പൊടുന്നനെ കർത്താവു ജോയുടെ മേൽ ഒരു മഴപോലെ പെയ്തിറങ്ങി. ആ നിമിഷം തന്നെ ജോയ്ക്കു സൗഖ്യമായി.

അവൻ വിവരം എന്നോടു പറഞ്ഞു.സന്തോഷം കൊണ്ടു തുള്ളിച്ചാടി. തന്നോടൊപ്പം ഒരു ഓട്ട മത്സരത്തിൽ പങ്കെടുക്കാൻ അവനെന്നെ ക്ഷണിച്ചു. ഞങ്ങൾ ഇരുവരും മത്സരിച്ചോടി. ഒടുവിൽ അവൻ എന്നെ തോൽപ്പിച്ചു മുൻപിൽ കടന്നു. ആഹാബിനു മുൻപിൽ ഏലിയാവ് ഓടിയതുപോലെ. പറഞ്ഞുതീരാനാവാത്ത സന്തോഷം. സൗഖ്യം പ്രാപിച്ചതു മാത്രമായിരുന്നില്ല സന്തോഷത്തിനുകാരണം. വിശ്വാസത്തിന്റെ വിജയവും അതിനു കാരണമായി. അന്നു വൈകുന്നേരം മിഷനറിയുടെ വീട്ടിലെ യോഗത്തിൽ ഞാനും ജോയും സംബന്ധിച്ചു. 12 മാസത്തിനുശേഷം ജോ ആദ്യമായി സംബന്ധിക്കുന്ന യോഗം. സൗഖ്യമായ കാര്യം മിഷനറി പരസ്യപ്പെടുത്തി. എന്തൊരു അത്ഭുതകരമായ വിജയം ! ”.

രണ്ടുദിവസത്തിനുശേഷം അവർ മെഡൈര്യ വിട്ടു നാട്ടിലേക്കു മടങ്ങി. അവരാൽ അനുഗൃഹീതരായ പലരും ചേർന്ന് ഹോട്ടലിൽ അവർക്കൊരു യാത്രയയപ്പു പാർട്ടി നൽകി. മിഷനറിയോടും ഭാര്യയോടും വിടപറഞ്ഞതും വികാരഭരിതമായ രംഗങ്ങൾ സൃഷ്ടിച്ചു.

അവർ വീട്ടിലെത്തിയതിന്റെ പിറ്റേന്നു നാട്ടിലെ പഴയ ഡോക്ടർ, ജോയെ സന്ദർശിച്ച് ഒരു പരിശോധന നടത്തുന്നതിൽ വിരോധം ഉണ്ടോ എന്നന്വേഷിച്ചു. ജോ സമ്മതിച്ചു. പരിശോധന കഴിഞ്ഞപ്പോൾ ക്ഷയരോഗത്തിന്റെ ഒരു ലാഞ്ഛനപോലുമില്ല. പരിപൂർണ ആരോഗ്യം നേടിയിരിക്കുന്നു. “ഇതത്ഭുതമാണ്. അത്ഭുതകരം ! ഇദ്ദേഹത്തിൽ യാതൊരു രോഗലക്ഷണവുമില്ല ” ഡോക്ടർ തന്റെ ആശ്ചര്യം മറച്ചുവച്ചില്ലെന്നു മാത്രമല്ല ആ ഞായറാഴ്ച ചാപ്പലിൽ ആദ്യമായി യോഗത്തിനു വരികയും ചെയ്തു. ചില മാസങ്ങൾ കഴിഞ്ഞപ്പോൾ അത്യാസന്ന നിലയിലുള്ള ഒരു ക്ഷയരോഗിയെ പരിശോധിച്ചിട്ട് ഡോക്ടർ അദ്ദേഹത്തോടു പറഞ്ഞതിങ്ങനെ :“നോക്കുക. ഒരു ഡോക്ടർക്ക് ഇനിയും നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാനില്ല. നിങ്ങൾ പോയി കർത്താവിനെക്കൂടി ഒന്നു പരീക്ഷിച്ചു നോക്കുക”. രോഗി അത്ഭുതപ്പെട്ടു നിന്നപ്പോൾ ഡോക്ടർ വീണ്ടും പറഞ്ഞു. “ഞാൻ ബോധ്യത്തോടാണു പറഞ്ഞത്.നിങ്ങൾ പോയി കർത്താവിനെക്കൂടി ഒന്നു ട്രൈ ചെയ്തു നോക്ക് ”.

സൗഖ്യത്തിനുശേഷം ഈ വിജയത്തിനുപിന്നിലെ മധ്യസ്ഥതയുടെ പാത വീണ്ടും പരിശോധിക്കപ്പെട്ടു. (ജോ ക്രിസ്തീയ ശുശ്രൂഷയിലേക്കു പ്രവേശിച്ചു. നേരത്തെ തന്നെ അവന് അങ്ങനെയൊരു വിളിയുണ്ടായിരുന്നു.) റീസ് മടങ്ങി വന്ന ശേഷം ചുമച്ച് രക്തം തുപ്പിയപ്പോൾ ജോയൊടുള്ള അടുത്ത സംസർഗം തന്നെ രോഗിയാക്കിയിരിക്കുന്നതായി റീസ് തിരിച്ചറിഞ്ഞു. എന്നാൽ ആന്തരിക സമാധാനത്തിന് ഒരു കുറവും അനുഭവപ്പെട്ടില്ല. ചെയ്തതിനെക്കുറിച്ച് ഒരു പശ്ചാത്താപവും തോന്നിയില്ല. ചില ആഴ്ച കഴിഞ്ഞപ്പോൾ വിചാരിച്ചതുപോലെ ഗൗരവമുള്ളതല്ല റീസിന്റെ സ്ഥിതിയെന്നും വ്യക്തമായി.തന്റെ സമർപ്പണം യഥാർത്ഥമാണെന്നു റീസിനു ഹൃദയത്തിൽ തികഞ്ഞ ബോധ്യം ലഭിക്കാൻ ജോയുടെ സൗഖ്യവും ഈ സംഭവങ്ങളും ഇടയാക്കി.

(തുടരും)





Youth Section




# The Greatest Person Who Ever Lived

Sandeep Poonen

***Question:***

Why is Jesus so unique and special to you? How can you possibly say that He is the only way?

***Answer:***

This is one of the most frequently-asked questions that non-Christians have about the Christian faith. The very name of our religion has the name of Jesus Christ embedded in it, and there is no doubt that Jesus is central to the Christian faith.

Now most people will readily agree that Jesus was a very special person who brought a remarkable message of forgiveness and love (through His life and His words). But most people also struggle to embrace His claims of utter exclusivity. Jesus is a venerated prophet in Islam as well, but only Christians call Him the Messiah, the Savior for the world, and the Son of God. The words of Jesus in John 14:6 are probably some of the toughest words for non-Christians to embrace: *Jesus said to him, “I am the way, and the truth, and the life; no one comes to the Father but through Me.”*

So the question why Jesus is so special is a very important one for all Christians to think about.

And when Christians are asked about John 14:6, many find it very difficult to answer. So I want to share my present thoughts on this. For many years, John 14:6 and Jesus being the only way to God were very troublesome ideas for me to properly explain. To be sure, it is hard even now to try to graciously explain the exclusivity of the Christian message, without making those who are not Christians feel unfairly excluded!

But I want to give you a personal answer. In the past, I think I tried various other approaches – philosophical, historical, theological, etc. And when I say

personal, I don't mean a personal testimony where I saw Jesus in a vision or heard a voice in the middle of the night. No, I just don't think I ever really personalized the life of Jesus as it compared to my life – so that I also really knew why I was completely willing to follow Him.

I've heard it said that Larry King, an American news anchor, famously said that if there was one question he could ask Jesus Christ, it would be if He was indeed virgin-born. And the reasoning behind this is that if the virgin birth really happened (as Christians believe about Jesus), then everything else about Jesus is probably also true.

While I agree that this is a critical part about the miraculous nature of Jesus, I don't quite agree with Larry King, because the virgin birth is a one-time miracle. A one-time miracle is within the realm of believability. However, I see a far more unfathomable truth that is described in the Bible. It is a million times harder to fathom than even John 14:6.

For me, the hinge on which every door in my Christian life swings open, is this truth about Jesus found in ***Hebrews 4:15 – For we do not have a high priest who cannot sympathize with our weaknesses, but One who has been tempted in all things as we are, yet without sin***.

The statement in the second half of this verse is what I want to highlight: This person Jesus was tempted in all things as we are, and yet did not sin even once.

The Bible tells me that God cannot be tempted (James 1:13). So while Jesus never stopped being fully God while here on earth (He accepted worship which is reserved only for God), He was also "fully man" and here's a key reason why – He was tempted in all points as we are. So He was tempted as a man, and overcame as a man, not God.

So Jesus lived for 33+ years, and was tempted throughout His life – in all things, just as we are.But the incredible news is that Jesus did not sin even once.

Can you even imagine that? Have you tried to live for one hour without sinning once? I don't know of anybody else of whom such a claim has ever been made. We almost implicitly accept that to be human is to fall into sin from time to time. But this is where Jesus stands unique. He was fully human in the arena of temptations. But because He ALWAYS depended on the power of the Holy Spirit, He never sinned once. He did not have a superhuman moral strength as a human. No, He just lived throughout His life with a complete dependence on the Holy Spirit.